# ജീവദീപ്തി

jeevadeepthi@gmail.com

October 2026 Book 10 Volume 16



സ്നേഹ ഗായകന്
ജൂബിലി പ്രണാമം

# ചെറുപുഷ്പ ദേവാലയം

## കലൂർ, പൊറ്റക്കുഴി, വരാപ്പുഴ അതിരൂപത

# നൂറിന്റെ നിറവിൽ

## 1926 - 2026









അപേക്ഷിച്ചാൽ... സ്വർഗ്ഗത്തിൽ നിന്നും
അനുഗ്രഹത്തിന്റെ റോസാപുഷ്പങ്ങൾ
വർഷിക്കുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ
ഏഷ്യയിലെ ആദ്യത്തെ ദേവാലയവും,
വരാപ്പുഴ അതിരൂപതയിലെ
പ്രമുഖ ദേവാലയവുമായ

**ചെറുപുഷ്പ ദേവാലയത്തിന്**

100 വർഷങ്ങൾ തികയുന്നു.

പുണ്യവതിയുടെ അനുഗ്രഹത്തിനായി
ഈ പുണ്യഭൂവിലേക്ക് ഏവരെയും
പ്രാർത്ഥനാപൂർവ്വം സ്വാഗതം ചെയ്യുന്നു....









ഫാ. പാട്രിക് ഇലവുങ്കൽ
(വികാരി)



ഫാ. അലൻ ആന്റണി പുതിയകുളങ്ങര
(സഹവികാരി)



ഫാ. ജോസഫ് അനു
അരശ്ശേരിൽ SCJ

**കൊച്ചിൻ ചവിട്ടുനാടക കളരി**
അവതരിപ്പിക്കുന്നു
**പന്തിയോസ് പീലാത്തോസ്**

**ശതാബ്ദി ആഘോഷങ്ങളുടെ സമാപനം 2026 ഒക്ടോബർ 25 ഞായറാഴ്ച**

ദിവ്യബലി ■ സാംസ്കാരിക സമ്മേളനം ■ ചവിട്ട് നാടകം

# അന്യരാജ്യങ്ങളിലേക്ക് കുടിയേറുന്ന നമ്മുടെ മക്കൾ



ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

കേരളത്തിലെ കത്തോലിക്കാ സഭ ഇന്ന് അവളുടെ ചരിത്രത്തിലെ ഏറ്റവും കഠിനവും നിർണ്ണായകവുമായ ഒരു നിലനിൽപ്പ് പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നൂറ്റാണ്ടുകളായി ഈ നാടിന്റെ സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക, ആത്മീയ മേഖലകളുടെ നട്ടെല്ലായി നില കൊണ്ട മാതൃസഭ, ഇന്ന് സ്വന്തം യുവജനങ്ങളുടെ വൻതോതിലുള്ള വിദേശ കുടിയേറ്റവും ജന സംഖ്യാ തകർച്ചയും കാരണം അടിത്തറയിളകുന്ന അവസ്ഥയിലാണ്.

വിവിധ കത്തോലിക്കാ രൂപതകൾ നടത്തുന്ന സർവേകൾ വ്യക്തമാക്കുന്നത്, ഇടവകകളിലെ ഇരുപതിനും മുപ്പത്തിരണ്ടിനും ഇടയിൽ പ്രായമുള്ള യുവാക്കളിൽ എഴുപത് ശതമാനത്തിലധികവും ഇന്ന് നാടുവിട്ടു കഴിഞ്ഞു എന്നാണ്. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച തൊഴിലവസരങ്ങൾക്കുമായി കാനഡ, യുകെ, ഓസ്ട്രേലിയ, ഗൾഫ് നാടുകൾ എന്നിവിടങ്ങളിലേക്ക് യുവാക്കൾ കൂട്ടത്തോടെ ചേക്കേറുകയാണ്. ഇതിനോടൊപ്പം കത്തോലിക്കാ കുടുംബങ്ങളിൽ കുത്തനെ കുറഞ്ഞുവരുന്ന ജനനനിരക്ക് കൂടിയാകുമ്പോൾ, തകർച്ചയുടെ ആഘാതം ഇരട്ടിയാകുന്നു. അരനൂറ്റാണ്ട് മുൻപ് കേരള ജനസംഖ്യയുടെ ഇരുപത്തൊന്ന് ശതമാനമുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ അനുപാതം ഇന്ന് പതിനെട്ട് ശതമാനത്തിലും താഴേക്ക് കൂപ്പുകുത്തിയിരിക്കുന്നു. പ്രൊഫഷണൽ രംഗങ്ങളിലെ മികവും ആഗോള സാന്നിധ്യവും കാരണം മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് കത്തോലിക്കാ യുവാക്കളിലാണ് ഈ കുടിയേറ്റ നിരക്ക് ഏറ്റവും ഉയർന്ന നിലയിലുള്ളത്.

ഈ പ്രതിസന്ധി നമ്മുടെ പ്രാദേശിക ഇടവകകളിൽ ഉണ്ടാക്കുന്ന ആഘാതം വളരെ ആഴ മുള്ളതും ആശങ്കാജനകവുമാണ്. ഞായറാഴ്ചകളിലെ മതബോധന ക്ലാസുകളിലും കെ.സി.വൈ.എം. പോലുള്ള യുവജന പ്രസ്ഥാനങ്ങളിലും പണ്ടെന്നത്തേക്കാളും അംഗബലം കുറഞ്ഞിരിക്കുന്നു. ദൈവാലയങ്ങളിലെ അൾത്താര ശുശ്രൂഷയിലും ക്വയറുകളിലും സജീവമായി നിൽക്കാൻ പോലും ആളില്ലാത്ത അവസ്ഥയാണ്. ഒരുകാലത്ത് കുട്ടികളുടെയും യുവാക്കളുടെയും ശബ്ദത്താൽ മുഖരിത മായിരുന്ന പല ഇടവകകളും ഇന്ന് വയോധികർ മാത്രം ശേഷിക്കുന്ന വിജനമായ കൂട്ടായ്മകളായി മാറിക്കൊണ്ടിരിക്കുന്നു.

മക്കൾ ജീവനോപാധി തേടി കടൽ കടക്കുന്നതോടെ നാട്ടിൽ ഒറ്റപ്പെട്ടു പോകുന്ന മാതാപിതാ ക്കളുടെ ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ സഭയ്ക്ക് വലിയൊരു സഹനഭാരമായി മാറുന്നു. രോഗാവസ്ഥകളിലും വാർദ്ധക്യത്തിലും പരിചരിക്കാൻ മക്കളില്ലാതെ, സ്വന്തം വീടുകളിൽ തനിച്ചാകുന്ന മാതാപിതാക്കളുടെ മാനസിക സമ്മർദ്ദവും അനാഥത്വവും സഭയുടെ ഫാമിലി അപ്പസ്തോലേറ്റിന് പരിഹരിക്കാനാകാത്ത പുതിയ വെല്ലുവിളികൾ ഉയർത്തുന്നു.

അതോടൊപ്പം, കത്തോലിക്കാ സഭയുടെ ഭാവി നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന മറ്റൊന്നുമാണ് ദൈവവിളികളിലെ വലിയ കുറവ്. കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം ഒന്നോ രണ്ടോ മാത്രമായി ചുരുങ്ങിയതും, ഉള്ള ചെറുപ്പക്കാർ വിദേശത്തേക്ക് ചേക്കേറുന്നതും സെമി നാരികളിലേക്കും മഠങ്ങളിലേക്കുമുള്ള ദൈവവിളികളുടെ എണ്ണത്തിൽ വൻ ഇടിവുണ്ടാക്കിയിരിക്കുന്നു.

ഒരുകാലത്ത് ലോകമെമ്പാടുമുള്ള മിഷൻ മേഖലകളിലേക്ക് വൈദികരെയും കന്യാസ്ത്രീകളെയും അയച്ചിരുന്ന കേരള സഭ, ഭാവിയിൽ സ്വന്തം ഇടവകകളിൽ ശുശ്രൂഷ ചെയ്യാൻ പോലും ആളില്ലാത്ത കടുത്ത ആൾക്ഷാമത്തിലേക്ക് കൂപ്പുകുത്തുകയാണ്.

സാമ്പത്തികമായി നോക്കിയാൽ, വിദേശത്തുനിന്നുള്ള പണം കുടുംബങ്ങളിലേക്ക് എത്തുമായിരിക്കാം. എന്നാൽ ആത്മീയമായും സാമൂഹികമായും കേരളത്തിലെ കത്തോലിക്കാ സഭ അതിന്റെ വേരുകൾ നഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ഇടവക കൂട്ടായ്മകളുടെ ജീവസ്സുറ്റ അന്തരീക്ഷം നഷ്ടപ്പെടുകയും, സഭാപരമായ കൂട്ടായ്മകളിൽ പങ്കാളിത്തം കുറയുകയും ചെയ്യുന്നത് മാതൃസഭയുടെ ഭാവി പ്രതിസന്ധിയിലാക്കുന്നു.

എങ്കിലും, ലോകത്തിന്റെ ഏത് കോണിലേക്ക് ചിതറിക്കപ്പെട്ടാലും തങ്ങളുടെ വിശ്വാസവും സഭാപാരമ്പര്യവും നെഞ്ചോട് ചേർത്തുപിടിക്കുന്ന മലയാളി കുടിയേറ്റക്കാരിലൂടെ കത്തോലിക്കാ സഭയുടെ ആഗോള ആത്മീയ ദൗത്യം പുതിയ നാടുകളിൽ പുനർജനിക്കും എന്ന പ്രതീക്ഷ മാത്രം ബാക്കിയാകുന്നു.

# ജീവദീപ്തി
JEEVADEEPTHI

October 2026 Vol 16 Book 10



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

ചീഫ് എഡിറ്റർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



06





01

പരിശുദ്ധ ജപമാല:
സൗഖ്യമേകുന്ന പ്രാർത്ഥന

മനസ്സിനും ശരീരത്തിനും ആത്മാ വിനും ഒന്നുപോലെ ശാന്തിയും പ്രശാന്തതയും പകരുന്ന അദ്ഭുത കരമായ ദൈവിക സമ്മാനമാണ് പരിശുദ്ധ ജപമാല.


## ജന്മദിനാശംസകൾ





October 06 ● ● October 10

## ജപമാല വന്ന വഴി

കത്തോലിക്കാ സഭയുടെ ആത്മീയ
ജീവിതത്തിലും പ്രാർത്ഥനാ
പാരമ്പര്യത്തിലും ഏറ്റവും പ്രമുഖമായ



04

## ജപമാലഭക്തി

നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒക്ടോബർ
മാസം ആഗതമാകുകയാണ്. ജപമാല
യിലെ മുത്തുമണികൾപോലെ,





## ജപമാല: ചരിത്രത്തെ സ്വാധീനിച്ച ദിവ്യസൗഖ്യം

കത്തോലിക്കാ സഭയുടെ
വളർച്ചയിലും ആത്മീയ
മുന്നേറ്റത്തിലും അൽമായർ

11


സെന്റ് ആൽബർട്സും കളിക്കളവും........13
ഗാന്ധിയെ തേടി........16
ജപമാല........17
വിശുദ്ധ ഫ്രാൻസിസിന്റെ പ്രഭയിൽ........10
ഫ്രാൻസിസ് ഒരു പര്യായപദമാണ്!........19
അസ്സീസിയുടെ പ്രകൃതിദർശനവും........23
ഫ്രാൻസിസ്........25
ശൂന്യമായ കസേര........26
ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന........28
ചരിത്ര വിളക്ക്........30
Students forum........33
വാർത്തകൾ........35
ബൈബിൾ വിചിന്തനം........38
പിൻമൊഴി........40

# ജപമാലഭക്തി



**ആർച്ച്ബിഷപ്പ്**
**ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
(വരാപ്പുഴ അതിരൂപത
മെത്രാപ്പോലീത്ത)



നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒക്ടോബർ മാസം ആഗതമാകുകയാണ്. ജപമാലയിലെ മുത്തുമണികൾപോലെ, സ്നേഹത്തിന്റെ നൂലിൽ കോർക്കപ്പെട്ട മുത്തുകളായി നാം കുടുംബങ്ങളിലും ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സാഘോഷമായി ജപമാല ചൊല്ലി പ്രാർഥിക്കുന്ന പുണ്യമാസം.

പരിശുദ്ധ മറിയത്തോടുള്ള നമ്മുടെ സ്നേഹവും ഭക്തിയും ആദരവും പ്രകടിപ്പിക്കാനും മാധ്യസ്ഥ്യവും സംരക്ഷണവും യാചിക്കാനും ഏറ്റവും ശ്രേഷ്ഠവും ഫലദായകവും പരിശുദ്ധ അമ്മയ്ക്ക് ഏറ്റവും പ്രീതികരവുമായ പ്രാർഥനയാണ് ജപമാല. നാം അനുദിനം

ജപമാല ചൊല്ലി പ്രാർഥിക്കുന്നവരാണെങ്കിലും ജപമാലഭക്തിയിൽ കുറെക്കൂടി ആഴപ്പെടാനും ജപമാല പ്രാർഥന ചൊല്ലിക്കൊണ്ട് സ്വർഗീയമായ അനുഗ്രഹങ്ങൾ പ്രാപിക്കുവാനുമുള്ള അവസരമാണ് ഒക്ടോബർ മാസത്തിൽ നമുക്ക് ലഭിക്കുന്നത്. കുഞ്ഞുനാൾ മുതൽ നാം ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു പ്രാർഥനാനുഭവമാണിത്. നമ്മുടെ അപ്പൂപ്പന്മാരോടും അമ്മൂമ്മമാരോടും മാതാപിതാക്കളോടുമൊപ്പം നന്നേ വെളുപ്പിനും സായംകാലങ്ങളിലും പ്രത്യേക കൊന്തനമസ്കാരത്തിൽ പങ്കെടുക്കാൻ ദൈവാലയങ്ങളിലേക്ക് പോയ ഓർമ്മകൾ നമുക്ക് വീണ്ടെടുക്കാം. വിശുദ്ധമായ ഈ പാരമ്പര്യത്തിന്റെ സമ്പന്നമായ പൈതൃകത്തിന്റെ തനിമ ഒട്ടും ചോർന്നുപോകാതെ പുതു തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നമുക്ക് പരിശ്രമിക്കാം.

***ലോകസമാധാനത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ട് അനുദിനം ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. സമാധാനത്തിന്റെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ശക്തമായ മാധ്യസ്ഥ്യത്താൽ ഇന്ന് പശ്ചിമേഷ്യയിലും മറ്റും നിലനിൽക്കുന്ന സംഘർഷങ്ങളും യുദ്ധഭീതിയും ഒഴിഞ്ഞ് ലോകത്ത് സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതിനും മനുഷ്യരാശിയുടെ മഹത്വത്തിന് പ്രാധാന്യം നൽകുന്ന സമീപനങ്ങൾ രാഷ്ട്രനേതാക്കളിൽ നിന്നും ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാകുന്നതിനും വേണ്ടി ഈ ഒക്ടോബർ മാസത്തിൽ നമുക്ക് ജപമാല ചൊല്ലി പ്രാർഥിക്കാം.***

12,13 നൂറ്റാണ്ടുകളിൽ കത്തോലിക്കാ സഭയുടെ പ്രധാന പഠനങ്ങളെയും വിശ്വാസസംഹിതകളെയും നിഷേധിച്ച ആൽബിജെൻസിയൻ പാഷണ്ഡതയെ തോൽപ്പിക്കുന്നതിന് ജപമാല ചൊല്ലി പ്രാർഥിക്കുവാൻ വിശുദ്ധ ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് നിർദ്ദേശം നൽകിയതും എങ്ങിനെ ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് പഠിപ്പിച്ചതും പരിശുദ്ധ അമ്മ തന്നെയാണ്. വിശുദ്ധ ഡൊമിനിക്കും അദ്ദേഹം സ്ഥാപിച്ച സഭയിലെ അംഗങ്ങളും ജപമാലഭക്തിയുടെ പ്രചാരകരായി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ പല വിധ അബദ്ധസിദ്ധാന്തങ്ങളാലും അനേകം യുദ്ധങ്ങളാലും ധാർമ്മിക അധഃപതനങ്ങളാലും സഭ ഞെരുക്കപ്പെട്ടപ്പോഴെല്ലാം പാപ്പാന്മാരും വിശുദ്ധരും ആശ്രയം തേടിയത് പരിശുദ്ധ ജപമാല പ്രാർഥനയിലാണ്.

1571-ൽ കൊറിന്ത് ഉൾക്കടലിൽ നടന്ന നാവികയുദ്ധത്തിൽ യൂറോപ്പു മുഴുവൻ അന്ധവിശ്വാസത്തിന്റെയും കിരാതത്വത്തിന്റെയും ഇടമാകാൻ വേണ്ടി വിപുലമായ സൈനിക ശക്തിയോടെ വന്ന ഓട്ടോമൻ സാമ്രാജ്യശക്തിയെ താരതമ്യേന അശക്തരായിരുന്ന ക്രിസ്ത്യൻ സൈന്യത്തിന് തോൽപ്പിക്കാൻ സാധിച്ചത് വിശുദ്ധ പീയൂസ് അഞ്ചാമൻ പാപ്പായുടെ നേതൃത്വത്തിൽ സഭ ഒരു കുടുംബമായി തുടർച്ചയായി ജപമാല ചൊല്ലി പരിശുദ്ധ മറിയത്തിന്റെ പ്രത്യേക സംരക്ഷണം തേടിയതുകൊണ്ട് മാത്രമായിരുന്നു. ആ വിജയത്തിന്റെ ഓർമ്മയ്ക്കായി 'വിജയമാതാവിന്റെ' ബഹുമാനാർത്ഥം ഒരു തിരുനാൾ ആഘോഷിക്കണമെന്ന് 5-ാം പീയൂസ് പാപ്പാ ആഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ഗ്രിഗറി 13-ാമൻ പാപ്പാ ആ തിരുനാൾ 'പരിശുദ്ധ ജപമാല' യുടെ തിരുനാളായി സഭയിൽ സ്ഥാപിക്കുകയും, ഒക്ടോബർ 7-ാം തീയതി തിരുനാൾ ദിനമായി നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് 'ജപമാലയുടെ പാപ്പാ' എന്നറിയപ്പെടുന്ന ലിയോ 13-ാമൻ പാപ്പാ ഒക്ടോബർ മാസം മുഴുവൻ പരിശുദ്ധ ജപമാല രാജ്ഞിയ്ക്ക് പ്രതിഷ്ഠിച്ചു. അങ്ങിനെയാണ് ഒക്ടോബർ മാസം മുഴുവൻ സാഘോഷം ജപമാല ചൊല്ലി പ്രാർഥിക്കുന്ന രീതിക്ക് ആരംഭം കുറിച്ചത്. സ്നേഹമുള്ളവരേ, വിശുദ്ധമായ ഈ പാരമ്പര്യം നമുക്ക് ഭക്തിപൂർവ്വം തുടരാം.

*നാം കുടുംബങ്ങളിൽ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർഥിക്കുമ്പോഴുണ്ടാകുന്ന ഫലത്തെക്കുറിച്ച് മരിയഭക്തനായ 12-ാം പീയൂസ് പാപ്പാ പറയുന്നത് ഇപ്രകാരമാണ്. 'മാതാപിതാക്കളും മക്കളും ഹൃദയ ഐക്യത്തോടെ കന്യകാമാതാവിന്റെ രൂപത്തിനു മുമ്പിൽ ഒരുമിച്ചു കൂടി ജപമാല ചൊല്ലുന്നു. അത് അവിടെ സന്നിഹിതരല്ലാത്തവരും മരണമടഞ്ഞവരുമായ അംഗങ്ങളോടും അവരെ ഐക്യപ്പെടുത്തുന്നു. പരിശുദ്ധ കന്യക, സ്നേഹപൂർണ്ണമായ ഒരമ്മയെപ്പോലെ തന്റെ മക്കളുടെ മധ്യത്തിൽ സന്നിഹിതരായിരിക്കും. അപ്പോൾ ക്രൈസ്തവ കുടുംബം നസ്രത്തില തിരുക്കുടുംബം പോലെ വിശുദ്ധിയുടെ കേന്ദ്രമായിത്തീരും, അത് ഒരു വിശുദ്ധ ദൈവാലയമായി മാറും.' അങ്ങനെ ഒരു കുടുംബമായി ഒരുമിച്ചിരുന്ന് ജപമാല ചൊല്ലുന്ന നമ്മുടെ കുടുംബങ്ങൾ വിശുദ്ധ ദൈവാലയങ്ങളായി രൂപാന്തരപ്പെടട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.*

'ജപമാലയുടെ അപ്പോസ്തലൻ' എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട ബർത്തലേ ലോംഗോയുടെ ഹൃദയസ്പർശിയായ പ്രാർഥനയോടെ ഞാൻ ഉപസംഹരിക്കുകയാണ്-മറിയത്തിന്റെ വാഴ്ത്തപ്പെട്ട ജപമാലയെ, ഞങ്ങളെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന ചങ്ങലയെ, മാലാഖമാരോട് ഞങ്ങളെ ഒന്നിപ്പിക്കുന്ന സ്നേഹമേ, ജപമാല രാജ്ഞീ, ഏറ്റവും പ്രിയപ്പെട്ട അമ്മേ, പാപികളുടെ സങ്കേതമേ, പീഡിതരുടെ ആശ്വാസമെ, ഞങ്ങളുടെ അവസാനവാക്ക് നിന്റെ നാമം ആയിരിക്കും. നീ എല്ലായിടത്തും, ഭൂമിയിലും സ്വർഗത്തിലും വാഴ്ത്തപ്പെട്ടവളാകട്ടെ.

# ജപമാല വന്ന വഴി



**ഡോ. സ്റ്റാൻലി
മാതിരപ്പിള്ളി**

കത്തോലിക്കാ സഭയുടെ ആത്മീയ ജീവിതത്തിലും പ്രാർത്ഥനാ പാരമ്പര്യത്തിലും ഏറ്റവും പ്രമുഖമായ സ്ഥാനമാണ് ജപമാലയ്ക്കുള്ളത്. എന്നാൽ, പലപ്പോഴും വിശ്വസിക്കപ്പെടു ന്നതുപോലെ ഒരു പ്രത്യേക കാലഘട്ടത്തിൽ പെട്ടെന്നുണ്ടായ ഒരു പ്രാർത്ഥനാരീതിയല്ല ഇത്. മറിച്ച്, നൂറ്റാണ്ടു കളിലൂടെ രൂപപ്പെട്ടുവന്ന സങ്കീർണ്ണവും എന്നാൽ മനോഹരവുമായ ഒരു ദൈവശാസ്ത്ര-ചരിത്ര പരമായ വികാസ പരിണാമത്തിന്റെ ഫലമാണ് ഇന്ന് നാം ഉപയോഗിക്കുന്ന ജപമാല.

ലളിതമായ ഒരു എണ്ണൽ രീതിയായി തുടങ്ങി, *നൂറ്റാണ്ടുകളിലൂടെ സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായി വളർന്ന ചരിത്രം അതിനുണ്ട്. അതുകൊണ്ടുതന്നെ ജപമാല വെറുമൊരു പ്രാർത്ഥന മാത്രമല്ല, ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനവും, മാനസിക സമാധാനത്തിനുള്ള ഉപാധിയും, കത്തോലിക്കാ സഭയുടെ ആത്മീയ ആയുധവുമാണ്. മറിയത്തിന്റെ കണ്ണുകളിലൂടെ യേശുക്രിസ്തുവിന്റെ മുഖം ദർശിക്കാനുള്ള ക്രിസ്തുകേന്ദ്രീകൃതമായ (Christocentric) പ്രാർത്ഥന യാണ് ജപമാല.*

### ആദ്യകാല വേരുകൾ: സങ്കീർത്തനങ്ങളുടെ പാരമ്പര്യം

ജപമാലയുടെ ആദിമ രൂപം സന്ന്യാസ പാരമ്പര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യകാല

ക്രിസ്ത്യൻ സന്ന്യാസിമാർ (Monks) ദിനംപ്രതി 150 സങ്കീർത്തനങ്ങൾ (Psalms) ചൊല്ലി പ്രാർത്ഥി ക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ, അക്ഷരാഭ്യാസമില്ലാത്ത സാധാരണക്കാരായ സന്ന്യാസ സഹോദരങ്ങൾക്കും അത്മായർക്കും 150 സങ്കീർത്തനങ്ങൾ കാണാതെ ചൊല്ലുക അസാധ്യമായിരുന്നു.

ഇതിനൊരു പരിഹാരമായി, 150 സങ്കീർത്തനങ്ങൾക്കു പകരം 150 'സ്വർഗ്ഗസ്ഥനായ പിതാവേ' (Pater Noster) എന്ന പ്രാർത്ഥന ചൊല്ലുന്ന രീതി നിലവിൽ വന്നു. എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി നൂലിൽ കെട്ടുകളിട്ടോ, ചെറിയ കല്ലുകൾ അല്ലെങ്കിൽ മരമണികൾ കോർത്തോ ഉപയോഗിച്ചു തുടങ്ങി. ഇതാണ് 'പാത്തെർ നോസ്തെർ മണികൾ' (Pater Noster beads) എന്നറിയപ്പെട്ടത്.

***മരിയൻ ഭക്തിയുടെ സ്വാധീനവും 'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനയും***

പന്ത്രണ്ടാം നൂറ്റാണ്ടോടെ സഭയിൽ മരിയൻ ഭക്തി വർദ്ധിക്കുകയും, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയ്ക്ക് പകരം 'നന്മനിറഞ്ഞ മറിയമേ' (Ave Maria) എന്ന പ്രാർത്ഥന ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു. ഈ പ്രാർത്ഥനയുടെ ആദ്യഭാഗം പൂർണ്ണമായും ലൂക്കായുടെ സുവിശേഷത്തിൽ നിന്നുള്ള രണ്ടു വചനങ്ങളുടെ കൂട്ടിച്ചേർക്കലാണ്. ഒന്ന്, ഗബ്രിയേൽ മാലാഖയുടെ മംഗളവാർത്ത (ലൂക്കാ 1:28), 'നന്മനിറഞ്ഞ മറിയമേ സ്വസ്തി! കർത്താവ് നിന്നോടു കൂടെ' എന്നതും; രണ്ടാമത്തേത്, എലിസബത്തിന്റെ അഭിവാദ്യം (ലൂക്കാ 1:42), 'സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു. നിന്റെ ഉദരഫലമായ ഈശോയും അനുഗൃഹീതനാകുന്നു' എന്നതും. പതിനൊന്നാം നൂറ്റാണ്ടോടെയാണ് ഈ രണ്ടു വചനങ്ങൾ ഒന്നിച്ചുചേർത്ത് ഒരു

*സങ്കീർത്തനങ്ങളുടെ ആത്മീയ പകരക്കാരനായി തുടങ്ങി, സുവിശേഷ വചനങ്ങളും സഭയുടെ വിശ്വാസാനുഭവങ്ങളും കോർത്തിണക്കി രൂപപ്പെട്ട 'നന്മനിറഞ്ഞ മറിയമേ' എന്നു തുടങ്ങുന്ന പ്രാർത്ഥന, ജപമാലയെ വെറുമൊരു വാചിക പ്രാർത്ഥനയല്ലാതെ ക്രിസ്തുവിലേക്കുള്ള ആഴമുള്ള ധ്യാനമാക്കി മാറ്റുന്നു.*

പ്രാർത്ഥനയായി സന്ന്യാസ ആശ്രമങ്ങളിലും ദേവാലയങ്ങളിലും സങ്കീർത്തനങ്ങൾക്ക് പകരം ചൊല്ലാൻ തുടങ്ങിയത്. ഈ പ്രാർത്ഥനയിൽ, 'ഈശോ' എന്ന തിരുനാമം കൂട്ടിച്ചേർക്കൽ നടന്നത് പതിമൂന്നാം നൂറ്റാണ്ടിലാണ്.

ആദ്യകാലങ്ങളിൽ പ്രാർത്ഥന, 'നിന്റെ ഉദരഫലമായ ഫലം വാഴ്ത്തപ്പെട്ടതാകുന്നു' എന്ന് മാത്രമായിരുന്നു. ഏകദേശം 1261-ൽ അർബൻ നാലാമൻ പാപ്പയുടെ കാലത്ത്, പ്രാർത്ഥനയുടെ മധ്യത്തിൽ 'ഈശോ' (Jesus) എന്ന നാമം കൂടി കൂട്ടിച്ചേർത്തു. ഇതോടെ പ്രാർത്ഥനയുടെ ശ്രദ്ധാകേന്ദ്രം ക്രിസ്തുവാണെന്ന് കൂടുതൽ വ്യക്തമായി. അത് മറിയത്തോടുള്ള പ്രാർത്ഥനയാണെങ്കിലും, അതിന്റെ കേന്ദ്രം 'ഈശോ' എന്ന തിരുനാമമാണ്. എലിസബത്ത് മറിയത്തെ 'എന്റെ കർത്താവിന്റെ അമ്മ' (ലൂക്കാ 1:43) എന്ന് വിളിച്ചതുപോലെ, മറിയത്തെ ദൈവമാതാവായി (Theotokos) അംഗീകരിച്ച്, ജീവിതത്തിലും മരണസമയത്തും അമ്മയുടെ മാധ്യസ്ഥ്യം തേടുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ 'Rosarium Virginis Mariae' എന്ന എഴുത്തിൽ വ്യക്തമാക്കിയതുപോലെ, 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയുടെ ആവർത്തനം ഒരു ആത്മീയ ശ്വാസോച്ഛ്വാസം പോലെയാണ്. ഇത് മനസ്സിനെ ശാന്തമാക്കാനും, യേശുവിന്റെ ജീവിതരഹസ്യങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാനും വിശ്വാസിയെ സഹായിക്കുന്നു.

പ്രാർത്ഥനയുടെ രണ്ടാം ഭാഗമായ 'പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ,' എന്നതിന് പിന്നീട് പതിനാറാം നൂറ്റാണ്ടിൽ, അതായത് 1568-ൽ പീയൂസ് അഞ്ചാമൻ പാപ്പ ഔദ്യോഗിക അംഗീകാരം നൽകുകയും, സഭയുടെ ആരാധനാക്രമ പുസ്തകത്തിൽ (Roman Breviary) മാറ്റമില്ലാത്ത പ്രാർത്ഥനയായി സ്ഥിരപ്പെടുത്തുകയും ചെയ്തു. 14-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പടർന്നുപിടിച്ച 'ബ്ലാക്ക് ഡെത്ത്' (Black Death) എന്ന മഹാവ്യാധിയുടെ കാലത്ത് ജനങ്ങൾ മരണഭയത്താൽ മറിയത്തിന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിച്ച വരികളാണിത്. ചുരുക്കത്തിൽ, സങ്കീർത്തനങ്ങളുടെ ആത്മീയ പകരക്കാരനായി തുടങ്ങി, സുവിശേഷ വചനങ്ങളും സഭയുടെ വിശ്വാസാനുഭവങ്ങളും കോർത്തിണക്കി രൂപപ്പെട്ട 'നന്മനിറഞ്ഞ മറിയമേ' എന്നു തുടങ്ങുന്ന പ്രാർത്ഥന, ജപമാലയെ വെറുമൊരു വാചിക പ്രാർത്ഥനയല്ലാതെ ക്രിസ്തുവിലേക്കുള്ള ആഴമുള്ള ധ്യാനമാക്കി മാറ്റുന്നു.

***വിശുദ്ധ ഡൊമിനിക്കും ജപമാല ദർശനവും: ചരിത്രപരമായ വസ്തുത***

പരമ്പരാഗതമായി, 1214-ൽ വിശുദ്ധ

### ചിന്താകവിത; കവിതാ ചിന്ത

***എനിക്കെന്താ, പുളിക്ക്യോ?***

*നഗരത്തിലെ ഫ്ളാറ്റിൽ നിന്നു പുറത്തുപോകാൻ നേരം കൗമാരക്കാരൻ പുത്രനോട് പപ്പാ പറഞ്ഞു: ഞാനും മമ്മീം കൂടി ഒരു ഡിന്നർ പാർട്ടിയിൽ പങ്കെടുക്കാൻ പോകുന്നു. രാത്രി ഒമ്പതിനു മുമ്പു വരാൻ പറ്റില്ല. നീയിവിടെ ഗ്രാൻഡ്പായെ നോക്കിക്കൊണ്ട് ഇരുന്നോണം. മുറിവിട്ട് പുറത്തിറങ്ങരുത്, ഓക്കേ?*

*അവർ പൊയ്ക്കഴിഞ്ഞപ്പോൾ പേരക്കുട്ടി ഗ്രാൻഡ്പായോടു പറഞ്ഞു: അതേയ്, എനിക്കൊന്നു സിറ്റിവരെ പോണം. ഒരു പോഷ് കാസിനോയിൽ കയറി, എന്തെങ്കിലും ഒരു ഗെയിം കളിച്ച്, അല്പം ഷാംപെയിനൊക്കെ കഴിച്ച് നല്ല സുന്ദരിക്കുട്ടികളുമായി കുറെനേരം ചാറ്റ് ചെയ്ത്, ത്തിരി ലേറ്റായേ മടങ്ങി വരൂ. ഗ്രാൻഡ്പാ, വല്ല ടീവി സീരിയലും കണ്ട്, വല്ലതും കൊറിച്ച് ഇവിടിരുന്നോണം. പുറത്തിറങ്ങരുത്. ഞാൻ ഫ്രണ്ടിലേം ബാക്കിലേം ഡോർ, പുറത്തുനിന്നു പൂട്ടിയിട്ടു പോകും, ഓക്കേ?*

*ഗ്രാൻഡ്പാ, സഗൗരവം പറഞ്ഞു:*

*ഡേയ്, പയ്യൻ; ഷാംപെയിൻ കഴിച്ച്, സുന്ദരിക്കുട്ടികളുമായി ചാറ്റ് ചെയ്ത് ലേറ്റായി മടങ്ങിയാൽ എനിക്കെന്താ, പുളിക്ക്യോ? ഞാനും പോരുന്നു നിന്റെ കൂടെ. ഹല്ല പിന്നെ....*

*എന്നാറേ, പാവം പയ്യൻ സ്റ്റണ്ടടിച്ചു നിന്നുപോയി...*

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

ഡൊമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കെതിരെ (Albigensian heresy) പോരാടാൻ ജപമാല നൽകി എന്നൊരു വിശ്വാസമുണ്ട്. ആൽബിജെൻസിയൻ പാഷണ്ഡത അല്ലെങ്കിൽ കാത്തറിസം (Catharism) എന്നത് പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ ദക്ഷിണ ഫ്രാൻസിൽ (പ്രത്യേകിച്ച് അൽബി എന്ന നഗരം കേന്ദ്രീകരിച്ച്) പടർന്നുപിടിച്ച പ്രമുഖമായ ഒരു ക്രൈസ്തവവിരുദ്ധ പഠനവും പ്രസ്ഥാനവുമാണ്.

യേശുക്രിസ്തു ഒരു യഥാർത്ഥ മനുഷ്യനായി ജനിക്കുകയോ, കുരിശിൽ മരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഇവർ വാദിച്ചു. കാരണം, തിന്മനിറഞ്ഞ ഭൗതിക ശരീരം സ്വീകരിക്കാൻ ദൈവത്തിന് സാധിക്കില്ല എന്നതായിരുന്നു അവരുടെ സങ്കല്പം. യേശു വെറുമൊരു ആത്മീയ രൂപം മാത്രമായിരുന്നുവെന്ന് ഇവർ വിശ്വസിച്ചു. ഈ തെറ്റായ പഠനം കാരണം വഴിതെറ്റിപ്പോയ ജനങ്ങളെ വീണ്ടും സഭയിലേക്ക് കൊണ്ടുവരുന്നതിനായി വിശുദ്ധ ഡൊമിനിക് തെരുവുകളിലും ഗ്രാമങ്ങളിലും ലളിതജീവിതം നയിച്ചുകൊണ്ട് സത്യവിശ്വാസം പ്രസംഗിച്ചു. ഇതിന്റെ തുടർച്ച യായാണ് അദ്ദേഹം ഡൊമിനിക്കൻ സന്ന്യാസസഭ സ്ഥാപിച്ചത്. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന് പരിശുദ്ധമറിയം ജപമാല നൽകി എന്ന് പരമ്പരാഗത വിശ്വാസം ഉടലെടുത്തത്. എന്നാൽ, ആധുനിക ദൈവശാസ്ത്ര-ചരിത്ര ഗവേഷകർ ഈ വാദത്തെ ഒരു പാരമ്പര്യം മാത്രമായാണ് കാണുന്നത്.

ഡൊമിനിക്കൻ സന്ന്യാസിയായിരുന്ന അലൻ ഡി ലാ റോച്ചേ (Alan de la Roche - 15th Century) ആണ് ഡൊമിനിക്കിനുണ്ടായ ഈ ദർശനം ജനകീയമാക്കിയത്. വിശുദ്ധ ഡൊമിനിക് മരിയൻ പ്രാർത്ഥനകൾ പ്രചരിപ്പിച്ചിരുന്നു എന്നത് സത്യമാണെങ്കിലും, ഇന്നത്തെ രൂപത്തിലുള്ള ജപമാല അദ്ദേഹത്തിന് നേരിട്ട് ലഭിച്ചതാണ് എന്നതിന് അന്നത്തെ ചരിത്രരേഖകളുടെ പിൻബലമില്ല.

***ദൈവരഹസ്യങ്ങളുടെ കൂട്ടിച്ചേർക്കലും ഘടനയും***

പതിനഞ്ചാം നൂറ്റാണ്ടിൽ കാർത്തൂസിയൻ സന്ന്യാസിയായിരുന്ന ഡൊമിനിക് ഓഫ് പ്രഷ്യ (Dominic of Prussia) ആണ് 'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനയോടൊപ്പം യേശുവിന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ ധ്യാനിക്കുന്ന രീതി അവതരിപ്പിച്ചത്. ആദ്യകാലത്ത് വെറുമൊരു വാചിക പ്രാർത്ഥനയായിരുന്ന ജപമാല, തികച്ചും ആഴമേറിയ ക്രിസ്തു കേന്ദ്രീകൃത ധ്യാനമായി മാറിയത് ഈ രഹസ്യങ്ങളുടെ കൂട്ടിച്ചേർക്കലിലൂടെയാണ്. അന്ന് 50 'നന്മനിറഞ്ഞ മറിയമേ' ചൊല്ലുമ്പോൾ, യേശുവിന്റെ ബാല്യകാലം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള 50 വ്യത്യസ്ത കുറിപ്പുകൾ പ്രാർത്ഥനയുടെ അവസാനം ചേർത്തു ചൊല്ലിയിരുന്നു.

ഇങ്ങനെ 50 വ്യത്യസ്ത കുറിപ്പുകൾ യേശുവിന്റെ ഗർഭധാരണം മുതൽ അവിടുത്തെ സ്വർഗ്ഗാരോഹണവും മറിയത്തിന്റെ മഹിമീകരണവും വരെയുള്ള മുഴുവൻ സുവിശേഷ സംഭവങ്ങളെയും കോർത്തിണക്കി ചൊല്ലിയിരുന്നു. അപ്രകാരം, മറിയത്തിന്റെ കണ്ണുകളിലൂടെയും ഹൃദയത്തിലൂടെയും യേശുവിന്റെ ജനനം, ജീവിതം, പീഡാസഹനം, ഉത്ഥാനം എന്നിവ ധ്യാനിക്കുകയാണ് ജപമാലയിൽ ചെയ്തുപോന്നത്. ഓരോ പ്രാർത്ഥനയിലും യേശുവിന്റെ ജീവിതത്തിലെ ഓരോ പുതിയ വിഷയം വരുന്നതിനാൽ, പ്രാർത്ഥിക്കുന്ന ആൾക്ക് മടുപ്പ് തോന്നുകയോ ശ്രദ്ധ തിരിഞ്ഞുപോവുകയോ ഇല്ലായിരുന്നു.

സന്ന്യാസിയായിരുന്ന അലൻ ഡി ലാ റോച്ചേ ഈ 150 ചിന്തകളെ ലളിതമാക്കി 15 പ്രധാന വിഭാഗങ്ങളായി (Decades) തരംതിരിച്ചു. തുടർന്ന് 1569-ൽ പീയൂസ് അഞ്ചാമൻ പാപ്പ 'Consueverunt Romani Pontifices' എന്ന തിരുവെഴുത്തിലൂടെ 150

'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനകളും, 15 സങ്കട–സന്തോഷ-മഹിമയുടെ രഹസ്യങ്ങളും അടങ്ങിയ ജപമാലയുടെ ഔദ്യോഗിക ഘടന സ്ഥിരീകരിച്ചു. സങ്കീർത്തനങ്ങളുടെ ആകെ എണ്ണമായ 150–ന് തുല്യമായി 150 'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനകൾ 15 രഹസ്യങ്ങളായി വിഭജിച്ച് പ്രാർത്ഥിക്കുന്ന രീതി അങ്ങനെ സഭയിൽ സാർവത്രികമായി.

### *ലെപാന്റോ യുദ്ധവും ജപമാല തിരുനാളും*

1571 ഒക്ടോബർ 7–ന് നടന്ന പ്രശസ്തമായ ലെപാന്റോ (Lepanto) നാവിക യുദ്ധത്തിൽ കത്തോലിക്കാ സഖ്യം ഒട്ടോമൻ സാമ്രാജ്യത്തിനെതിരെ വിജയം നേടിയത് ജപമാല പ്രാർത്ഥനയുടെ ശക്തികൊണ്ടാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇതിന്റെ ഓർമ്മയ്ക്കായി പീയൂസ് അഞ്ചാമൻ പാപ്പ ഒക്ടോബർ 7–ന് 'വിജയത്തിന്റെ മാതാവിന്റെ തിരുനാൾ' ആയി പ്രഖ്യാപിച്ചു. പിന്നീട് ഇത് 'പരിശുദ്ധ ജപമാലയുടെ തിരുനാൾ' എന്ന പേരിലേക്ക് മാറ്റപ്പെട്ടു.

### *ആധുനിക വികാസം: പ്രകാശത്തിന്റെ രഹസ്യങ്ങൾ*

നാല് നൂറ്റാണ്ടുകൾക്ക് ശേഷം ജപമാലയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കൂട്ടിച്ചേർക്കൽ നടത്തിയത് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയാണ്. 2002 ഒക്ടോബർ 16–ന് പുറപ്പെടുവിച്ച 'Rosarium Virginis Mariae' (കന്യകാമറിയത്തിന്റെ ജപമാല) എന്ന അപ്പോസ്തോലിക ലേഖനത്തിലൂടെ അദ്ദേഹം പ്രകാശത്തിന്റെ രഹസ്യങ്ങൾ (Luminous Mysteries) എന്ന 5 പുതിയ രഹസ്യങ്ങൾ കൂടി പരിചയപ്പെടുത്തി. പഴയ 15 രഹസ്യങ്ങളിൽ യേശുവിന്റെ ബാല്യകാലവും (സന്തോഷം), പീഡാസഹനവും (സങ്കടം), ഉത്ഥാനാന്തര സംഭവങ്ങളും (മഹിമ) മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ യേശുവിന്റെ മൂന്ന് വർഷത്തെ പരസ്യജീവിതവും അവിടുത്തെ ദൈവരാജ്യ പ്രഘോഷണവും ഇതിൽ വിട്ടുപോയിരുന്നു. ഈ കുറവ് പരിഹരിക്കാനും ജപമാലയെ പൂർണ്ണമായ ഒരു 'സുവിശേഷ സംഗ്രഹം' (Gospel Summary) ആക്കി മാറ്റാനുമാണ് മാമോദീസ, കാനായിലെ അത്ഭുതം, ദൈവരാജ്യ പ്രഘോഷണം, താബോർ മലയിലെ രൂപാന്തരീകരണം, വിശുദ്ധ കുർബാനയുടെ സ്ഥാപനം എന്നീ പരസ്യജീവിത സംഭവങ്ങൾ ഉൾപ്പെടുത്തി പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർത്തത്.

### *153 എന്ന സാർവത്രികത*

പരമ്പരാഗതമായി 15 രഹസ്യങ്ങളുള്ള ജപമാലയിലെ ആകെ 'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനകളുടെ എണ്ണം 153 ആണ്. ഈ 153 എന്ന സംഖ്യ യാദൃച്ഛികമായി ഉണ്ടായതല്ല. ഇതിന് യോഹന്നാന്റെ സുവിശേഷം 21:11–ലെ സംഭവവുമായി ആഴമേറിയ ദൈവശാസ്ത്ര ബന്ധമുണ്ട്. ഉത്ഥാനം ചെയ്ത ഈശോയുടെ നിർദ്ദേശപ്രകാരം പത്രോസ് വലയിടുമ്പോൾ, വലയിൽ കുടുങ്ങിയ വലിയ മത്സ്യങ്ങളുടെ എണ്ണം കൃത്യമായി 153 ആണെന്ന് സുവിശേഷം രേഖപ്പെടുത്തുന്നു. വിശുദ്ധ ലൂയീസ് ഡി മോൺഫോർട്ടിനെ പോലുള്ള പ്രമുഖ മരിയൻ ദൈവശാസ്ത്രജ്ഞർ ജപമാലയിലെ 153 മണികളെ ഈ സുവിശേഷ ഭാഗവുമായി ബന്ധി പ്പിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. പത്രോ സിന്റെ വല സഭയെയും, 153 മത്സ്യ ങ്ങൾ സഭയിലേക്ക് കടന്നുവരുന്ന ലോകത്തിലെ മുഴുവൻ ജനതകളെയും (Universality of the Church) പ്രതിനിധീകരിക്കുന്നു. ജപമാല എന്ന ആത്മീയ വലയിലൂടെ സഭ ലോകമെമ്പാടുമുള്ള മനുഷ്യരെ രക്ഷയിലേക്ക് ആകർഷിക്കുന്നു എന്നതാണ് ഇതിന്റെ ആത്മീയ അർത്ഥം. 2002–ൽ പ്രകാശത്തിന്റെ 5 രഹസ്യങ്ങൾ കൂടി ചേർത്ത തോടെ ഒരു പൂർണ്ണ ജപമാലയിലെ ആകെ 'നന്മനിറഞ്ഞ മറിയമേ' പ്രാർത്ഥനകളുടെ എണ്ണം 203 ആയിട്ടുണ്ട്.

### *ഓ എന്റെ ഈശോയെ! എന്ന പ്രാർത്ഥന*

ജപമാലയിൽ ഓരോ ദശകത്തിന്റെയും (Decade) ഒടുവിൽ 'ത്രിത്വസ്തുതി'ക്ക് ശേഷം ചൊല്ലുന്ന 'ഓ എന്റെ ഈശോയെ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ...' എന്ന് തുടങ്ങുന്ന പ്രാർത്ഥന മാതാവിന്റെ ഫാത്തിമ ദർശനത്തിനുശേഷം കൂട്ടിച്ചേർത്തു. 'ഫാത്തിമ പ്രാർത്ഥന' (Fatima Prayer) അല്ലെങ്കിൽ 'decadic prayer' എന്നാണ് ആഗോളസഭയിൽ അറിയപ്പെടുന്നത്. 1917 ജൂലൈ 13–ന് പോർച്ചുഗലിലെ ഫാത്തിമയിൽ വച്ച് പരിശുദ്ധ കന്യകാമറിയം ലൂസിയ, ഫ്രാൻസിസ്കോ, ജസീന്ത എന്നീ മൂന്ന് ഇടയക്കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴാണ് ഈ പ്രാർത്ഥന ആദ്യമായി നൽകുന്നത്. മാതാവ് കുട്ടികൾക്ക് നരകത്തിന്റെ ഒരു ദർശനം കാണിച്ചുകൊടുത്തു. അതിനുശേഷം, പാപികളുടെ മാനസാന്തരത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ജപമാലയിൽ ഓരോ ദശകവും ചൊല്ലി കഴിയുമ്പോൾ ഈ പ്രാർത്ഥന പ്രത്യേകം കൂട്ടിച്ചേർക്കണമെന്ന് പരിശുദ്ധ അമ്മ കുട്ടികളോട് ആവശ്യപ്പെട്ടു.

### *ജപമാലയിലെ പ്രാരംഭ പ്രാർത്ഥന*

കേരളത്തിലെ കത്തോലിക്കാ സഭയിൽ ജപമാലയുടെ പ്രാരംഭ പ്രാർത്ഥനയായി ഉപയോഗിക്കുന്ന 'അളവില്ലാത്ത സകല നന്മ സ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ...' എന്ന പ്രാർത്ഥന ലത്തീൻ കത്തോലിക്കാ സഭയിലെ പരമ്പരാഗത പ്രാർത്ഥനയായ മനസ്താപപ്രകരണം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് ക്രമീകരിച്ചതാണ്. 16–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 17–ാം നൂറ്റാണ്ടിലുമാണ് ലത്തീൻ രീതിയിലുള്ള ജപമാലക്രമം മലയാളത്തിൽ വ്യാപകമായത്. കേരളത്തിൽ മിഷനറി പ്രവർത്തനങ്ങൾക്കായി എത്തിയ പോർച്ചുഗീസ് – ഈശോസഭ മിഷനറിമാരാണ് ലത്തീൻ ഭാഷയിലുള്ള ജപമാല രീതികളും

ആമുഖ പ്രാർത്ഥന കളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

***ജപമാലയിലെ ലുത്തീനിയയുടെ ചരിത്രം***

12-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ രൂപംകൊള്ളുകയും, ഇറ്റലിയിലെ ലോറെറ്റോ തീർത്ഥാടന കേന്ദ്ര ത്തിൽ ക്രമമായി ഉപയോഗിച്ച തിലൂടെ പ്രചാരം നേടുകയും ചെയ്ത പുരാതന പ്രാർത്ഥന യാണ് ജപമാലയിലെ ലുത്തീനിയ. 1587-ൽ സിക്സ്റ്റസ് അഞ്ചാമൻ പാപ്പ ഔദ്യോഗിക അംഗീകാരം നൽകിയതോടെ ഇത് ജപമാല യോട് ചേർത്ത് സാർവത്രിക സഭയിൽ വ്യാപകമായി ചൊല്ലി ത്തുടങ്ങി. കാലാകാലങ്ങളിൽ നിലവിലിരുന്ന പ്രതിസന്ധിക ളിലും ചരിത്രഘട്ടങ്ങളിലും സഭയെ വഴിനടത്താൻ വിവിധ പാപ്പമാർ മറിയത്തിന്റെ മാതൃത്വ വും വിശുദ്ധിയും പ്രകീർത്തി ക്കുന്ന പുതിയ ശീർഷകങ്ങൾ ഇതിൽ കൂട്ടിച്ചേർത്തുവെങ്കിലും, മരിയൻ ഭക്തിയും സഭയുടെ വിശ്വാസപാരമ്പര്യവും വ്യക്തമാക്കുന്ന മനോഹരമായ പ്രാർത്ഥനയായി ഇത് ഇന്നും തുടരുന്നു

***നൂറ്റാണ്ടുകളിലൂടെ സഭയുടെ ആത്മീയ ആവശ്യങ്ങൾക്കും സുവിശേഷ സത്യങ്ങൾക്കും അനുസൃതമായി വികസിച്ചുവന്നതാണ് ജപമാലയിലെ രഹസ്യ ങ്ങൾ. ദൈവശാസ്ത്രപരമായി പരിശോധിക്കുമ്പോൾ, ജപമാല എന്നത് മറിയത്തോടുള്ള പ്രാർത്ഥന എന്നതിലുപരി മറിയ ത്തോടൊപ്പം യേശുവിലേക്ക് നടത്തുന്ന ഒരു തീർത്ഥാടനമാണ്. സുവിശേഷങ്ങളുടെ ഒരു ചുരുക്കരൂപമാണ് ജപമാല. ലിയോ പതിമൂന്നാം പാപ്പ പുറപ്പെടുവിച്ച സുപ്രേമി അപോസ്റ്റൊളാത്തുസ് (Supremi Apostolatus Office - 1883) എന്ന രേഖ ജപമാല യുടെ പ്രാധാന്യത്തെക്കു റിച്ചും ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കേണ്ടതിനെ ക്കുറിച്ചും വ്യക്തമാക്കുന്നു. 'ജപമാലയുടെ പാപ്പ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.***







The Catholic Newspaper, Kerala Times (Mal.), January 24, 1970.The funeral ceremony of Archbishop Joseph Attipetty in Ernakulam.[Pictures of Archbishop Joseph Attipetty.]

# ജപമാല: ചരിത്രത്തെ സ്വാധീനിച്ച ദിവ്യസൗഖ്യം





ഫാ. ജോബ് കുണ്ടോണി

ചരിത്രത്തിലുടനീളം, ജപമാല ഒരു സാധാരണ പ്രാർത്ഥനാരീതി മാത്രമായിരുന്നില്ല. മറിച്ച്, ഭരണാധികാരികൾക്കും രാഷ്ട്രതന്ത്രജ്ഞർക്കും സൈന്യാധിപന്മാർക്കും അത് ജ്ഞാനത്തിന്റെ ആധാരവും, രാഷ്ട്രീയ പ്രതിസന്ധികളിലെ അഭയകേന്ദ്രവും, സമാനതകളില്ലാത്ത ധൈര്യത്തിന്റെ ഉറവിടവുമായിരുന്നു. കത്തോലിക്കാ പാരമ്പര്യത്തിൽ, പരിശുദ്ധ അമ്മയോടൊപ്പം ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളിലൂടെ നടത്തുന്ന ഈ ആത്മീയ യാത്ര, ലോകചരിത്രത്തെത്തന്നെ തിരുത്തിയെഴുതിയ പ്രമുഖരുടെ ധാർമ്മികബോധത്തെയും തീരുമാനങ്ങളെയും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പ്രാർത്ഥനയി ലൂടെ ദൈവികചിന്തകൾ സ്വാംശീ കരിച്ച

ഈ വലിയ നേതാക്കൾ തങ്ങളുടെ രാജ്യങ്ങളെയും ജനങ്ങളെയും നയിക്കാൻ ആവശ്യ മായ ആത്മീയ ഉൾക്കാഴ്ച കണ്ടെത്തിയത് പരിശുദ്ധ ജപമാലയിലൂടെയായിരുന്നു.

കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസത്തിന്റെ അക്രമരഹിതമായ തകർച്ചയ്ക്ക് വഴിതെളിച്ച ആഗോള നേതാവായ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ജപമാലയെ തന്റെ ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥന എന്നാണ് വിശേഷിപ്പിച്ചത്. അന്താരാഷ്ട്ര പ്രതിസന്ധികളുടെ ഘട്ടങ്ങളിലെല്ലാം മാതാവിന്റെ മധ്യസ്ഥത തേടി ജപമാല ചൊല്ലി പ്രാർത്ഥിച്ച അദ്ദേഹം, റോസാരി യും വിർജിനിസ് മരിയേ എന്ന ഇടയലേഖനത്തിലൂടെ പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ സഭയ്ക്ക് സമ്മാനിക്കുകയും ചെയ്തു. ലോകസമാധാനത്തിനായുള്ള ആഹ്വാനങ്ങളിൽ ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചു.

ഇക്വഡോറിന്റെ പ്രസിഡന്റായിരുന്ന ഗബ്രിയേൽ ഗാർസിയ മൊറേനോ രാജ്യത്തിന്റെ വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുമ്പോഴും തന്റെ ദൈവ ഭക്തിയിൽ അടിയുറച്ചു നിന്നു. ക്വിറ്റോയിലെ തെരുവുകളിൽ പരസ്യമായി ജപമാല റാലികൾക്കും പ്രാർത്ഥനാ ഘോഷയാത്രകൾക്കും നേതൃത്വം നൽകിയ അദ്ദേഹം, രക്തസാക്ഷിത്വം വരിക്കുമ്പോൾ കൈകളിൽ പരിശുദ്ധ ജപമാല പിടിച്ചിരുന്നു. ഭരണരംഗത്തെ നീതിനിഷ്ഠതയ്ക്ക് അദ്ദേഹം ശക്തി കണ്ടെത്തിയത് ഈ വിശുദ്ധ പ്രാർത്ഥനയിൽ നിന്നായിരുന്നു.

ഓസ്ട്രിയൻ സാമ്രാജ്യത്തിന്റെ അവസാനത്തെ ഭരണാധികാരിയായിരുന്ന വാഴ്ത്തപ്പെട്ട കാൾ ഒന്നാമൻ ചക്രവർത്തി, ഒന്നാം ലോകമഹായുദ്ധത്തിന്റെ കഠിനനാളുകളിൽ കത്തോലിക്കാ സാമൂഹിക പഠനങ്ങളിൽ അധിഷ്ഠിതമായി സമാധാനത്തിനായി പരിശ്രമിച്ചു. സാമ്രാജ്യം തകർന്നടിഞ്ഞപ്പോഴും ഭാര്യയായ സിറ്റ രാജ്ഞിയുമൊത്ത് ദിനവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിൽ അദ്ദേഹം വിശ്വസ്തത പുലർത്തി. കുടുംബ വിശുദ്ധിയും ആത്മീയ ഒരുമയും കാത്തുസൂക്ഷിക്കാൻ ജപമാല അദ്ദേഹത്തിന് തണലായി.

ലെപാന്റോ നാവിക യുദ്ധത്തിൽ ക്രിസ്തീയ സൈന്യത്തെ നയിച്ച സൈന്യാധിപനായിരുന്നു ഡോൺ ജോൺ. ഭീഷണമായ സാഹചര്യത്തിൽ യുദ്ധത്തിന് മുന്നോടിയായി സൈന്യത്തിലെ ഓരോ പടയാളിയോടും ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആ യുദ്ധത്തിലെ മഹത്തായ വിജയത്തെത്തുടർന്നാണ് പീയൂസ് അഞ്ചാമൻ മാർപാപ്പ ഒക്ടോബർ ഏഴ് പരിശുദ്ധ ജപമാലയുടെ തിരുനാളായി പ്രഖ്യാപിച്ചത്. അയർലന്റിലെ കത്തോലിക്കാ അവകാശങ്ങൾക്കും അവകാശപോരാട്ടങ്ങൾക്കും നേതൃത്വം നൽകിയ വിമോചകൻ എന്നറിയപ്പെടുന്ന ഡാനിയൽ ഒകോണലും അക്രമരഹിത സമരമാർഗ്ഗങ്ങളിലൂടെ തന്റെ ജനതയ്ക്ക് സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള ആത്മീയ കരുത്ത് കണ്ടെത്തിയത് ജപമാല ധ്യാനങ്ങളിലൂടെയായിരുന്നു.

ഈ മഹത്‌വ്യക്തികളുടെ ജീവിതം പരിശോധിച്ച് നോക്കിയാൽ, ജപമാല ഭക്തി എന്നത് അവരുടെ പ്രവർത്തന മേഖലകളെയും തീരുമാനങ്ങളെയും എത്രത്തോളം ക്രിയാത്മകമായി സ്വാധീനിച്ചു എന്ന് വ്യക്തമാകും. രാഷ്ട്രീയവും സാമൂഹികവുമായ സങ്കീർണ്ണതകൾക്കിടയിലും ശരിയായ തീരുമാനങ്ങൾ എടുക്കാനുള്ള ജ്ഞാനം ക്രിസ്തുവിന്റെ ജീവിത ധ്യാനങ്ങളിലൂടെ ഇവർക്ക് ലഭിച്ചു.

***നേതാക്കളുടെ ഈ ജീവിത സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നത്, ജപമാല എന്നത് ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് പ്രതിസന്ധികളെ നേരിടാനുള്ള ആത്മീയ കരുത്താണെന്നാണ്. ക്രിസ്തുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം എന്നിവയെക്കുറി ച്ചുള്ള ധ്യാനത്തിലൂടെ, നീതി യോടെ ഭരിക്കാനും പീഡനങ്ങൾ സഹിക്കാനും രാജ്യങ്ങളുടെ ഭാവി ദൈവകരങ്ങളിൽ സമർപ്പിക്കാനുമുള്ള വിനയം അവർക്ക് ലഭിച്ചു. അനിശ്ചിതത്വങ്ങൾ നിറഞ്ഞ ഈ ആധുനിക കാലഘട്ടത്തിലും, ആഴമേറിയ വ്യക്തിഗത വിശ്വാസത്തിന് ലോകചരിത്രത്തെ എങ്ങനെ സ്വാധീനിക്കാൻ കഴിയുമെന്നതിന്റെ വലിയൊരു സാക്ഷ്യമായി പരിശുദ്ധ ജപമാല നിലകൊള്ളുന്നു. വിശുദ്ധ ഗ്രന്ഥത്തിലും സഭാ പാരമ്പര്യത്തിലും വേരൂന്നിയ ഈ വിശുദ്ധ പ്രാർത്ഥന നമ്മിലും ദൈവിക ശാന്തിയും ആത്മീയ വെളിച്ചവും നിറയ്ക്കട്ടെ.***

*അനിശ്ചിതത്വങ്ങൾ നിറഞ്ഞ ഈ ആധുനിക കാലഘട്ടത്തിലും, ആഴമേറിയ വ്യക്തിഗത വിശ്വാസത്തിന് ലോകചരിത്രത്തെ എങ്ങനെ സ്വാധീനിക്കാൻ കഴിയുമെ ന്നതിന്റെ വലിയൊരു സാക്ഷ്യ മായി പരിശുദ്ധ ജപമാല നിലകൊള്ളുന്നു.*

# സെന്റ് ആൽബർട്സും കളിക്കളവും







**റവ. ഡോ. ആന്റണി തോപ്പിൽ**
മാനേജർ,
സെന്റ്. ആൽബർട്ട്സ് കോളേജ്
ഓട്ടോണമസ്, എറണാകുളം


*എറണാകുളം സെന്റ്.ആൽബർട്സ് കോളേജിന്റെ കലൂരിലുള്ള കളിസ്ഥലം സംബന്ധിച്ച തെറ്റായ വാർത്തകൾക്കുള്ള മറുപടി.*

വരാപ്പുഴ അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തയായിരുന്ന മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ സ്വപ്ന സാക്ഷാത്കാരമാണ് 1946 ൽ സ്ഥാപിതമായ എറണാകുളം സെന്റ്. ആൽബർട്സ് കോളേജ്. ഇന്ന് ഈ സ്ഥാപനം വരാപ്പുഴ അതിരൂപതയുടെ മാത്രമല്ല കേരള ജനതയുടെ തന്നെ അഭിമാനമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായി വളർന്നിരിക്കുന്നു. തന്റെ അജഗണങ്ങളുടെ വിദ്യാഭ്യാസ നിലവാരമുയർത്തണമെന്നും അതോടൊപ്പം ജാതിമത വർഗ്ഗവർണ്ണ ഭേദമെന്യേ സകല മനുഷ്യർക്കും വിദ്യ പ്രദാനം ചെയ്യണമെന്നും അട്ടിപ്പേറ്റി പിതാവിനുണ്ടായ ആഗ്രഹം, ദൈനംദിനാവശ്യങ്ങൾക്കുപോലും പണമില്ലാതെ അതിരൂപത വിഷമിച്ചിരുന്ന കാലഘട്ടത്തിൽ അസാദ്ധ്യമായ ഒരു സ്വപ്നമെന്ന് പലരും വിശേഷിപ്പിച്ചിരുന്നു. 'എല്ലാവർക്കും എല്ലാമാകാൻ' വിളിക്കപ്പെട്ട ആ അജപാലകന്റെ നിശ്ചയദാർഢ്യവും കഠിനപ്രയത്നവും ഒപ്പം ആയിരങ്ങളുടെ അകമഴിഞ്ഞുള്ള സഹായവും ഒക്കെയാണ് ആ സ്വപ്നത്തെ സഫലമാക്കിയത്.

കഴിഞ്ഞ 80 വർഷങ്ങളായി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് മൂല്യവത്തായ വിജ്ഞാനം പകർന്നു നൽകുകയും ദരിദ്രരെയും സഹായം അർഹിക്കുന്നവരെയും കണ്ടെത്തി കൈപിടിച്ചുയർത്തുകയും ചെയ്ത് സാമൂഹ്യ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന സെന്റ്. ആൽബർട്ട്സ് കോളേജ് സമൂഹത്തിലെ ഗുണമേന്മയുള്ളതും മാതൃകാപരവുമായ പല സംരംഭങ്ങളുടെയും തുടക്കക്കാരായിരുന്നു എന്നതിൽ അഭിമാനിക്കുന്നു.

എറണാകുളം ഹൈക്കോർട്ടിന് സമീപം തൂശൻ പറമ്പ് എന്ന പേരിൽ അറിയപ്പെട്ടിരുന്നിടത്തായിരുന്നു ആദ്യ കാലത്ത് സെന്റ്. ആൽബർട്ട്സ് കോളേജിന്റെ കളിസ്ഥലം. ഈ സ്ഥലം കോളേജിന് അവകാശമായി നൽകിയത് കൊച്ചി മഹാരാജാവ് ആണ്. 7 ഏക്കറിലായി, വിശാലമായി കിടന്നിരുന്നതായിരുന്നു ഈ സ്ഥലം. ഇന്ത്യാ ഗവൺമെന്റിന്റെ ഫിഷറീസ് വകുപ്പിന് ഗവേഷണ ശാലയ്ക്കായി (CMFRI )പുതിയ കെട്ടിടം പണിയാൻ അധികൃതർ കണ്ടെത്തിയത് ഈ കളിസ്ഥലമാണ്. കോളേജിന് ആകെ ഉണ്ടായിരുന്ന ഒരു കളിസ്ഥലമായിരുന്നെങ്കിലും പകരം ഗ്രൗണ്ട് അധിക താമസമെന്യേ നഗരാതിർത്തിയിൽത്തന്നെ തന്നുകൊള്ളാമെന്ന അധികാരികളുടെ ഉറപ്പിൽ, നാടിന്റെ വികസനത്തിന് തടസ്സമാകരുതെന്നു കരുതി ത്യാഗമനോഭാവത്തോടെ കോളേജ് അധികൃതർ സ്ഥലം വിട്ടുകൊടുത്തു. എന്നാൽ അധികാരികൾ വാക്ക് പാലിച്ചില്ല. വർഷങ്ങൾ കടന്നുപോയിട്ടും പകരം സ്ഥലം അനുവദിച്ചില്ല.

പരിശീലനത്തിന് കളിക്കള മില്ലാതെ നീണ്ട 25 വർഷക്കാലം വിദ്യാർത്ഥികള നുഭവിച്ച ദുഃഖം വിസ്മരിക്കാനാകില്ല. കടംകൊണ്ട കളിസ്ഥലങ്ങളിൽ തട്ടിക്കൂട്ടി പരിശീലനം ഒപ്പിച്ചു പോയിട്ടും സെന്റ് ആൽബർട്സിന്റെ ചുണക്കുട്ടികൾ കൈനിറയെ സമ്മാനങ്ങളുമായി തിരിച്ചു വന്നു. ഒടുവിൽ വിദ്യാർഥികൾ സമരത്തിനിറങ്ങേണ്ടിവന്നു. ബാനർജി റോഡ് പല തവണ കളിക്കളമായി. മാതാപിതാക്കളും കായികപ്രേമികളും പിന്തുണ യായി കൂടെയുണ്ടായി.

വിദ്യാർത്ഥികളുടെ സമരവും കോളേജധികൃതരുടെ നിരന്തര ഇടപെടലും ഫലം കണ്ടു. 1983 ൽ എറണാകുളത്ത് കലൂർ വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കലവറയുടെ സമീപം സ്ഥിതി ചെയ്യുന്ന പാടം (ഇന്നത്തെ ഇന്റർ നാഷണൽ സ്റ്റേഡിയത്തിന്റെ തൊട്ടു പടിഞ്ഞാറ്) പത്തുവർഷ ത്തെ പാട്ടക്കരാറിൽ സെന്റ് ആൽബർട്സ് കോളേജിന് ഗ്രൗണ്ടിനായി വിട്ടുതന്നു. കോളേജ് വിട്ടുകൊടുത്തത് ഒന്നാന്തരം ഏഴ് ഏക്കർ സ്ഥലം കിട്ടിയതോ 4.998 ഏക്കർ ചതുപ്പ് കണ്ടം. അതും പാട്ടക്കരാറിൽ. 1993 ൽ പുതുക്കേണ്ടിയിരുന്ന കരാർ 1995-ൽ ഗവൺമെന്റ് ഉത്തരവുപ്രകാരം 50 വർഷത്തേക്ക് പാട്ടക്കാലാവധി ദീർഘിപ്പിച്ചുതന്നു. ഇതു പ്രകാരം 43 വർഷമായി ഈ സ്ഥലം കോളേജ് കൈവശം വച്ച് കളിസ്ഥ ലമായി ഉപയോഗിച്ച് പോരുന്നു. ചതുപ്പും ചെളിയുമടിഞ്ഞ് ഉപയോഗയോഗ്യമല്ലാതിരുന്ന ഈ സ്ഥലം കോളേജ് മാനേജ്മെന്റ് ഫണ്ടുകൾ ഉപയോഗിച്ച് വികസിപ്പിച്ചെടുത്തു.

1983 ൽ കോളേജിന് സ്ഥലം അനുവദിച്ചു. വർഷങ്ങൾക്കു ശേഷം മാത്രമാണ് കോളേജ് ഗ്രൗണ്ടിന്റെ തെക്കു കിഴക്കു ഭാഗത്തായി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിനുവേണ്ടി സ്ഥലം ഏറ്റെടുപ്പുപോലും തുടങ്ങിയത്. വിദ്യാർത്ഥികൾക്ക് കളിസ്ഥലമായി കോളേജിന് സർക്കാർ അനുവദിച്ചു നൽകിയ ഈ ഭൂമിയൊഴികെ മറ്റൊരു ഭൂമിയും അതിരൂപതയ്ക്ക് കണ്ടെത്താൻ കഴിയില്ല എന്ന വസ്തുത നിലനിൽക്കുന്നു.

കോളേജിലെ കായിക വിഭാഗത്തിൽപ്പെടുന്ന പല ഇനങ്ങളുടെയും മത്സരങ്ങളുടെയും പരിശീലന ക്യാമ്പുകളും ഈ കളി സ്ഥലത്താണ് സംഘടിപ്പിച്ചു വരുന്നത്. NCC, ARMY, NAVAL, AIR വിഭാഗങ്ങളുടെ പരേഡുകൾ ഈ ഗ്രൗണ്ടിലാണ് നടത്തുന്നത്. അന്തർദേശീയ തലത്തിലും ദേശീയതലത്തിലും മികവ് തെളിയിച്ച കായിക താരങ്ങളെയും കേഡറ്റുകളെയും വാർത്തെ ടുക്കുവാൻ കോളേജിനായത് ഈ കളിസ്ഥലത്തിന്റെ മികവ് കൊണ്ട് കൂടിയാണ്. എം.ജി സർവകലാശാല ചട്ടങ്ങൾ പ്രകാരം അഫിലിയേറ്റഡ് കോളേജിന് കളിസ്ഥലം ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും സമഗ്രമായ വികസനത്തിനും കോളേജിന് കളിസ്ഥലം അവിഭാജ്യ ഘടകമാണ്. കഴിഞ്ഞ 43 വർഷമായി ഈ കോളേജ് കളിസ്ഥലം നിരപ്പാക്കുന്നതിനും പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി വലിയൊരു തുക തന്നെ കോളേജ് ചെലവഴിച്ചിട്ടുണ്ട്.

2005-ൽ എട്ടു കോളേജുകൾക്കായി 193 ഏക്കറോളം വരുന്ന സ്ഥലം സർക്കാർ പതിച്ചു നല്കിയിട്ടുണ്ടെന്ന വസ്തുത നിലനിൽക്കുന്നു. തുടർന്ന് പല ആവർത്തി ഈ കോളേജിന്റെ കായിക ആവശ്യത്തിനായി 4.68 ഏക്കർ സ്ഥലം പതിച്ചു തരുന്നതിനായി കോളേജ് അധികൃതർ സർക്കാരിനെ സമീപിക്കുകയുണ്ടായി. അതനുസരിച്ചാണ് 2015 ലും 2016 ലും കോളേജിന് അനുകൂലമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചത്.

2015-ലും 2016-ലും സർക്കാർ ഉത്തരവുകൾ താഴെപ്പറയുന്ന വസ്തുതകൾ വെളിപ്പെടുത്തുന്നു.

1. കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി സെന്റ്. ആൽബർട്ട്സ് കോളേജ് വിട്ടുകൊടുത്ത 88 സെന്റ് ഭൂമിക്ക് പകരമായി സർക്കാർ ഓർഡർ നമ്പർ 673/2015 റവന്യൂ തീയതി 16/12/2015 പ്രകാരം 88 സെന്റ് (അതായത് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെ 74 സെന്റ് ഭൂമിയും സർക്കാർ വക 14 സെന്റ് ഭൂമിയും) കോളേജിന് അനുവദിച്ചു കിട്ടി.

2. സർക്കാർ ഓർഡർ നമ്പർ 76/2016 റവന്യൂ തീയതി 01/02/2016 പ്രകാരം സെന്റ്. ആൽബർട്ട്സ് കോളേജ് ഗ്രൗണ്ട് സംബന്ധമായ എല്ലാ പാട്ടകുടിശികകളും സർക്കാർ എഴുതിത്തള്ളി യിരിക്കുന്നു.

3. സർക്കാർ ഓർഡർ നമ്പർ 126/2016 റവന്യൂ തീയതി 18/02/2016 പ്രകാരം കൈവശമിരിക്കുന്ന 3.80 ഏക്കർ സ്ഥലം സെന്റ് ആൽബർട്ട്സ് കോളേജിനായി പട്ടയം നൽകി ഉത്തരവിടുകയുണ്ടായി. ഇപ്രകാരം കോളേജ് പ്ലേ ഗ്രൗണ്ടിന് പട്ടയം അനുവദിച്ചു കൊണ്ടുള്ള സർക്കാർ തല ഉത്തരവും 2016 ൽ പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു.

എന്നാൽ ഈ ഉത്തരവുകളുടെ തുടർനടപടികൾ അന്തിമമായി തീരുമാനമെടുക്കാതെ വിവിധ ഓഫീസുകളിൽ കുടുങ്ങി പോവുകയും ശാശ്വതമായ പരിഹാരം ലഭിക്കാതെ പോവുകയുമാണ് ഉണ്ടായിട്ടുള്ളത്. ശേഷം 30/3/2022ൽ ഒരു യോഗം സെക്രട്ടറിയേറ്റ് ബഹു. അഡീ. ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കുകയും, തദവസരത്തിൽ പ്രസ്തുത ഉത്തരവുകൾ റെഗുലറൈസ് ചെയ്യണം എന്ന് കാര്യകാരണങ്ങൾ സഹിതം കോളേജ് അധികൃതർ ആവശ്യപ്പെടുകയും ചെയ്തിരു ന്നതാണ്. പ്രസ്തുത യോഗത്തിൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി, ബഹു. റവന്യൂ മന്ത്രി എന്നിവർ പങ്കെടുക്കുകയുണ്ടായി. ബഹു. മന്ത്രിമാർ കൂടിയാലോചിച്ച് തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണെന്ന് അറിയിക്കുകയുണ്ടായി. (File No.

A3/ 92/2017 dh.(F) വകുപ്പ് തീയതി 14/7/2002). എന്നാൽ 2026 വരെ ഇക്കാര്യത്തിൽ തീരുമാനമൊന്നും സർക്കാർ പുറപ്പെടുവി ച്ചുണ്ടായിരുന്നില്ല.

കൂടാതെ കോളേജിന്റെ അധീനതയിലുള്ള സ്ഥലം, കലൂർ ഖഘച സ്റ്റേഡിയം നവീകരണത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നതിനായി ജിസിഡിഎ നിർദ്ദേശമുണ്ടെന്ന് പറഞ്ഞ് നിർമ്മാണത്തിനായി ശ്രമിച്ചപ്പോൾ OS 1085/25 എന്ന കേസ് ബഹു. എറണാകുളം മുൻസിഫ് കോടതിയിൽ ജിസിഡിഎ യക്ക് എതിരായി നൽകുകയും കോളേജിന്റെ കൈവശഭൂമിയിലുള്ള അനധികൃത കൈയേറ്റം ബഹു. കോടതി തടയുകയും ചെയ്തിട്ടുള്ളതുമാകുന്നു. പിന്നീട് തുടർ നടപടികൾക്കായി 05.03.2026 ൽ വീണ്ടും ഒരു യോഗം സെക്രട്ടറിയേറ്റിൽ വച്ച് മേൽപ്പറഞ്ഞ മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്നിരുന്നു. തുടർന്നാണ് 15.03.2026-ലെ സർക്കാർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ ഭൂമി കോളേജിന്റെ പേരിൽ പതിച്ചുതരുവാൻ തീരുമാനമായത്.

4000 ത്തോളം വിദ്യാർത്ഥികളാണ് ഇപ്പോൾ സെന്റ്. ആൽബർട്ട്സ് കോളേജിൽ പഠിക്കുന്നത്. കോളേജിലെ വിദ്യാർത്ഥികൾക്കായി മേൽ പ്രസ്താവിച്ച സർക്കാർ ഓർഡറുകൾ പ്രകാരം കോളേജിന് അനുവദിച്ചുകിട്ടിയ കോളേജ് ഗ്രൗണ്ട് ഒഴികെ മറ്റ് കളിസ്ഥലങ്ങൾ ഒന്നും തന്നെ നിലവിലില്ല. ഈ സ്ഥലം കോളേജ് ഉപയോഗിച്ചാൽ സ്റ്റേഡിയത്തിന്റെ അന്താരാഷ്ട്ര നിലവാരം പോകും എന്നൊക്കെ പറയുന്ന തരത്തിലുള്ള വാർത്തകൾ എന്തടിസ്ഥാനത്തിലാണ് എന്നത് അത് പറയുന്നവർ തന്നെ വ്യക്തമാക്കണം. സംസ്ഥാന സർക്കാർ അനുവദിച്ച ഉത്തരവിൽ സർക്കാരിന്റെ ഭാഗമായി പ്രവർത്തി ക്കുന്ന ജിസിഡിഎ പരാതി ഉന്നയിച്ചിട്ടുണ്ട് എന്നാണ് ചില വാർത്തകളിൽ കാണുന്നത്, GCDA ചെയർമാനെ പോലും നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എവിടെനിന്നാണ് അത്തരം തീരുമാനങ്ങൾ വന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ മുൻനിര സ്ഥാപനങ്ങളിലൊന്നായ സെന്റ്. ആൽബർട്ട്സ് കോളേജിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളി ലൊന്ന് എന്ന നിലയിലും കോളേജിലെ വിദ്യാർത്ഥികൾക്ക് കായിക പ്രവർത്തനങ്ങൾക്ക് മറ്റൊരിടമില്ല എന്ന വസ്തുത കണക്കിലെടുത്തും ഗ്രൗണ്ടുമായി ബന്ധപ്പെട്ടു വന്നുകൊണ്ടിരിക്കുന്ന വ്യാജ വാർത്തകളെ ശക്തമായി അപലപിക്കുന്നു.




ഫാ. യേശുദാസ് പഴമ്പിള്ളി.
ഡയറക്ടർ, മാധ്യമ കമ്മീഷൻ.

വരാപ്പുഴ അതിരൂപതയിലെ വിവിധ ഇടവകകളിൽ പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി , മികച്ച മൂന്ന് ബുള്ളറ്റിനുകൾക്ക് അവാർഡ് നൽകുന്നു.

വരാപ്പുഴ അതിരൂപത മുഖപത്രമായ ജീവദീപ്തിയുടെയും അതിരൂപത മാധ്യമ കമ്മീഷന്റെയും ആഭിമുഖ്യത്തിലാണ് പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്.

കത്തോലിക്ക മാധ്യമ രംഗത്ത് നിസ്തുല സംഭാവനകൾ നൽകിയ വിദഗ്ധരടങ്ങിയ 3 അംഗ ജൂറി .പുരസ്കാര നിർണയത്തിനായുള്ള പ്രസിദ്ധീകരണങ്ങൾ വിലയിരുത്തും. ആയതിനാൽ അവാർഡിൻ്റെ പരിഗണനയ്ക്കായി ഇടവകയിലെ പാരിഷ് ബുള്ളറ്റിൻ്റെ അവസാന 2 ലക്കങ്ങളുടെ 3 കോപ്പികൾ വീതം നൽകണമെന്നും ഈ സംരംഭത്തിൽ സഹകരിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കവിത

# ഗാന്ധിയെ തേടി



ഡോ. ജോസഫ്
കാരിക്കശ്ശേരി

ഡൽഹിയുടെ തിരക്കുകൾക്കപ്പുറം
ഒരു നിശ്ശബ്ദ വാതിൽ കടന്ന്
ഞാൻ ഗാന്ധി സ്മൃതിയിലെത്തി-
കാലം അവിടെ
പാദരക്ഷകൾ അഴിച്ചുവെച്ചതുപോലെ.

ചുമരുകളിൽ കണ്ടു ഞാൻ
ഒരു ജീവിതത്തിന്റെ അനവധി മുഖങ്ങൾ-
പോർബന്തറിലെ ബാല്യം.
ദക്ഷിണാഫ്രിക്കയിലെ സമര വീര്യം

വൈഗനദിയുടെ തീരത്ത് അർദ്ധനഗ്നയായ
ഒരു സ്ത്രീ അവളോട് താദാത്മ്യംകൊണ്ട്
അർദ്ധനഗ്നനായ ഒരു ഫക്കീറും!
സത്യാഗ്രഹത്തിന്റെ തീ,
സ്വാതന്ത്ര്യത്തിലേക്കുള്ള
നഗ്നപാദ യാത്ര ....

ഒരു വശത്ത്
ചർക്ക പതുക്കെ കറങ്ങിക്കൊണ്ടിരുന്നു-
ചരിത്രത്തിന്റെ നൂൽപ്പാലത്തിൽ
ഒരു ജനതയുടെ സ്വപ്നം നെയ്തുകൊണ്ട്.

ദണ്ഡിയുടെ കടൽക്കാറ്റ്
എന്റെ ഓർമ്മയിൽ
തണുവാർന്ന സ്പർശമായി;
അവന്റെ കൈയിലെഒരു പിടി ഉപ്പ്
എനിക്ക് തോന്നി-
അത് കടൽവെള്ളത്തിൽ നിന്ന് വാറ്റിയതല്ല,
അടിമത്തത്തിന്റെ കണ്ണീരിൽ നിന്ന്
പിഴിഞ്ഞെടുത്ത സ്വാതന്ത്ര്യമായിരുന്നു.

അഹിംസ-വാളില്ലാത്ത യുദ്ധം.
സത്യം-തോൽവിയറിയാത്ത ആയുധം.
വൺ മാൻ ബറ്റാലിയൻ-
പിന്നിൽ കോടിക്കണക്കിന് കാലടികൾ.

പിന്നെ ഞാൻ നിന്നു-
ബിർളാ ഹൗസിന്റെ മുന്നിൽ.
ഇവിടെയായിരുന്നു
അവന്റെ അവസാന കാലടികൾ



പ്രാർത്ഥനയിലേക്ക് നീണ്ടത്; ഇവിടെയായിരുന്നു
ഒരു മനുഷ്യന്റെ യാത്ര
നിശ്ശബ്ദമായി അവസാനിച്ചത്.

ഞാൻ തലകുനിച്ചു-ഒരുപാട് നേരം
ഒന്നും പറയാതെ.
അവിടെ മണ്ണിനോട് ചോദിച്ചു:
"ഇത്ര സ്നേഹിച്ച മനുഷ്യനെ
വെറുപ്പിന് എങ്ങനെ
നിന്നിൽ നിന്ന് എടുത്തുകൊണ്ടുപോകാനായി?"

ഉത്തരം വന്നില്ല
കാറ്റ് മാത്രം
ഒരു പഴയ പ്രാർഥനപോലെ
എന്നെ തഴുകിപ്പോയി.
അവിടെനിന്ന്
ഞാൻ രാജ്ഘട്ടിലേക്കു നടന്നു.

അണയാതെ കത്തുന്ന
ആ ചെറിയ ജ്വാലയ്ക്കു മുന്നിൽ
ഞാൻ നിന്നപ്പോൾ
എനിക്ക് തോന്നി-

ഒരു ശരീരം അണഞ്ഞു,

പക്ഷേ ഒരു വെളിച്ചം
അണഞ്ഞില്ല.

ഞാൻ നമിച്ചു നിന്നു.

ഗാന്ധി–
ഒരു പേരല്ല ഇനി;
ഒരു ചോദ്യം.

സത്യം നഷ്ടപ്പെടുമ്പോൾ
നമ്മിൽ ആരാണ് ഗാന്ധി?
വെറുപ്പ് ഉയരുമ്പോൾ
നമ്മിൽ എവിടെയാണ് അഹിംസ?

രാജ്ഘട്ടിലെ ആ ജ്വാല
എന്നെ നോക്കി പിടഞ്ഞു.

ഞാൻ മടങ്ങി–
ഡൽഹിയുടെ തിരക്കിലേക്ക്.

പക്ഷേ എന്റെ കണ്ണുകളിൽ
അപ്പോഴും
ഗാന്ധി സ്മൃതിയിലെ ചിത്രങ്ങളായിരുന്നു;
എന്റെ ചെവികളിൽ
അവന്റെ കാലടികളുടെ ശബ്ദവും;
എന്റെ ഹൃദയത്തിൽ
അണയാത്ത ആ ജ്വാലയും.

അന്ന് ഞാൻ മനസ്സിലാക്കി–
ഗാന്ധിയെ കാണാൻ
ഡൽഹിയിലേക്ക് പോകേണ്ടതില്ല;
നമ്മുടെ ഉള്ളിലെ
അന്ധകാരത്തിലേക്ക്
ഒരു സത്യത്തിന്റെ വിളക്ക്
കൊളുത്തിയാൽ മതി.

*(ഡൽഹിയിലെ ഗാന്ധിസ്മൃതിയും ഗാന്ധിയുടെ സമാധി സ്ഥലവും സന്ദർശിച്ചപ്പോൾ എന്റെ മനസ്സിൽ ഉണർന്ന വികാരമാണീ കവിത)*

---

*കവിത*

# ജപമണികളിലൂടെ...





**ജൂഡ്സൺ സെകീര**

ജപമാല മണികൾ കരളിൻ ഉള്ളിൽ -
ഇമ്പമായി തുളുമ്പിടുന്നു .
പിടയുന്ന ആത്മാവിൻ രക്ഷതൻ കവചമായി പാരിൽ തിളങ്ങിടുന്നു.
കരയുന്നു അമ്മേ കനിവു തേടുന്നു - കാരുണ്യനാഥയല്ലേ
നിത്യം ഞങ്ങൾ നിൻ ചാരെ അംയുമ്പോൾ -
തുണച്ചിടുന്നു എൻ അമ്മ നിത്യസഹായ മാത.
വേദനകൾ പീഡകൾ ജീവിത ഭാരം -
ഏറ്റു തളരുമ്പോൾ തുണയായി -
മാറുന്നു എന്നമ്മ ആരോഗ്യ മാതയായി.
ഭൂതലമാകെ പരിമളം തൂകി -
മാനവർക്കാശ്വാസമേകും.
യേശുവിന്റെ അമ്മ കാവൽ വിളക്കായി
പ്രഭാപൂരിതം എങ്ങും.
അമ്മതൻ ജപമാല മണികൾ ഉരുവിടും -
തൻ സുതനിലേക്കുള്ള യാത്ര.

ചിന്താജാലകം

# വിശുദ്ധ ഫ്രാൻസിസിന്റെ വിടവാങ്ങൽ



**ഫാ. ബോബി ജോസ് കട്ടിക്കാട്ട്**



ഒക്ടോബർ നാലിനായിരുന്നു ഫ്രാൻസിസിന്റെ ഓർമത്തിരുനാൾ. ആശ്രമത്തിൽ ചേർന്ന നാൾ മുതൽ ഈ ദിവസം പങ്കുചേരുന്ന ഹൃദ്യമായ ഒരു പ്രധാന ചടങ്ങുണ്ട് – ട്രാൻസിത്തുസ് എന്ന ചരമാനുസ്മരണ പ്രാർത്ഥന. ജീവിതം കുറേക്കൂടി ഏകാഗ്രവും ഭാവന നിഷ്കളങ്കവുമായിരുന്ന ഒരു കാലത്ത് ആ മരണത്തേക്കുറിച്ച് ബൊനെവെഞ്ചർ എഴുതി അവസാനിപ്പിക്കുന്നത് കിളിപേശലുകൾ പോലെ കേട്ടിട്ടുണ്ട്: പുണ്യവാന്റെ വിയോഗനേരത്ത് കിളിക്കൂട്ടങ്ങൾ ആ ഭവനത്തിന്റെ മേൽക്കൂരയിലേക്ക് എത്തുകയും വലംചുറ്റി ഇന്നോളം കേട്ടിട്ടില്ലാത്ത ആനന്ദസ്വരങ്ങൾകൊണ്ട് ഫ്രാൻസിസിന്റെ മഹത്വത്തിന് സാക്ഷ്യംപറയുകയും ചെയ്തു.

ഫ്രാൻസിസിന്റെ മരണകാരണം കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടില്ല; അവസാന വർഷങ്ങൾ ശാരീരിക ക്ലേശങ്ങളുടേയും പീഡകളുടേയും ആണെന്നൊഴികെ. പഞ്ചക്ഷതങ്ങൾ ഉൾപ്പടെ അതിൽ പെടുത്താവുന്നതാണ്. കണ്ണുകൾക്ക് ട്രക്കോമയുടെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അന്ധതയിൽ എത്തിയേക്കാവുന്ന ഒന്നാണത്. പ്രകാശത്തോടുള്ള കടുത്ത സെൻസിറ്റിവിറ്റിയാണ് പ്രധാന പ്രശ്നം. സദാ കണ്ണു നിറഞ്ഞൊഴുകുകയാണ് ലക്ഷണം. സൂര്യവെളിച്ചത്തിലേക്കു നോക്കുമ്പോൾ അനേകം കുപ്പിച്ചില്ലുകൾ കണ്ണിലേക്ക് പൊട്ടിവീഴുന്നതുപോലെ തോന്നും. ആ കാലയളവിൽ ത്തന്നെയാണ് സൂര്യനുവേണ്ടിയുള്ള സ്തോത്ര ഗീതം എഴുതി ആലപിക്കുന്നത്. കാര്യങ്ങളെ ചിലർ മധുരമാക്കി മാറ്റുന്നത് അങ്ങനെയാണ്. ഈജിപ്ത് യാത്രയുടെ ബാക്കിപത്രമായിരുന്നു ഈ നേത്ര രോഗം. അവിടെനിന്നു മലേറിയയും കൊണ്ടുവന്നു എന്ന് കരുതാം. ചോര ഛർദ്ദിച്ചിരുന്നതായും കേൾവിയുണ്ട്. ഗാസ്ട്രിക് അൾസർപോലെ ഗുരുതരമായ ഉദരരോഗങ്ങളാവാം കാരണം. രോഗത്തേക്കാൾ കഠിനമായ ചികിത്സാരീതികളായിരുന്നു അന്നുണ്ടായിരുന്നത്. ചുട്ടുപഴുപ്പിച്ച ഇരുമ്പുദണ്ഡ് മുറിവിനു മീതെവച്ച് പൊള്ളിക്കുന്നതുൾപ്പടെയുള്ള പലതിലൂടെയും അയാൾ കടന്നുപോയി. 44 വയസ് എത്ര ചെറിയ പ്രായമാണ്!

കവിത പോലെ മനോഹരമായിരുന്നു അയാളുടെ കടന്നുപോക്ക്. 'ഇത്രകാലം നമ്മൾ ഒന്നും ചെയ്തിട്ടില്ല, നമുക്കിനി ആരംഭിക്കാം' എന്നതായിരുന്നു അന്ത്യമൊഴികളിലൊന്ന്. നഗ്നനാക്കി വെറും നിലത്ത് കിടത്താൻ ആവശ്യപ്പെട്ടു. പിറവിയിലെന്നതുപോലെ നഗ്നതയുടെ നിഷ്കളങ്കതയിൽ മടങ്ങിപ്പോയ അയാൾ ആരെയൊക്കെയാണ് ഓർമിപ്പിക്കുന്നത്? അപരാധത്തിനു മുൻപുള്ള ആദവും ഹവ്വയും, അനുസരണം പൂർത്തിയാക്കി കുരിശിന്റെ വക്ഷസിൽ നഗ്നനായി മടങ്ങിപ്പോയ യേശു, തെരുവീഥിയിലൂടെ ഭക്തിയുടെ ഉന്മാദത്തിൽ ചുവടുവയ്ക്കുന്ന അക്കമഹാദേവി, ദിക്കുകളെ വസ്ത്രമായി ധരിച്ചു എന്ന സങ്കല്പത്തിൽ നടന്നുപോകുന്ന നമ്മുടെ ദേശത്തെ ദിഗംബരജൈനർ, പ്രണയത്തിന്റെ ദീപ്തനിമിഷങ്ങളിൽ ലജ്ജ അനുഭവിക്കാതെ വിവസ്ത്രരാവുന്ന പങ്കാളികൾ... അങ്ങനെ നൈർമല്യത്തേയും സ്വാതന്ത്ര്യത്തേയും അർപ്പണത്തേയും ആനന്ദത്തേയും ദ്യോതിപ്പിക്കുന്ന ഒന്നായിരുന്നു ഫ്രാൻസിസിന്റെ വിവസ്ത്രത. മരണം ഒരു രണ്ടാം പിറവിയാണെന്നുള്ള സൗമ്യമായ ഓർമപ്പെടുത്തലുമാകാം.

മരണത്തെ ഭയക്കരുതെന്നാണ് അയാൾ ഇപ്പോൾ പറയുന്നത്. ചുറ്റിനും നിൽക്കുന്ന ദുഃഖിതരായ സഹോദരരെ വിലക്കിക്കൊണ്ട് ഇങ്ങനെ മന്ത്രിച്ചു: 'ഇങ്ങനെയല്ല വേണ്ടത്. പാട്ടു പാടി, നൃത്തച്ചുവടുകളോടെ അവളെ സ്വാഗതം ചെയ്യുക- sister death.' ഇതും പെങ്ങൾ തന്നെ!

# ഫ്രാൻസിസ് ഒരു പര്യായപദമാണ്!





ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

**അസ്സീസിയിലെ മഴവില്ല്!**

ഫ്രാൻസിസിന്റെ അസ്സീസിയിൽ ഇരുന്നാണ് ഈ കുറിപ്പ് എഴുതിത്തുടങ്ങിയത്. ദിവ്യതയുടെ ഒരു സ്പർശം ഇപ്പോഴും ഈ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നുണ്ട്. മധ്യകാലത്ത് നിർമ്മിക്കപ്പെട്ട ബസിലിക്കയിലെ ഫ്രാൻസിസിന്റെ കബറിടത്തിനു മുന്നിൽ ധ്യാനപൂർവ്വം ഇരിക്കുമ്പോൾ ഒരു മഴവില്ല് മനസിലേക്ക് വിടരുന്നുണ്ട്. അതേ, ഫ്രാൻസിസ് വെറുമൊരു പേരല്ലാ, മഴവില്ലഴകുള്ള ഒരു പര്യായമാലയാണ്! ഏഴഴകാണതിന്.

***ദൈവത്തിന്റെ ദിംഗബരൻ!***

ജൈനമതത്തിൽ ഉള്ള ഒരു പരികൽപനയാണ് "ദിഗംബരൻ" എന്നത്. ദിക്കുകളെ അല്ലെങ്കിൽ ആകാശത്തെ വസ്ത്രമാക്കിയ നഗ്നസന്ന്യാസികളെയാണ് ദിഗംബരന്മാർ എന്ന് ജൈനപാരമ്പര്യത്തിൽ വിളിച്ചിരുന്നത്. തന്റെ പിതാവിന്റെ പട്ടുതുണികൾ ഊരിമാറ്റി അസ്സീസിയിലെ മെത്രാന്റെ മുൻപിൽ പൂർണ്ണനഗ്നനായി നിന്ന ഫ്രാൻസിസ് ഒരു ദിശാബോധം നമുക്ക് നൽകുന്നുണ്ട്. അത്തിയിലകൾ തുന്നിക്കൂട്ടി അരക്കച്ചയുണ്ടാക്കി നഗ്നത മറച്ച ആദത്തിനും ഹവ്വയ്ക്കും നഷ്ടപ്പെട്ട സ്വത്വബോധത്തിന്റെ വീണ്ടെ

ടുപ്പാണ് അസ്സീസിയിൽ നടക്കുന്നത്. ഫ്രാൻസിസ് നടക്കുന്നത് ആദവും ഹവ്വയും നഷ്ടപ്പെടുത്തിയ പറുദീസയുടെ ദിശയിലേക്കാണ്. അത്തിയിലകളുടെ അരക്കച്ച ഊരിക്കളഞ്ഞ് അവൻ ദൈവത്തെ ധരിച്ചു. അന്നുമുതൽ അവൻ ദൈവത്തിന്റെ ദിഗംബരനാണ്. ദൈവത്തെ ചേലയായി ഉടുത്തവൻ!

"മിസ്റ്റിക് ഓഫ് പാരഡോക്സ്" എന്നറിയപ്പെടുന്ന ജി. കെ. ചെസ്റ്റർട്ടൻ എഴുതിയ ഫ്രാൻസിസിന്റെ ജീവചരിത്രത്തിൽ പറയുന്നതെത്രയോ സത്യം: "ലോകത്തെ പരിപൂർണ്ണമായി ഉപേക്ഷിച്ചാൽ മാത്രമേ അതിനെ പൂർണ്ണമായി ആസ്വദിക്കാൻ സാധിക്കൂ." "ദൈവത്തിന്റെ കോമാളികൾക്ക്" മാത്രം സാധിക്കുന്ന ഒന്നാണിത്.

***ദൈവത്തിന്റെ പോളിഗ്ലോട്ട്***
(Polyglot)

മരണത്തിന് മൂന്ന് വർഷം മുൻപ്, ഹോണോറിയസ് മൂന്നാമൻ മാർപാപ്പയുടെ അനുമതിയോടെ ഇറ്റലിയിലെ ഗ്രേച്ചോയിലെ കുന്നിൻപുറത്ത് ഫ്രാൻസിസ് ലോകത്തിലെ ആദ്യത്തെ പുൽക്കൂട് ഒരുക്കി. ജീവനുള്ള കാളകളെയും കഴുതയെയും നവജാത ശിശുവിനെയും അണിനിരത്തിയ ആ പുൽക്കൂട് നമ്മോട് പറയുന്നതെന്താണ്? ദൈവം ദാരിദ്ര്യത്തിലും പുല്ലിലും മൃഗങ്ങളുടെ ശ്വാസത്തിലും ഭാഷയിലും മനുഷ്യനിലേക്ക് ഇറങ്ങിവന്നവനാണ് എന്നു തന്നെയല്ലേ? ക്രിസ്തു മനുഷ്യരുടെ ഭാഷ സ്വന്തമാക്കിയെങ്കിൽ രണ്ടാം ക്രിസ്തുവെന്ന് വിളിക്കപ്പെട്ട ഫ്രാൻസിസ് ക്രിസ്ത്വാനുകരണത്തിൽ ഒരു പോളിഗ്ലോട്ടായി. അവൻ മത്സ്യങ്ങളോടും പറവകളോടും ഗുബിയോയിലെ ചെന്നായയോടുപോലും ദൈവത്തിന്റെ നല്ല വിശേഷം പങ്കുവച്ചു.

കഠിനമായ മഞ്ഞുകാലത്ത്, പാറക്കെട്ടുകൾക്ക് നടുവിൽ ഉണങ്ങി നിൽക്കുന്ന ആൽമണ്ട് മരത്തോട് ഫ്രാൻസിസ് ഒന്നേ ആവശ്യപ്പെട്ടുള്ളൂ: "എന്നോട് ദൈവത്തെക്കുറിച്ച് പറയുക." ആ മരം മറുപടി നൽകി; എങ്ങനെയെന്നോ, അകാലത്തിൽ പൂത്തുലഞ്ഞുകൊണ്ട്! ദൈവഭാഷ പൂക്കുകയാണ്!

അഞ്ചാം കുരിശുയുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ, ഈജിപ്തിലെ ദാമിയേറ്റയിൽ വച്ച് ഫ്രാൻസിസ് നിരായുധനായി യുദ്ധമുഖം മുറിച്ചു കടക്കുകയും, സുൽത്താനായ അൽ-മാലിക് അൽ-കാമിലുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. "വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് സംവാദം" എന്ന് പറഞ്ഞ ഗുരുപരമ്പരയിലെ മൂത്താശാരിയാണ് ഫ്രാൻസിസ്. ഭാഷ സംഹരിക്കാനല്ല, സംവദിക്കാനാണ് എന്ന് ബാബേലിന്റെ മേസ്തിരിമാരെ ഓർമ്മപ്പെടുത്തുന്ന പന്തക്കുസ്തയുടെ മീഡീവൽ ആർക്കിടെക്റ്റ് ആണ് ഫ്രാൻസിസ്! നട്ടുച്ചക്ക് കിണറ്റിൻ കരയിലും സമരിയക്കാരിയോട് സംവദിച്ച നസ്രത്തിലെ തച്ചന്റെ ആരെയും അളക്കാത്ത മുഴക്കോൽ സ്വന്തമാക്കിയ ദൈവത്തിന്റെ പോളിഗ്ലോട്ട്! സുൽത്താൻ ഫ്ളാറ്റായതിൽ അത്ഭുതമെന്ത്?

***പള്ളിപണിക്കാരൻ!***

പത്രോസിനോട് "നീ എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" എന്നാണ് ക്രിസ്തു പറഞ്ഞതെങ്കിൽ "എന്റെ പള്ളി പണിയുക" എന്നാണ് ഫ്രാൻസിസിനോട് പറഞ്ഞത്. ആത്മീയതയിലെ തുടക്കക്കാരൻ ഈ വചനം ലിറ്ററൽ സെൻസിലെടുത്തു. തന്റെ കുതിരയെയും പിതാവിന്റെ വിലപിടിപ്പുള്ള തുണികളും വിറ്റ് കുമ്മായവും കല്ലുകളും വാങ്ങി സ്വന്തം കൈകൾകൊണ്ട്, തകർന്നുകിടന്ന സാൻ ദാമിയാനോ ദേവാലയം പണിതുയർത്തി. ചാപ്പൽ പുനർനിർമ്മിക്കുന്ന വേളയിൽ വഴിയാത്രക്കാരോട് ഫ്രാൻസിസ് പണത്തിന് പകരമായി കല്ലുകളാണ് യാചിച്ചത്: "ഒരു കല്ല് തരുന്നവന് രണ്ട് അനുഗ്രഹം!"

ഭൗതികമായ കല്ലുകൾ പെറുക്കിവച്ച് ദേവാലയം നന്നാക്കാനുള്ള ഫ്രാൻസിസിന്റെ ശ്രമം, മധ്യകാല സഭയുടെ ആത്മീയവും ധാർമ്മികവുമായ അപചയത്തെ പരിഹരിക്കാനുള്ള വലിയ ദൗത്യത്തിനുള്ള പരിശീലനമായി മാറുകയായിരുന്നു.

വലിയ ആത്മീയ നവീകരണങ്ങൾ ആരംഭിക്കുന്നത് നമ്മുടെ ജീവിത പരിസരത്തിലെ ഏറ്റവും ലളിതമായ ശുശ്രൂഷകളിൽ നിന്നാണെന്ന് ഓർമ്മിപ്പിക്കുന്നു ഫ്രാൻസിസിന്റെ പള്ളിപണി. സത്യത്തിൽ പള്ളിപണി ഒരിക്കലും തീരാൻ പാടില്ല. സ്വിസ് ദൈവശാസ്ത്രജ്ഞനായ കാൾ ബാർത്ത് ആവർത്തിച്ചിരുന്ന ഒരു ഘലമശേ ജവ്യമലെ ഉണ്ട്: ഋരരഹലശെമ ലൊുല്യ ൃലളീൃാമിറമ "സഭ എപ്പോഴും സ്വയം നവീകരിച്ചുകൊണ്ടേയിരിക്കണം" എന്നർത്ഥം. ഫ്രാൻസിസ് നിർത്തിയിടത്ത് നിന്ന് നമുക്ക് പള്ളി പണി തുടങ്ങിയാലോ? എല്ലാ പണിയും ആരംഭിക്കുന്നത് താഴത്ത് നിന്നാണ്!

***അത്യുന്നതന്റെ കുഴലൂത്തുകാരൻ!***

ആദ്യകാലത്ത് നഗ്നപാദനായി നടന്നു തുടങ്ങുമ്പോൾ സ്ഥലത്തെ സദാചാര പോലീസുകാർ ഫ്രാൻസിസിനെ ചോദ്യം ചെയ്യുന്നുണ്ട്. തങ്ങളുടെ സ്വത്വത്തെക്കുറിച്ച് മറവിയിലാണ്ട അവർ ഫ്രാൻസിസിന്റെ സ്വത്വത്തെ ചോദ്യം ചെയ്യുകയാണ്: "നീ ആരാണ്" എന്നതാണ് അവരുടെ ചോദ്യം? വിചാരണാവേളയിൽ ദൈവപുത്രനും നേരിട്ടത് ഈ ചോദ്യം തന്നെയാണ്. ഫ്രാൻസിസിന്റെ ഉത്തരം രസകരമാണ്: "ഞാൻ അത്യുന്നതന്റെ കുഴലൂത്തുകാരനാണ്!" മധ്യകാലത്ത് രാജാവിനും പ്രഭുക്കന്മാർക്കും വേണ്ടി കുഴലൂത്ത് നടത്തുന്ന സംഗീതജ്ഞന്മാർ ഉണ്ടായിരുന്നു. ഇവിടെയിതാ ദൈവത്തിന് വേണ്ടി പുതിയൊരു ഓർക്കസ്ട്ര കണ്ടക്ടർ! ഈ ഓർക്കസ്ട്രയിൽ കക്കോഫണി (Cacophony) അഥവാ "കലപില" ഇല്ല, ഒരുമയുടെ സംഫണിയേ ഉള്ളൂ! ഫ്രാൻസിസിന്റെ പാട്ടിൽ സൂര്യൻ സഹോദരനും ചന്ദ്രൻ സഹോദരിമായുമാണ്.

കാഴ്ച നഷ്ടപ്പെട്ട അവസ്ഥയിലും, ശരീരത്തിലെ പഞ്ചക്ഷതങ്ങളുടെ (Stigmata) കഠിനവേദനയിലും ഇറ്റാലിയൻ സാഹിത്യത്തിലെ ക്ലാസിക് കൃതിയായ "സൂര്യകീർത്തനം" (Canticle of

the Sun) ഫ്രാൻസിസ് രചിച്ചു. അന്ത്യമടുത്തുവെന്ന് ഡോക്ടർ അറിയിച്ചപ്പോൾ ഫ്രാൻസിസ് പാട്ടുപാടാൻ തുടങ്ങി. സ്വന്തമായി ഒന്നുമില്ലാത്തവനായി ലോകം വിടാൻ അദ്ദേഹം നഗ്നനായി ചാരത്തിൽ കിടത്താൻ ആവശ്യപ്പെട്ടു. ആകാശങ്ങളെ ധരിച്ച ദിഗംബരനായി പറുദീസയുടെ പടികയറുന്ന ഫ്രാൻസിസ്! ചാരം വാരിപ്പൂശിയാൽ മാത്രം ആരും സന്ന്യാസിയാവില്ല എന്ന ഓർമ്മപ്പെടുത്തൽ!

***സ്വർഗ്ഗത്തിന്റെ സ്വപ്നാടകൻ!***

ചരിത്രത്തിലെ എണ്ണം പറഞ്ഞ എല്ലാ സത്യാന്വേഷികൾക്കും ജീവിതത്തിന്റെ നിർണായക തീരുമാനങ്ങൾക്കു മുൻപ് സ്വപ്നങ്ങളുണ്ടാകുമായിരുന്നു. സോക്രട്ടീസും റെനെ ഡെക്കാർട്ടുമൊക്കെ ഇങ്ങനെ സ്വപ്നം കണ്ടവരാണ്. അവരുടെ ജീവിതത്തിലെ കടുത്ത ആശയക്കുഴപ്പങ്ങളാണ് സ്വപ്നരൂപത്തിൽ പരിഹാരം തേടിയത്. യുദ്ധം ജയിച്ച് മാടമ്പിയാകാൻ പോയ ഫ്രാൻസിസ് കണ്ട സ്വപ്നത്തിൽ അവൻ കേൾക്കുന്ന ചോദ്യം നമ്മൾ എല്ലാവരും കേൾക്കേണ്ട ചോദ്യമാണ്: "ആരാണ് നിന്റെ യജമാനൻ?" എന്നതാണാ ചോദ്യം. സ്വപ്നത്തിലെ ചോദ്യത്തിന് അവൻ ജീവിതംകൊണ്ട് ഉത്തരം കൊടുത്തു: "ദൈവമാണ് എന്റെ ഉടമ; ഇനി മുതൽ ഞാൻ ആരുടെയും അടിമയല്ല." സ്വപ്നത്തിന് ജിഎസ്ടി അടയ്ക്കണ്ട; ഫ്രീ ആയിട്ട് സ്വപ്നം കണ്ട് തുടങ്ങാം; ഉടമയെ തിരിച്ചറിയാം.

***ബ്രഹ്മത്തിൽ ചരിക്കുന്ന ബ്രഹ്മചാരി!***

"സ്ത്രീകളെ, ശിശുക്കളെ, പൂക്കളെ നോക്കാത്ത അലക്സിസ് പുണ്യാളൻ" എന്ന എൻ. വി. കൃഷ്ണവാര്യരുടെ കവിതയിലെ വരികൾ മധ്യകാല ആത്മീയതയിലെ നിഷേധാത്മകതയെ പ്രതിനിധാനം ചെയ്യുന്നതാണ്. ആത്മാവിൽ ആരംഭിച്ച് മാംസത്തിൽ അവസാനിക്കുന്ന ബന്ധങ്ങളെക്കുറിച്ച് സെന്റ് പോൾ വ്യാകുലപ്പെടുന്നുണ്ട്. അവിടെയാണ് ഫ്രാൻസിസും ക്ലാരയും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമം നമ്മെ അത്ഭുതപ്പെടുത്തുന്നത്. ഇനി എന്നാണ് മഠത്തിലേക്ക് വരുന്നതെന്ന് ക്ലാര ചോദിക്കുമ്പോൾ ഫ്രാൻസിസ് പറയുന്നുണ്ട്: "ക്ലാര താമസിക്കുന്ന "സാൻ ദാമിയാനോ" മുതൽ ഫ്രാൻസിസിന്റെ ആശ്രമമായ പോർസ്യൂങ്കുള വരെ വെള്ള പൂക്കൾ വിരിയുമ്പോൾ വരാം" എന്ന്. മഞ്ഞ് പെയ്യുന്ന അതിശൈത്യത്തിലും ഈ വഴിത്താരയിൽ വിശുദ്ധിയുടെ വെള്ളപ്പൂക്കൾ വിരിയുന്നത് നമ്മൾ വായിക്കുമ്പോൾ ആത്മീയ സൗഹൃദങ്ങളിൽ ഉണ്ടാകേണ്ട സുതാര്യത ദൃശ്യമാകുന്നു. "മാംസനിബദ്ധമല്ല രാഗം" എന്ന് മലയാളത്തിന്റെ മഹാകവി എഴുതുന്നതിന് നൂറ്റാണ്ടുകൾക്കു മുൻപ് ദൈവികപ്രേമത്തിന്റെ ഉത്തമഗീതം ആലപിച്ച ഒരു ഋഷിതുല്യനെ നമ്മൾ കണ്ടുമുട്ടുന്നു. പ്രളയത്തിന്റെ കെടുതികൾക്കപ്പുറത്ത് പ്രത്യാശയുടെ ഒലിവില കൊത്തിക്കൊണ്ടുവരാൻ നോഹയാൽ നിയോഗിക്കപ്പെട്ട വെള്ളരിപ്രാവുകൾ മൃതശരീരങ്ങൾക്കിടയിൽ ലക്ഷ്യം മറന്ന മലങ്കാക്കകൾ ആവുമ്പോൾ ആത്മീയതയുടെ സൗഹൃദ തണലുകൾ കരിഞ്ഞുണങ്ങുന്നു. ബ്രഹ്മത്തിൽ ചരിക്കുന്ന ബ്രഹ്മചാരിക്കല്ലേ നിത്യതയുടെ "ഉത്തമഗീതങ്ങൾ" കമ്പോസ് ചെയ്യാൻ പറ്റൂ!

***ഇമ്മിണി വല്യ 'നിസാര സഹോദരൻ"***

തങ്ങളുടെ സമൂഹത്തെ ഫ്രാൻസിസ് വിളിച്ചത് "നിസാര സഹോദരന്മാരുടെ സമൂഹം" (Ordo Fratum Minorum-OFM) എന്നാണ്. കൊടും തണുപ്പിലും മഴയിലും വിറച്ച് ലിയോ സഹോദരനൊപ്പം നടക്കുമ്പോൾ, മനുഷ്യർ സന്തോഷം എന്ന് കരുതുന്ന സകല ധാരണകളേയും ഫ്രാൻസിസ് തിരുത്തുന്നുണ്ട്. രാജാക്കന്മാരെ മാനസാന്തരപ്പെടുത്തുന്നതിലോ, മരിച്ചവരെ ഉയിർപ്പിക്കുന്നതിലോ, വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിലോ അല്ല പൂർണ്ണ ആനന്ദം ഉള്ളത്. മറിച്ച്, രാത്രി വൈകി ആശ്രമവാതിലിൽ എത്തുമ്പോൾ, കള്ളനെന്നും കപടനെന്നും വിളിച്ച് വടികൊണ്ട് അടിക്കുകയും മഞ്ഞിലേക്ക് തള്ളിയിടുകയും ചെയ്യുമ്പോൾ, യാതൊരു കയ്പുമില്ലാതെ ക്ഷമയോടെ അത് സഹിക്കുകയും ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരാൻ കഴിഞ്ഞതിൽ സന്തോഷിക്കുകയും ചെയ്യുന്നതിലാണ് പൂർണ്ണ ആനന്ദം. ലോകത്തിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാത്ത ഒരു ആത്മാവിൽ നിന്ന് സമാധാനം കവർന്നെടുക്കാൻ ലോകത്തിന് ഒരിക്കലും സാധിക്കില്ല എന്ന് കരുതിയ ഫ്രാൻസിസ്!

മരണത്തെ "സഹോദരി" എന്ന് വിളിക്കാൻ ഭയത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും പൂർണ്ണമായ മോചനം ആവശ്യമാണ്. ജീവിതത്തെ ഒരു സമ്മാനമായി മാത്രം കാണുന്ന ഒരാൾക്ക്, ശരീരത്തിന്റെ മരണംപോലും സ്വന്തം ഭവനത്തിലേക്കുള്ള മടക്കയാത്ര മാത്രമായി മാറുന്നു. ഈ വിശുദ്ധ സ്വാതന്ത്ര്യത്തെയാണ് "ദൈവത്തിന്റെ നിസ്വൻ" (ഏീറ'െ ജമൗുലൃ) എന്ന വിഖ്യാത കൃതി എഴുതി കസാൻദ്സാക്കീസ് ഏറെ പ്രശംസിച്ചത്.

***പിൻകുറിപ്പ്!***

***ഫ്രാൻസിസ് നിത്യതയിലേക്കു മടങ്ങിയിട്ട് 800 വർഷം തികയുകയാണ്. "ദൈവത്തിന്റെ കോമാളി"കൾക്ക് ഇനിയും പണിയാൻ പള്ളികൾ ബാക്കി വച്ചിട്ടാണ് ഫ്രാൻസിസ് മടങ്ങിയത്. ചരിത്രത്തിൽ ആദ്യമായി ഒരു ജെസ്യൂട്ട് പാപ്പ "ഫ്രാൻസിസ്" എന്ന ആ പേര് സ്വീകരിച്ചപ്പോൾ ഒരു മഹാബലി മടങ്ങി വന്ന "നവീകരണ സിനഡൽകാലം" ചിലർക്കെങ്കിലും അനുഭവവേദ്യമായി. സിനഡാലിറ്റി പാതി വഴിയിലാണിത്. ഫ്രാൻസിസിന്റെ സന്തത സഹചാരിയായിരുന്ന ലിയോയുടെ പേരാണ് പുതിയ പാപ്പ സ്വീകരിച്ചത് എന്നത് പള്ളിപണി തീർന്നിട്ടില്ല എന്നതിന്റെ സൂചന തന്നെയാണ്. പള്ളിപണിക്ക് കല്ലുകൾ ആവശ്യമുണ്ട്, ഹോൾസെയിലായും റീട്ടെയിൽ ആയും! "ഒരു കല്ല് തരുന്നവന് രണ്ട് അനുഗ്രഹം!'***

# വി. ഫ്രാൻസിസ് അസ്സീസിയുടെ പ്രകൃതിദർശനം



ഫാ. ജോസഫ് രാജൻ കിഴവന



*"ഇനിയും മരിക്കാത്ത ഭൂമി, നിന്നീ-*
*യാസന്നമൃതിയിൽ നിനക്കാത്മശാന്തി!*
*ഇതുനിന്റെ മാത്രം മരണമല്ല,*
*ഇതു നിന്റെ മക്കളാം ഞങ്ങടെയും മരണം!"*

ജ്ഞാനപീഠ പുരസ്കാര ജേതാവായ ഒ.എൻ.വി. കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീതം' എന്ന വിഖ്യാത കവിതയിലെ ഈ വരികൾ, കേവലം സാഹിത്യസൗന്ദര്യമുള്ള ചിന്തകളല്ല, മറിച്ച് വിനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന മാനവരാശിയുടെ ഭവിഷ്യത്തിനെക്കുറിച്ചുള്ള പ്രവാചകതുല്യമായ മുന്നറിയിപ്പാണ്. പുരോഗതിയുടെയും വ്യാവസായിക വികസനത്തിന്റെയും മറവിൽ പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതമായ കടന്നുകയറ്റങ്ങൾ ഭൂമിയുടെ സന്തുലിതാവസ്ഥയെത്തന്നെ തകർത്തെറിഞ്ഞിരിക്കുന്നു.

എൽ നിനോ ഉൾപ്പെടെയുള്ള ആഗോള കാലാവസ്ഥാ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാ

തങ്ങൾ സമാനതകളില്ലാത്ത പ്രകൃതിദുരന്തങ്ങളായി ഇന്ന് നാം അനുഭവിക്കുകയാണ്. അകാല ത്തിലുള്ള കനത്ത മഴയും അപ്ര തീക്ഷിത പ്രളയങ്ങളും ഭൂഗോള ത്തിന്റെ വിവിധ ഭാഗങ്ങളിൽ ദശ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും ഉപജീവനത്തിനും ഭീഷ ണിയാകുന്നു.

ഇന്ത്യയിൽ സമീപകാലത്തുണ്ടായ സംഭവവികാസങ്ങൾ ഈ വിനാശ ത്തിന്റെ ആഴം വ്യക്തമാക്കുന്നു. സമാനതകളില്ലാത്ത പ്രകൃതി ക്ഷോഭങ്ങളിൽ രാജ്യത്താകമാനം നൂറിലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും ആസ്സാം, ഒഢീഷ എന്നീ സംസ്ഥാനങ്ങളിൽ ദശലക്ഷക്കണക്കിന് ജനങ്ങൾ ഭവ നരഹിതരാക്കപ്പെടുകയും ചെയ്തു. കേരളത്തിലാകട്ടെ, 2026 ജൂലൈ അവസാനത്തോടെ ആരം ഭിച്ച് ഓഗസ്റ്റ് ആദ്യവാരത്തിൽ കടുപ്പമാർജ്ജിച്ച മൺസൂൺ ദുര ന്തങ്ങളിൽ, 24 മണിക്കൂറിനുള്ളിൽ 300 മില്ലീമീറ്ററലധികം മഴ രേഖ പ്പെടുത്തിയ മേഘവിസ്ഫോടന സമാനമായ സാഹചര്യങ്ങളാണു ണ്ടായത്. വയനാട്, ഇടുക്കി, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ മലയോര-തീരദേശ മേഖ ലകളിൽ ഉണ്ടായ കനത്ത ഉരുൾപൊട്ടലുകളും പ്രളയങ്ങളും മനുഷ്യന്റെ അത്യാഗ്രഹത്തിന് പ്രകൃതി നൽകുന്ന കടുത്ത തിരി ച്ചടിയുടെ ഉദാഹരണങ്ങളാണ്.

ഈ പാരിസ്ഥിതിക തകർച്ചയുടെ പശ്ചാത്തലത്തിലാണ് 1979-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയാൽ പരിസ്ഥിതി പ്രവർത്ത കരുടെ സ്വർഗ്ഗീയ മധ്യസ്ഥനായി പ്രഖ്യാപിക്കപ്പെട്ട വി. ഫ്രാൻസിസ് അസ്സീസിയുടെ (1181-1226) പാരി സ്ഥിതിക ദർശനങ്ങൾ കൂടുതൽ പ്രസക്തമാകുന്നത്. പ്രകൃതിയെ ചൂഷണം ചെയ്യാനുള്ള കേവല വസ്തുവായി കാണാതെ, ദൈവ ത്തിന്റെ സൃഷ്ടി മഹത്വത്തിന്റെ പ്രതിഫലനമായി ദർശിച്ച ആദ്യത്തെ മഹാനായ ആത്മീയ പരിസ്ഥിതി ശാസ്ത്രജ്ഞൻ (Ecologist) ആയിരുന്നു അദ്ദേഹം.

2023 മുതൽ 2026 വരെ അസ്സീസി യിലെ ഫ്രാൻസിസ് പുണ്യവാ ളന്റെ ജീവിതത്തിലെ നാല് പ്രധാ നപ്പെട്ട ചരിത്ര സംഭവങ്ങളുടെ എണ്ണൂറാം വാർഷികമാണ് ഫ്രാൻസിസ്കൻ ജൂബിലിയായി ആചരിക്കപ്പെടുന്നത്. വിശുദ്ധന്റെ ജീവിതത്തിലെ ഈ നാല് പ്രധാന പ്പെട്ട വാർഷിക തിരുനാളുകൾ സഭയ്ക്കും പൊതുസമൂഹത്തിനും ഒരേപോലെ ചിന്തോദ്ദീപകമാണ്.

*2023 മുതൽ 2026 വരെ അസ്സീസിയിലെ ഫ്രാൻസിസ് പുണ്യ വാളന്റെ ജീവിത ത്തിലെ നാല് പ്രധാ നപ്പെട്ട ചരിത്ര സംഭ വങ്ങളുടെ എണ്ണൂറാം വാർഷികമാണ് ഫ്രാൻസിസ്കൻ ജൂബിലിയായി ആച രിക്കപ്പെടുന്നത്.*

***2023: ഫ്രാൻസിസ്കൻ സഭാ നിയമാവലിയുടെയും ഗ്രേച്ചിയോയിൽ ആദ്യമായി പുൽക്കൂട് ഒരുക്കിയതിന്റെയും എണ്ണൂറാം വാർഷികം.***

***2024: വിശുദ്ധന്റെ ശരീര ത്തിൽ പഞ്ചക്ഷതങ്ങൾ പതിഞ്ഞ തിന്റെ എണ്ണൂറാം വാർഷികം.***

***2025: പ്രകൃതിയിലെ സമസ്ത ഘടകങ്ങളെയും ദൈവ സൃഷ്ടിയായി വാഴ്ത്തുന്ന അദ്ദേ ഹത്തിന്റെ അദ്വിതീയ കൃതിയായ 'സൂര്യഗീതം' രചിക്കപ്പെട്ടതിന്റെ എണ്ണൂറാം വാർഷികം.***

***2026: വി. ഫ്രാൻസിസ് അസ്സീസി യുടെ നിത്യസമ്മാനത്തിന്റെയും മരണത്തിന്റെയും എണ്ണൂറാം വാർഷികം.***

സൂര്യനെ 'സഹോദരൻ' എന്നും ചന്ദ്രനെയും ഭൂമിയെയും 'സഹോ ദരി' എന്നും അഭിസംബോധന ചെയ്ത വി. ഫ്രാൻസിസ്, സകല സൃഷ്ടികളോടുമുള്ള സാഹോദര്യ മാണ് ആത്മീയതയുടെ കാതൽ എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്നു.

***പാരിസ്ഥിതിക പാപങ്ങളും (Ecological Sins) തിരുസഭാ പ്രബോധനങ്ങളും***

പാരിസ്ഥിതിക സംരക്ഷണം കേവലം ഭൗതികമോ രാഷ്ട്രീ യമോ ആയ വിഷയമല്ല, മറിച്ച് അത് പ്രഥമദൃഷ്ട്യാ ധാർമ്മികവും ദൈവശാസ്ത്രപരവുമായ കടമയാ ണെന്ന് തിരുസഭ അടിയറവില്ലാതെ പഠിപ്പിക്കുന്നു. 2019-ൽ നടന്ന ആമ സോൺ സിനഡിൽ ഔദ്യോഗിക മായി കൂടുതൽ വ്യക്തത കൈവ രിച്ച 'പാരിസ്ഥിതിക പാപം' എന്ന ആശയം, സൃഷ്ടികർമ്മത്തോട് മനുഷ്യൻ ബോധപൂർവ്വം കാണി ക്കുന്ന അനീതികളെ ചൂണ്ടിക്കാണി ക്കുന്നു. ഫ്രാൻസിസ് പാപ്പ വ്യക്ത മാക്കുന്നത് പോലെ, പ്രകൃതിയുടെ ജൈവവൈവിധ്യം തകർക്കുന്നതും, വായുവും ജലവും മലിനമാക്കുന്ന തും, വനങ്ങൾ നശിപ്പിക്കുന്നതും ദൈവത്തോടും സഹജീവികളോടു മുള്ള പാപമാണ്.

കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം (Catechism of the Catholic Church) ഇപ്രകാരം പ്രഖ്യാപിക്കുന്നു.

പ്രധാനമായും നാല് മേഖലകളി ലാണ് ഈ പാരിസ്ഥിതിക പാപ ങ്ങൾ അടയാളപ്പെടുത്തുന്നത്:

***തലമുറകളോടുള്ള അനീതി***

ഭൂമിയിലെ വിഭവങ്ങൾ മുഴുവൻ നമ്മുടെ തലമുറയ്ക്ക് മാത്രം ജീവി ക്കാനുള്ളതല്ല. വരുംതലമുറകൾക്ക് ജീവിക്കാൻ സാധിക്കാത്തവണ്ണം ഭൂമിയെ മലിനമാക്കുകയും വിഭവ ങ്ങൾ ചൂഷണം ചെയ്ത് തീർക്കു കയും ചെയ്യുന്നത് അപ്പസ്തോ ലിക് പ്രബോധനങ്ങൾ പ്രകാരം വലിയൊരു പാപമാണ്.

***ദരിദ്രരെ പാർശ്വവൽകരിക്കൽ***

പരിസ്ഥിതി മലിനീകരണത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും ദുരന്തഫലങ്ങൾ ആദ്യം അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ടവരും പാർശ്വവൽകരിക്കപ്പെട്ടവരുമാണ് (ഉദാഹരണത്തിന്: കർഷകർ, മത്സ്യത്തൊഴിലാളികൾ). വികസിത രാജ്യങ്ങളുടെയും വൻകിട കോർപ്പറേറ്റുകളുടെയും അത്യാഗ്രഹം മൂലം പാവപ്പെട്ടവരുടെ ജീവനും ഉപജീവനത്തിനും തടസ്സം സൃഷ്ടിക്കുന്നത് ധാർമ്മികമായ തെറ്റാണ്.

***ഉപഭോഗ സംസ്കാരത്തിന്റെ ആധിക്യം***

വസ്തുക്കൾ ഉപയോഗിച്ച ശേഷം എളുപ്പം വലിച്ചെറിയുന്ന സംസ്കാരം ഇന്ന് പ്ലാസ്റ്റിക് മലിനീകരണത്തിന് പ്രധാന കാരണമാണ്. ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതും, ആഹാരം പാഴാക്കിക്കളയുന്നതും സഭ വലിയ പാപമായി കാണുന്നു. കാരണം, നാം പാഴാക്കുന്ന ആഹാരം പാവപ്പെട്ടവന്റെ മേശയിൽ നിന്ന് മോഷ്ടിക്കുന്നതിന് തുല്യമാണെന്നാണ് സഭ പഠിപ്പിക്കുന്നത്.

**ജൈവവൈവിധ്യ നാശം**

ലാഭക്കൊതി മൂലം കാടുകൾ വെട്ടിനശിപ്പിക്കുമ്പോൾ ദൈവത്തിന്റെ അതുല്യമായ സൃഷ്ടികളായ അനേകം ജീവജാലങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയാണ് ഇല്ലാതാകുന്നത്. ഒരു ജീവിവർഗ്ഗത്തിന്റെ വംശനാശത്തിന് മനുഷ്യൻ കാരണമാകുന്നത് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന് മേലുള്ള കടന്നുകയറ്റമാണ്.

***പാരിസ്ഥിതിക മാനസാന്തരത്തിലേക്കുള്ള പടവുകൾ***

യഥാർത്ഥമായ ഒരു വീണ്ടെടുപ്പ് സാധ്യമാകണമെങ്കിൽ, മാനവരാശി മൂന്ന് ഘട്ടങ്ങളിലൂടെയുള്ള 'പാരിസ്ഥിതിക മാനസാന്തരത്തിന്' (Ecological Conversion) വിധേയരാകണമെന്ന് സഭ ആഹ്വാനം ചെയ്യുന്നു.

***പാരിസ്ഥിതിക ബോധോദയം –*** പാരിസ്ഥിതിക പശ്ചാത്താപവും കുമ്പസാരവും–ഹരിത ജീവിത ശൈലി സ്വീകരിക്കൽ

***അറിവും ബോധ്യവും***

(Awareness): സ്വാർത്ഥപരമായ പ്രവൃത്തികളിലൂടെ പ്രകൃതിക്ക് വരുത്തിവച്ച നാശനഷ്ടങ്ങളെക്കുറിച്ചുള്ള ഉത്തമ ബോധ്യമുണ്ടാകുക.

***പശ്ചാത്താപം (***Repentance***):*** വിഭവങ്ങൾ പാഴാക്കിയതിലും ദൈവത്തിന്റെ സൃഷ്ടിയെ പരിപാലിക്കാതിരുന്നതിലും മനംനൊന്ത് കുമ്പസാരിക്കുകയും മാപ്പപേക്ഷിക്കുകയും ചെയ്യുക (പാരിസ്ഥിതിക കുമ്പസാരം).

***പരിഹാരപ്രവൃത്തി***

***(***Amendment***)***: അത്യാഗ്രഹങ്ങൾ വെടിഞ്ഞ് ലളിതജീവിതം നയിക്കാനും, വനനവൽകരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും പങ്കാളികളാകാനും ദൃഢനിശ്ചയമെടുക്കുക.




# ഫ്രാൻസിസ്



സച്ചിതാനന്ദൻ

ഞാൻ, അസ്സീസ്സിയിലെ ഫ്രാൻസിസ്,
ഇലകൾക്കൊപ്പം വിടരുന്നവൻ
വേരുകൾക്കൊപ്പം പടരുന്നവൻ
പൂക്കളിൽ മണക്കുന്നവൻ,
പഴങ്ങളിൽ മധുരിക്കുന്നവൻ.
ഭൂമിമുഴുവൻ എന്റെ മുറ്റം
മല, എന്റെ മുത്തച്ഛൻ,
എന്നെ മുതുകിലേറ്റി ഓമനിച്ചു
മഴ, എന്റെ മുത്തശ്ശി,
എന്നെ കുളിരുകൊണ്ടു പുതപ്പിച്ചു
എന്റെയമ്മ കാട്
അവളെനിക്കു തണലും കനിയും തന്നു
എന്റെയച്ഛൻ കാറ്റ്
അവനെനിക്ക് തണലും കനിയും തന്നു
എന്റെയച്ഛൻ കാറ്റ്
അവനെന്നെ ഉലകം മുഴുവൻ കാട്ടിത്തന്നു
ചന്ദ്രൻ എന്നെ സ്വപ്നംകാണിച്ചുറക്കി
സൂര്യൻ എന്നെ തൊട്ടുവിളിച്ചുണർത്തി
എന്റെ ചുമലിൽ പറന്നിരിക്കുന്നു
പിറാക്കുകളും മേഘങ്ങളും,
എന്റെ മടിയിൽ തുള്ളിക്കളിക്കുന്നു
ചെന്നായ്ക്കുട്ടികളും തിരമാലകളും.
അലറുന്ന കൊടുങ്കാറ്റിനെ
ഞാൻ സട തലോടി മെരുക്കുന്നു
കടിഞ്ഞാണു പൊട്ടിച്ച പ്രളയം

ഞാൻ സ്നേഹിക്കുന്നു,
അതുകൊണ്ട് ഞാൻ നിലനിൽക്കുന്നു.
എന്റെ തലോടലേറ്റ തോക്കുകൾ
വിശക്കുന്നവർക്കായി അപ്പം വർഷിക്കുന്നു.
അദ്ധ്വാനിയുടെ വിയർപ്പെന്റേത്
അടിമയുടെ കുരിശെന്റേത്
തടവറയിലെ മൃതിയെന്റേത്
അടർക്കളത്തിലെ ബലിയെന്റേത്.
ആയുധങ്ങളുടെ കലവറയൊഴിയുകയും
കടലേഴും ചോരയാൽ നിറയുകയും ചെയ്യുമ്പോൾ
നിങ്ങൾ എന്നിലേയ്ക്കു വരും
നാം പണിയും പുതിയ യരുശലേം
മരിച്ച ഓരോ മനുഷ്യനും മൃഗത്തിനും
ഓരോ കല്ല് കണ്ണീരിൽ പടുത്തുകൊണ്ട്.
കിളിത്തൂവലുകളിൽ നാം പറക്കും,
അന്യഗ്രഹങ്ങളിലേയ്ക്ക്,
കതിർക്കുലകളും ഒലീവിലകളുമായി.



# ശൂന്യമായ കസേര



ഏലിയാമ്മ നിമ



എല്ലാ ദിവസവും രാവിലെ എട്ടുമണിക്ക്, പത്രം വായിച്ചുകൊണ്ട് ജോസഫ് ചേട്ടൻ തന്റെ വീടിന്റെ വരാന്തയിലെ കസേരയിൽ ഇരിക്കും. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും സ്ഥിരമായ ശീലങ്ങളിലൊന്നായിരുനനു. ഭാര്യ മരിച്ചിട്ട് പത്ത് വർഷമായി. മക്കൾ രണ്ടുപേരും ദൂരെയുള്ള നഗരങ്ങളിൽ കുടുംബത്തോടൊപ്പം കഴിയുന്നു. ഇടയ്ക്കൊക്കെ ഫോൺ വിളിക്കും. ഉത്സവങ്ങൾക്ക് വരും. പിന്നെ തിരികെ പോകും.
ജോസഫ് ചേട്ടന് അതിൽ പരാതിയൊന്നുമില്ലായിരുന്നു. “ഓരോരുത്തർക്കും അവരവരുടെ ജീവിതമുണ്ട്.” അദ്ദേഹം പറയുമായിരുന്നു.
എന്നാൽ വരാന്തയിൽ രണ്ട് കസേരകളുണ്ടായിരുന്നു. ഒന്ന് അദ്ദേഹം ഇരിക്കുന്നതിന്. മറ്റൊന്ന് എപ്പോഴും ശൂന്യമായി. അയൽവാസികൾ പലപ്പോഴും ചോദിക്കും.
‘ജോസഫേട്ടാ, ആ രണ്ടാമത്തെ കസേര എന്തിനാണ് അവിടെ വച്ചിരിക്കുന്നത്?”
അദ്ദേഹം ചിരിച്ചുകൊണ്ട് പറയും: “ആർക്കെങ്കിലും ഇരിക്കണമെങ്കിൽ ഒരു കസേര ഒഴിവുണ്ടാകണം.” അത്രമാത്രം.
ഒരു മഴക്കാല പ്രഭാതം.
ജോസഫ് ചേട്ടൻ പതിവുപോലെ പത്രവുമായി ഇരിക്കുകയായിരുന്നു.
അപ്പോൾ വഴിയിലൂടെ സ്കൂളിലേക്ക് പോകുന്ന ഒരു പെൺകുട്ടി മഴയിൽ നനഞ്ഞുകൊണ്ട് ഓടിവന്നു. അവളുടെ കുട കാറ്റിൽ ഒടിഞ്ഞുപോയിരുന്നു. ജോസഫ് ചേട്ടൻ അവളെ വിളിച്ചു.
‘മോളേ, ഇവിടെ ഇരുന്നോളൂ. മഴ കുറയട്ടെ.”
അവൾ മടിച്ചുകൊണ്ട് ശൂന്യമായ കസേരയിൽ ഇരുന്നു. അൽപ്പസമയത്തിനുശേഷം മഴ കുറഞ്ഞു.
“നന്ദി ചേട്ടാ” അവൾ പറഞ്ഞു.
അവൾ പോയി.
അടുത്ത ദിവസം വീണ്ടും വന്നു.
മൂന്നാം ദിവസവും.
പതിയെ അത് ഒരു ശീലമായി.
സ്കൂളിലേക്ക് പോകുന്നതിന്

മുമ്പ് അവൾ കുറച്ചുനേരം ആ ശൂന്യമായ കസേരയിൽ ഇറിക്കും.
ജോസഫ് ചേട്ടൻ പത്രം വായിക്കും.
അവൾ പുസ്തകം വായിക്കും.
അവർ അധികം സംസാരിച്ചില്ല.
എന്നാൽ ആ നിശ്ശബ്ദതയിൽ ഒരു സൗഹൃദം വളർന്നു.
ഒരുദിവസം പെൺകുട്ടി ചോദിച്ചു:
‘ചേട്ടാ, നിങ്ങൾ എപ്പോഴും ഒറ്റയ്ക്കാണോ?”
ജോസഫ് ചേട്ടൻ പത്രത്തിൽനിന്ന് കണ്ണുയർത്തി
‘അതെ.”
‘നിങ്ങൾക്ക് വിഷമമില്ലേ?”
അദ്ദേഹം കുറച്ചുനേരം ആലോചിച്ചു.
‘ഒറ്റയ്ക്കായിരിക്കുക എന്നത് വിഷമമല്ല മോളേ. നമ്മളെ ആരും ഓർക്കുന്നില്ലെന്ന് തോന്നുമ്പോഴാണ് വിഷമം.”
പെൺകുട്ടി ഒന്നും പറഞ്ഞില്ല.
അന്ന് അവൾ സ്കൂളിലേക്ക് പോയില്ല.
കുറച്ചുനേരം അദ്ദേഹത്തോടൊപ്പം ഇരുന്നു.
കാലം കടന്നുപോയി
പെൺകുട്ടി വലുതായി
സ്കൂൾ കഴിഞ്ഞു.
കോളേജിൽ ചേർന്നു.
ഒരു ദിവസം അവൾ ജോസഫ് ചേട്ടന്റെ വീട്ടിലെത്തി.
‘ഞാൻ നാളെ പഠിക്കാൻ മറ്റൊരു നഗരത്തിലേക്ക് പോകുകയാണ്.”
ജോസഫ് ചേട്ടൻ പുഞ്ചിരിച്ചു.
‘നന്നായി പഠിക്കണം.”
അവൾ ശൂന്യമായ കസേരയിലേക്ക് നോക്കി.
‘ഞാൻ പോയാൽ ഈ കസേര വീണ്ടും ശൂന്യമാകുമല്ലോ?”
ജോസഫ് ചേട്ടൻ ചിരിച്ചു.
‘അത് ശൂന്യമായിരിക്കട്ടെ. മറ്റൊരാൾക്ക് ഇരിക്കാൻ.”
അവൾ യാത്രയായി.
വർഷങ്ങൾക്കുശേഷം...
ജോസഫ് ചേട്ടന്റെ വീടിന്റെ വരാന്തയിൽ അതേ രണ്ട് കസേരകൾ ഉണ്ടായിരുന്നു.
അദ്ദേഹം ഇപ്പോൾ കൂടുതൽ പ്രായമായിരുന്നു. നടക്കാൻ ബുദ്ധിമുട്ട്. കാഴ്ചയും കുറഞ്ഞു.
എങ്കിലും എല്ലാ രാവിലെയും അദ്ദേഹം വരാന്തയിലെത്തും.
ഒരുദിവസം അയൽവാസിയായ ഒരു ബാലൻ ചോദിച്ചു:
‘ജോസഫേട്ടാ, നിങ്ങൾക്ക് ഇനി പത്രം വായിക്കാൻപോലും കഴിയില്ലല്ലോ. പിന്നെ എന്തിനാണ് ഇവിടെ ഇരിക്കുന്നത്?”
ജോസഫ് ചേട്ടൻ ശൂന്യമായ കസേരയിലേക്ക് നോക്കി.
‘ആരെങ്കിലും വരുമോ എന്നറിയില്ല. പക്ഷേ കസേര ഒഴിഞ്ഞുവയ്ക്കുന്നത് നല്ലതാണ്.”
അന്ന് വൈകുന്നേരം ഒരു കാർ വീടിന്റെ മുന്നിൽ വന്നു നിന്നു.
വർഷങ്ങൾക്ക് മുൻപ് മഴയത്ത് ആ കസേരയിൽ ഇരുന്ന പെൺകുട്ടിയായിരുന്നു അത്.
ഇപ്പോൾ അവൾ ഒരു അദ്ധ്യാപിക.
അവൾ കാറിൽനിന്നിറങ്ങി ജോസഫ് ചേട്ടന്റെ അരികിൽ ഇരുന്നു.
കുറച്ചുനേരം അവർ ഒന്നും സംസാരിച്ചില്ല.
പിന്നെ അവൾ പതുക്കെ പറഞ്ഞു:
‘ചേട്ടാ.... എന്നെ ഓർമ്മയുണ്ടോ?”
ജോസഫ് ചേട്ടൻ കണ്ണുകൾ ചുരുക്കി അവളുടെ മുഖത്തേക്ക് നോക്കി.
‘മുഖം കുറച്ച് മാറിയല്ലോ മോളേ....”
അവൾ ചിരിച്ചു.
‘പക്ഷേ ഈ കസേര മാറിയിട്ടില്ല.”
ജോസഫ് ചേട്ടൻ ഒന്നും പറഞ്ഞില്ല.
അവൾ കുറച്ചുനേരം ആ കസേരയിൽ കൈവച്ചിരുന്നു.
‘ഞാൻ കോളേജിൽ പോയതിനുശേഷം പലതവണ ഇവിടേക്ക് വരണമെന്ന് വിചാരിച്ചു. പക്ഷേ ഓരോ തവണയും എന്തെങ്കിലും കാരണമായി. ഇന്ന് വരണം എന്ന് തോന്നി... അതുകൊണ്ട് വന്നു.”
ജോസഫ് ചേട്ടൻ മൃദുവായി ചോദിച്ചു:
‘എന്തിനാ ഇത്ര വർഷം കഴിഞ്ഞ്?”
അവൾ അദ്ദേഹത്തെ നോക്കി.
‘എനിക്ക് പറയാൻ ഒരു നന്ദിയുണ്ടായിരുന്നു.”
‘എന്തിനുള്ള നന്ദി?”
അവൾ ചിരിച്ചു.
‘അന്നൊന്നും നിങ്ങൾ എനിക്ക് വലിയ സഹായമൊന്നും ചെയ്തില്ലല്ലോ ചേട്ടാ. മഴയത്ത് കുറച്ചു നേരം ഇരിക്കാൻ ഒരു കസേര തന്നതല്ലേ?”
ജോസഫ് ചേട്ടന്റെ മുഖത്ത് ഒരു ചെറിയ പുഞ്ചിരി വിരിഞ്ഞു.
അവൾ തുടർന്നു:
‘പക്ഷേ അന്ന്.... ആരും എന്നെ കാത്തിരിക്കുന്നില്ലെന്ന് തോന്നിയിരുന്ന സമയമായിരുന്നു. ഇവിടെ വന്നപ്പോൾ മാത്രം തോന്നി-എനിക്കായി ഒരിടമെങ്കിലും ഉണ്ടെന്ന്.”
ജോസഫ് ചേട്ടൻ പതുക്കെ അവളുടെ കൈയിൽ കൈവച്ചു.
വരാന്തയിൽ കുറച്ചുനേരം വീണ്ടും നിശ്ശബ്ദത നിറഞ്ഞു.
പുറത്ത് സന്ധ്യ ഇറങ്ങുകയായിരുന്നു.
പള്ളിയിൽനിന്ന് മണിനാദം കേട്ടു.
അവൾ എഴുന്നേറ്റ് പോകാൻ തയ്യാറായപ്പോൾ ജോസഫ് ചേട്ടൻ ചോദിച്ചു:
‘ഇനി വരുമോ മോളേ?”
അവൾ തിരിഞ്ഞു നോക്കി.
‘വരും ചേട്ടാ.”
അവൾ പോയി.
ജോസഫ് ചേട്ടൻ കുറച്ചുനേരം അവൾ പോയ വഴിയിലേക്ക് നോക്കിയിരുന്നു.
പിന്നെ പതുക്കെ എഴുന്നേറ്റ് അകത്തേക്ക് പോയി.
അൽപ്പസമയം കഴിഞ്ഞ് തിരികെ വന്നു.
പള്ളിയിലെ മണി വീണ്ടും മുഴങ്ങി.
ജോസഫ് ചേട്ടൻ പുഞ്ചിരിച്ചു ആ ശൂന്യമായ കസേരയിലേക്ക് നോക്കി.
ഒരുപക്ഷേ, നാളെ ആരെങ്കിലും വരും.
അദ്ദേഹത്തിന് അറിയില്ലായിരുന്നു, ആ കസേരയിൽ ഇരുന്ന ആ ചെറിയ പെൺകുട്ടിയുടെ ജീവിതത്തിൽ താൻ എത്ര വലിയൊരു ഓർമ്മയായി മാറിയെന്ന്.
അദ്ദേഹം ചെയ്തത് വലിയ കാര്യമൊന്നുമല്ലായിരുന്നു.
മഴയിൽ നനഞ്ഞെത്തിയ ഒരാൾക്ക് കുറച്ചുനേരം ഇരിക്കാൻ ഒരു കസേര മാത്രം കൊടുത്തു.
പക്ഷേ ചിലപ്പോൾ, ഒരാൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്മാനം നമ്മുടെ സമയം മാത്രമല്ല-അവർക്കായി മാറ്റിവയ്ക്കുന്ന ഒരു ഇടമാണ്.
‘അതിഥിസൽക്കാരം മറക്കരുത്; അതിനാൽ ചിലർ അറിയാതെ ദൂതന്മാരെ അതിഥികളാക്കിയിട്ടുണ്ട്.”
എബ്രായർ 13:2
വരാന്തയിൽ രണ്ട് കസേരകൾ ഉണ്ടായിരുന്നു.
ഒന്നിൽ ജോസഫ് ചേട്ടൻ ഇരുന്നു.
മറ്റൊന്ന് ....
ഇന്നും ആരെയോ കാത്തിരിക്കുന്നതുപോലെ ഒഴിഞ്ഞുകിടന്നു.

# ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന അന്നും ഇന്നും



ഫാ. ആന്റണി
ചെറിയകടവിൽ



വിളവിന്റെ കൂടുതലും, കൊയ്ത്തുകാരുടെ കുറവും സഭാരംഭം മുതൽ ഇന്നുവരെയുള്ള ഒരു സഭാനുഭവമാണ്. വിളവിന്റെ കൂടുതൽ വർദ്ധിക്കുന്നു; കൊയ്ത്തുകാരുടെ കുറവും, കൂടുതൽ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഈ അവസ്ഥയെ ക്രിസ്തുതന്നെ നമുക്ക് വെളിപ്പെടുത്തിതന്നിട്ടുണ്ട്. പരിഹാര മാർഗ്ഗവും ക്രിസ്തു നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. വിളവിന്റെ നാഥനോടുള്ള തീവ്രമായ പ്രാർത്ഥന.

സഭയും സഭാപ്രവർത്തനവും കർത്താവിന്റെ രണ്ടാമത്തെ വരവുവരെ തുടരേണ്ടതാണ്, പ്രധാനമായും സുവിശേഷ പ്രഘോഷണം വഴിയും സുവിശേഷ സാക്ഷ്യം വഴിയും. ഈ ലക്ഷ്യം സാധിക്കാൻ, ധാരാളം കൊയ്ത്തുകാരെ ആവശ്യമാണ്. ധാരാളം കൊയ്ത്തുകാർ സഭയിൽ ഉയർന്നു വരണം. ഇതിനുവേണ്ടി തീവ്രമായി പ്രാർത്ഥിച്ചാണ് സഭ വളർന്നുവന്നിട്ടുള്ളത്.

***ദൈവവിളിയുടെ ചരിത്രം***

ദൈവവിളിയുടെ ചരിത്രം ആരംഭിക്കുന്നത്, ദൈവവിളിയുടെ സമാരംഭവും സമാപനവുമായ ക്രിസ്തുവിൽ നിന്നാണ്. ആദിമസഭ, ക്രിസ്തുവിന്റെ പ്രാർത്ഥിക്കാനുള്ള കല്പനയനുസരിച്ച്, ഒരു പ്രാർത്ഥനാപാരമ്പര്യം വളർത്തിയെടുത്തു. അത് ഇന്നും തുടരുന്നു.

മനുഷ്യന്റെ പ്രഥമ ദൈവവിളി, വിശുദ്ധനാകാനുള്ള വിളിയാണ്. ദൈവത്തെ അറിയുവാനും പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കാനും, അപരനെ സ്നേഹിക്കാനും, എല്ലാ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു.

4 തരത്തിൽ ദൈവവിളിയെ കണ്ടു പോന്നു.

1. ഏകസ്ഥജീവിതം
2. വിവാഹകൂദാശാ ജീവിതം
3. സന്ന്യസ്ത ജീവിതം
4. തിരുപ്പട്ട കൂദാശാ ജീവിതം

ക്രൈസ്തവരുടെ ജനസംഖ്യ വർദ്ധിച്ചതോടുകൂടി, ശുശ്രൂഷക രുടെ ആവശ്യവും വർദ്ധിച്ചു വന്നു. അപ്പോസ്തലന്മാർ വചന പ്രഘോഷണത്തിൽ ശ്രദ്ധ പതിച്ചി ട്ട്, പ്രത്യേകം തെരഞ്ഞെടുത്ത ഡീക്കന്മാരെ ശുശ്രൂഷാദൗത്യം ഏല്പിച്ചു. അനുദിനം ക്രൈസ്ത വരുടെ എണ്ണം കൂടിവന്നു. സഭ യിൽ സുവിശേഷ പ്രഘോഷകരു ടെയും സുവിശേഷ ശുശ്രൂഷകരു ടെയും ആവശ്യം പൂർവ്വോപരി വർദ്ധിച്ചു. അതിനുവേണ്ടി, സഭാമ ക്കളുടെ ഹൃദയത്തിൽനിന്ന് പ്രത്യേക പ്രാർത്ഥനകൾ ഉയർന്നു.

***ദൈവവിളി വിദ്യാഭ്യാസം***

ദൈവവിളി മാർഗ്ഗനിർദ്ദേശത്തിന്റെ പിതാവായ, ഫ്രാങ്ക് പേഴ്സൺസ് 1908-ൽ അമേരിക്കയിലെ ബോസ്റ്റ ണിൽ പ്രഥമ ദൈവവിളി ബ്യൂറോ സ്ഥാപിച്ചു. ദൈവവിളി തിരഞ്ഞെ ടുക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി അറിവും അവസരവും നൽകുക യായിരുന്നു ലക്ഷ്യം. 1976-ൽ അമേരിക്കയിൽ, ആണ്ടു വട്ടത്തിലെ 28-ാം ഞായറാഴ്ച മുതൽ ദൈവവിളി ബോധവൽക രണ വാരമായി ആചരിക്കാൻ ആരംഭിച്ചു. 1964-ൽ രണ്ടാം വത്തി ക്കാൻ കൗൺസിലിന്റെ കാലത്ത്, പോൾ ആറാമൻ പാപ്പ, ദൈവവി ളിക്കായുള്ള അന്തർദേശീയ പ്രാർത്ഥനാദിനം ആചരിക്കാൻ നിർദ്ദേശിച്ചു. നല്ലിടയന്റെ ഞായറാ ഴ്ചയാണ് ഈ പ്രാർത്ഥനാ ദിനം ആചരിച്ചത്. ഈ പ്രാർത്ഥനാ ദിനാചരണം ഇന്നും തുടരുന്നു. മാസാദ്യ വ്യാഴാഴ്ച, വൈദിക വ്യാഴാഴ്ച

***ഈ അടുത്ത കാലംവരെ, വരാ പ്പുഴ അതിരൂപതയിൽ, നല്ലൊരു ആചാരശീലമുണ്ടായിരുന്നു. എല്ലാ മാസാദ്യ വ്യാഴാഴ്ചയും വൈദിക വ്യാഴാഴ്ചയായി ആച രിച്ച് ദിവ്യബലിക്കുശേഷം പരി ശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ച് എല്ലാ ഇടവകകളിലും ദൈവവിളിക്കായി പ്രാർത്ഥിക്കു ക. വികാരിയച്ചന്മാരാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. മാസാദ്യ ഞായറാഴ്ച, ഈ പ്രാർത്ഥനാ ദിനം വിശ്വാസികളെ അറിയിക്കു മായിരുന്നു. വരാപ്പുഴ അതിരൂപത യുടെ ആരാധനാ കലണ്ടറിൽ (ഓർദോ) ഈ പ്രാർത്ഥനാദിനം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.***

***എന്റെ ഓർമ്മ***

അന്ന് കോതാട് ഇടവക വികാരി, ഫാ. പോൾ അട്ടിപ്പേറ്റിയായിരുന്നു. അടുത്ത വ്യാഴാഴ്ച മാസാദ്യ വ്യാഴാഴ്ചയാണെന്നും, ദൈവവിളി ക്കായി പ്രാർത്ഥിക്കുന്ന ദിവസമാ ണെന്നും, മാസത്തിലെ ആദ്യത്തെ ഞായറാഴ്ച അറിയിപ്പിൽ ഉൾപ്പെടു ത്തിയിരുന്നു. മാസാദ്യ വ്യാഴാഴ്ച ദിവ്യബലിക്കുശേഷം, ദിവ്യകാ രുണ്യം എഴുന്നള്ളിച്ചു വച്ച്, വികാ രിയച്ചൻതന്നെ, മുട്ടുകുത്തി ദൈവ വിളിക്കായുള്ള പ്രാർത്ഥന ചൊല്ലു ന്നു. വരാപ്പുഴ അതിരൂപതയിൽ, ദൈവവിളി കൂടുതലുള്ള ഇടവകക ളിൽ ഒന്നാണ്, കോതാട് ഈശോ യുടെ തിരുഹൃദയ ഇടവക.

ഞാൻ ആദ്യമായി സേവനം ആരം ഭിച്ചത് കർത്തേടം, വി. ജോർജ്ജി ന്റെ ഇടവകയിലാണ്. ബഹു. മാർക്ക് പള്ളനച്ചനാണ് വികാരിയ ച്ചൻ. മാർക്ക് പള്ളനച്ചനും, മാസാദ്യ വ്യാഴാഴ്ച, ദിവ്യബലിക്കു ശേഷം പരിശുദ്ധ കുർബ്ബാന എഴു ന്നുള്ളിച്ചുവച്ച്, മുട്ടുകുത്തി ദൈവ വിളിക്കുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുന്നത് കണ്ടിട്ടുണ്ട്. മാസാദ്യ ഞായറാഴ്ച, അടുത്ത വ്യാഴാഴ്ച വൈദിക വ്യാഴാഴ്ചയാണെന്ന് വിശ്വാസികളെ ഓർമ്മിപ്പിച്ചിരുന്നു. കർത്തേടം ഇടവകയും ദൈവവിളി യിൽ മുൻനിരയിൽ തന്നെയാണ്.

കലൂർ കതൃക്കടവ് ഇടവകയിൽ കൊച്ചച്ചനായി സേവനം ചെയ്യു മ്പോൾ, വികാരിയായിരുന്ന മാനു വൽ കല്ലൂർ അച്ചനും മാസാദ്യ വ്യാഴാഴ്ച പരിശുദ്ധ ദിവ്യകാ രുണ്യം എഴുന്നള്ളിച്ചുവച്ച് മുട്ടു കുത്തി ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാസാദ്യ ഞായറാ ഴ്ച, ഈ പ്രത്യേക പ്രാർത്ഥനാ ദിനത്തെക്കുറിച്ച് ജനങ്ങളെ അറി യിക്കുമായിരുന്നു. കലൂർ ഇടവ കയും ദൈവവിളിയിൽ സമ്പന്നമാ ണ്.

***വലിയൊരു അനുഭവം***

തേവര, വി. യൗസേപ്പിതാവിന്റെ ഇടവകയിൽ സേവനം ചെയ്യുന്ന കാലം. വിജയപുരം രൂപതയിൽ സേവനം ചെയ്തിരുന്ന, തേവര ഇടവകാംഗം, ഫാ. പീറ്റർ കുട്ടംപറ മ്പിൽ വന്നപ്പോൾ, വളരെ സങ്കട ത്തോടെ ഒരു പരാതി പറഞ്ഞു: എനിക്കു പ്രായമായി വരുന്നു. എന്റെ പിന്നാലെ ആരും വൈദിക നാകാൻ വരുന്നില്ല. ഒരു ദിവസം, അരമനയിൽ വച്ച് ഡാനിയേൽ പിതാവിനെ കണ്ടപ്പോൾ, പീറ്ററ ച്ചന്റെ പരാതി ഡാനിയേൽ പിതാ വിനെ അറിയിച്ചു. പിതാവ് എന്നെ നോക്കിയിട്ട് ഇങ്ങനെ പറഞ്ഞു: "പ്രാർത്ഥിക്ക്, പ്രാർത്ഥിക്കടോ." അടുത്ത ഞായറാഴ്ച മുതൽ ദിവ്യ ബലിയുടെ സമാപന ആശീർവാദ ത്തിന് മുമ്പ്, ദൈവവിളിക്കുവേണ്ടി യുള്ള പ്രാർത്ഥന ഞാൻ ചൊല്ലു വാൻ തുടങ്ങി. രണ്ടാമത്തെ കുർബ്ബാന കഴിയുമ്പോൾ കൊച്ച ച്ചനും ചൊല്ലുമായിരുന്നു. മാസാദ്യ വ്യാഴാഴ്ച പരിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചു വച്ച് ദൈവവിളിക്കു വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലും. കുടുംബ യൂണിറ്റു മാസയോഗങ്ങ ളിലും ഈ പ്രാർത്ഥന ചൊല്ലുവാൻ തുടങ്ങി. ഇടവക മുഴുവനും ഒന്നായി പ്രാർത്ഥിച്ചു. അതിന്റെ അത്ഭുതഫലം കണ്ടു: ആ വർഷം തന്നെ, നാലുപേർ ദൈവവിളി സ്വീകരിച്ചു. തുടർന്നുള്ള വർഷങ്ങ ളിൽ ദൈവവിളി വർദ്ധിക്കുകയു ണ്ടായി. ഇന്നും തുടരുന്നു.

***കർത്താവ് ദൈവവിളിക്കായി പ്രാർത്ഥിക്കാനാണ് കല്പിച്ചത്. പ്രാർത്ഥനയോടൊപ്പം ദൈവവിളി ക്യാമ്പുകളും, സെമിനാറുകളും നടത്തിയാൽ ദൈവവിളി വർദ്ധി ക്കും. കൂടാതെ, ദൈവവിളി സ്വീകരിച്ചവരുടെ മാതൃകാ സാക്ഷ്യം കൂടിയുണ്ടെങ്കിൽ, ദൈവവിളിരംഗത്ത് അത്ഭുതക്കാ ഴ്ചകൾ കാണും.***

# ജോസഫ് കേളന്തറ പിതാവും കപ്പൽപ്പള്ളിയും - ഒരനുസ്മരണം



ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി



ഒക്ടോബർ 19 ആർച്ച് ബിഷപ്പ് ജോസഫ് കേളന്തറയുടെ 400-ാം വാർഷികദിനം

ചരിത്രപ്രസിദ്ധമായ വരാപ്പുഴ അതിരൂപതയുടെ കത്തീഡ്രലായി മാറ്റപ്പെട്ട എറണാകുളത്തെ സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം, 150 വർഷങ്ങൾക്കിപ്പുറം കാലപ്പഴക്കത്താലും സ്ഥല പരിമിതികളാലും ഏറെ ബുദ്ധിമുട്ടനുഭവിച്ച അവസരത്തിൽ അന്നത്തെ കത്തീഡ്രൽ വികാരിയായ മോൺ. അലക്സാണ്ടർ വടക്കുംതല, വരാപ്പുഴ മെത്രാപ്പോലീത്തായായ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെ അനുമതിയോടെ പഴയ ദൈവാലയം പൊളിച്ചുമാറ്റി, ആധുനികരൂപത്തിലൊരു ദൈവാലയം സ്ഥാപിച്ചതിന്റെ 45 -ാം വാർഷികവും ജോസഫ് കേളന്തറ പിതാവിന്റെ 40-ാം ചരമവാർഷികവും ഈ ഒക്ടോബറിൽ ആചരിക്കപ്പെടുകയാണ്. അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെ നൂറാം വാർഷികം ആഘോഷിച്ച ഉടനെതന്നെ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട പ്രിയ പിതാവിനെയും അദ്ദേഹത്തിന്റെ സ്വപ്നസാഫല്യമായ പുതിയ കത്തീഡ്രലിന്റെ നിർമ്മാണവും ചെറുവിവരണത്തോടെ ഇത്തവണത്തെ ചരിത്രവിളക്കിൽ തെളിയുന്നു.

1706 മുതൽ 1936 വരെ മലബാർ, വരാപ്പുഴ വികാരിയത്തുകളുടെയും വരാപ്പുഴ അതിരൂപതയുടെയും തലപ്പള്ളിയായി പരിലസിച്ച വരാപ്പുഴ മൗണ്ട് കാർമൽ ആൻഡ് സെന്റ് ജോസഫ് ദൈവാലയം, 1904-ലെ അതിരൂപത ആസ്ഥാനമാറ്റത്തെത്തുടർന്ന് പ്രതാപം മങ്ങിയെങ്കിലും വിദേശിമെത്രാന്മാരുടെ കർമ്മലീത്താപൈതൃകശേഷിപ്പായി നിലനിന്നിരുന്നു. എന്നാൽ, ആദ്യതദ്ദേശീയ മെത്രാപ്പോലീത്തയായ ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റിപിതാവിന്റെ സ്ഥാനാരോഹണത്തോടെ കത്തീഡ്രൽ എന്ന ആ മഹിതപദവിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കപ്പെടുകയും പകരം, 20 വർഷത്തോളം* പ്രോകത്തീഡ്രലായിരുന്ന എറണാകുളത്തെ സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം പൂർണ്ണകത്തീഡ്രലായി മാറ്റപ്പെടുകയും ചെയ്തു. ഈ ദൈവാലയമാകട്ടെ, 1821-ൽ സ്ഥാപിതമായതായിരുന്നു.

മലബാർ വികാരി അപ്പസ്തോലിക്കമാർ ആരും ഇല്ലാതിരുന്ന 1696 മുതലുള്ള കാലത്ത് എറണാകുളത്ത് അഞ്ചിക്കൈമൾ ദേശത്ത് ലത്തീൻകാർക്കുവേണ്ടി ലത്തീൻകാരാൽ സ്ഥാപിതമായ സെന്റ് മേരീസ് ദൈവാലയം, ന്യൂനപക്ഷമായിരുന്ന സുറി

യാനിക്കാർക്ക് വിട്ടുനല്കിയപ്പോൾ, പകരം തൊട്ടു വടക്കുഭാഗത്തായി വേമ്പനാട് കായലിനഭിമുഖമായി, അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന അഭിവന്ദ്യ മിലെസ് പ്രെന്റർഗാസ്റ്റ് പിതാവ് നിർമ്മിച്ചതാണ് സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം. ഈ ദൈവാലയമാണ് 150 വർഷങ്ങൾക്കിപ്പുറം പൊളിച്ചുമാറ്റേണ്ടി വന്നത്. കേരളത്തിലാദ്യമായി നിത്യസഹായമാതാവിന്റെ നൊവേന 1956–ൽ ഈ ദൈവാലയത്തിലാരംഭിച്ചപ്പോൾ, വിശാലമായ അതിരൂപതയുടെ എല്ലാ ദൈവാലയങ്ങളിൽനിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുപോലും വിശ്വാസികളുടെ കുത്തൊഴുക്കിൽ അനുഭവപ്പെട്ട സ്ഥലപരിമിതിയും പഴക്കംകൊണ്ട് മഴക്കാലങ്ങളിലുള്ള ബുദ്ധിമുട്ടുകളുമാണ് ദൈവാലയം പൊളിച്ച് പുതിയത് പണിയാൻ അധികാരികളെ പ്രേരിപ്പിച്ചത്.

1970–ൽ ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ നിര്യാണത്തോടെ 1971–ൽ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി റോം നിയമിച്ചത് മംഗലപ്പുഴ സെമിനാരിയുടെ വൈസ് റെക്ടറായി സേവനം ചെയ്തുകൊണ്ടിരുന്ന, പനങ്ങാട് ഇടവകാംഗമായിരുന്ന ഡോ. ജോസഫ് കേളന്തറയെ ആയിരുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യം നമ്മുടെ അതിരൂപതയ്ക്ക് സാമൂഹ്യമായും സാംസ്കാരികമായും ഉന്നതി നേടിക്കൊടുത്തു. രാഷ്ട്രനേതാക്കൾക്കൊപ്പം കൊച്ചിയിലെ എല്ലാ വേദികളിലും ആധ്യാത്മികനേതാവ് എന്ന നിലയിൽ അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു. അതിരൂപതയിലെ അജപാലനപ്രവർത്തനങ്ങൾ ഊർജ്ജസ്വലമക്കാൻ പത്ത് കമ്മീഷനുകൾ സ്ഥാപിച്ച പിതാവ്, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നടന്ന ആരാധനാക്രമനവീകരണത്തിൽ തിരുക്കർമ്മസംഗീതത്തിനുള്ള പ്രസക്തി മനസ്സിലാക്കി ആയിരക്കണക്കിന് ഗാനങ്ങൾ ചിട്ടപ്പെടുത്തിക്കാൻ മുൻകൈയെടുത്തു.

ഭാരതത്തിലെ 42 സന്ന്യാസസഭ



കൾ പങ്കെടുത്ത ദൈവവിളിപ്രദർശനം നടത്തിയത് സഭയ്ക്ക് മുതൽക്കൂട്ടായി. ലൂർദ്ദ് ആശുപത്രിയിൽ നവീനസൗകര്യങ്ങളേർപ്പെടുത്തുകയും പുതിയ കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിക്കുകയും ചെയ്തു. മുമ്പ് പ്രവർത്തിച്ചിരുന്ന കാത്തലിക് അസ്സോസിയേഷന്റെ പ്രതിനിധികളെ ഒരുമിച്ചുചേർത്ത് ഹയരാർക്കി അധ്യക്ഷൻ എന്ന നിലയിൽ കെ.എൽ. സി.എ. എന്ന സംഘടനയായി സംസ്ഥാനതലത്തിൽ അദ്ദേഹം ഉദ്ഘാടനം നടത്തി. ഇന്നും സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഈ സംഘടന പ്രമുഖസ്ഥാനം വഹിക്കുന്നു. തുടർന്ന്, ഓരോ ഇടവകയിലെയും യുവജനപ്രതിനിധികളെ സെന്റ് ആൽബർട്ട്സ് കോളേജ് ഓഡിറ്റോറിയത്തിൽ ഒരുമിച്ച് ചേർക്കുകയും കാത്തലിക്ക് അസ്സോസിയേഷൻ യൂത്ത്വിംഗ് സ്ഥാപിക്കുകയും അവരുടെ ദീർഘവീക്ഷണമുള്ള പ്രവർത്തനത്താൽ സംസ്ഥാനതലത്തിൽ കെ. സി. വൈ. എം. സ്ഥാപിതമാവുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ സമരം ഒത്തുതീർപ്പാക്കാൻ മുൻകൈയെടുക്കുകയും അവർക്ക് ഗുണകരമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുക്കുയും ചെയ്തു.

അദ്ദേഹം അതിരൂപതയിലെ പഴകിയതും സൗകര്യങ്ങൾ കുറഞ്ഞതുമായ പല ദൈവാലങ്ങളും പുതുക്കിപ്പണിയുകയും അനവധി പുതിയ ദൈവാലയങ്ങൾ നിർമ്മിക്കുകയും ചെയതു. അതിൽ ഏറ്റവും പ്രശസ്തമായത് കത്തീഡ്രൽ ദൈവാലയത്തിന്റെ നിർമ്മാണമാണ്. ***പുരാതനമായ അതിരൂപതയ്ക്ക് അതിനൂതനമായൊരു പ്ലാൻ തയ്യാറാക്കാൻ പലരോടും ആവശ്യപ്പെടുകയും കിട്ടിയ പ്ലാനുകൾ സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്ത പിതാവ്, ശ്രീ. എസ്. ആർ. ഫെർണാണ്ടോയുടെ പ്ലാൻ ഇഷ്ട്പ്പെടുകയും വിവിധങ്ങളായ ഭേദഗതികളോടെ അംഗീകരിച്ച് നിർമ്മാണത്തിനായി നടപടികളടുക്കുകയും ചെയ്തു. 1977 ഒക്ടോബർ നാലിന് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾദിനത്തിൽ, നിത്യസഹായമാതാവിന്റെയും വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെയും മാധ്യസ്ഥ്യം തേടിക്കൊണ്ട് അദ്ദേഹം ശിലാസ്ഥാപനം നടത്തുകയും നിർമ്മാണമാരംഭിക്കുകയും ചെയ്തു. കൊച്ചുപിതാവും (അഭിവന്ദ്യ ആന്റണി തണ്ണിക്കോട്ട് പിതാവ്) കത്തീഡ്രൽ വികാരിയായ മോൺ. അലക്സാണ്ടർ വടക്കുംതലയും കേളന്തറ പിതാവിന്റെ കൂടെനിന്ന് നേതൃത്വം വഹിച്ചു.***

140 അടി ആഴത്തിൽ ഭൂമി തുരന്ന് ഇറക്കിയ കമ്പിവളയത്തിൽ കോൺക്രീറ്റ് നിറച്ച 24 തൂണുകളി

ലാണ് ഈ മനോഹരദൈവാലയം പടുത്തുയർത്തിയിട്ടുള്ളത്. ഇവിടങ്ങളിൽ ഇതുവരെ കാണാത്ത ഹൈപ്പർ ബോളിക് പാരബ്ലോയിഡ് ഷെൽ എന്ന സാങ്കേതികനാമമുള്ള നിർമ്മാണരീതിയാണ് മേൽക്കൂരയ്ക്കായി ഉപയോഗിച്ചത്. ശ്രീ. ഫെർണാണ്ടോയെ സഹായിച്ച ശ്രീ. മിറാന്റയും എഞ്ചിനീയർ ശ്രീ. അലക്സ് ജേക്കബും ശ്രീ. ഒ. വി. ചുമ്മാറും പണികൾ നടത്തിയ പി.പി. ജോർജ്ജ് പിടിയഞ്ചേരിലും ഇവരോടൊപ്പം നിലകൊണ്ട മറ്റു എഞ്ചിനീയർമാരും ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടവരാണ്. ദൈവാലയത്തിന്റെയും ഇൻസ്ബ്രൂക്ക് രൂപതയുടെ സംഭാവനയായ പള്ളിമണികൾ സ്ഥാപിച്ചിട്ടുള്ള മണിമാളികയുടെയും പൈലുകൾ നിർമ്മിച്ചൊരുക്കിയവരും മുകളിലോട്ടുള്ള നിർമ്മാണജോലികളിൽ സഹകാരികളായ എല്ലാ തൊഴിലാളികളും നന്ദിയോടെ സ്മരിക്കപ്പെടണം.

അനവധി ദൈവാലയങ്ങൾ രൂപകല്പന ചെയ്തിട്ടുള്ള ഫാ. ജോസഫ് മൂഞ്ഞപ്പിള്ളി രൂപകല്പന ചെയ്ത അൾത്താര വശ്യമനോഹരമാണ്. ബലിപീഠത്തിന് പിന്നിലായുള്ള വെണ്ണക്കല്ലിൽ പണിതീർത്ത പ്രാർത്ഥനാനിരതമായ മനുഷ്യകരങ്ങൾ സ്രഷ്ടാവിലേക്കുയരുന്നതും ദൈവകൃപ നമ്മിലേക്ക് വർഷിക്കുന്ന ശില്പവും വെള്ളിമേഘത്തിൽ പാറിപ്പറന്നുനില്ക്കുന്ന പരിശുദ്ധാരൂപിയും കുരിശിനരികിൽ ശിരോവസ്ത്രമണിഞ്ഞ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ശില്പവും അർത്ഥസമ്പുഷ്ടമാണ്.

***ക്ലേശങ്ങൾ നിറഞ്ഞ നിർമ്മാണം പൂർത്തിയായപ്പോൾ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവ്, സാമ്പത്തികസഹായത്തിന് മുൻകൈയെടുത്തിരുന്ന സഹായമെത്രാൻ ആന്റണി തണ്ണിക്കോട്ട് പിതാവിന്റെ സാന്നിധ്യത്തിൽ 1981 ഒക്ടോബർ നാലിന് ആശീർവദിച്ചു.***

പിന്നീട് മെത്രാപ്പോലീത്തായുടെ ശ്രദ്ധ അതിരൂപതയുടെ നൂറാം



വാർഷികാഘോഷങ്ങളിലേക്ക് തിരിഞ്ഞു. വളരെ മുന്നൊരുക്കത്തോടെ നടത്തിയ അദ്ദേഹത്തിന്റെ നീക്കങ്ങൾ സർവ്വജനശ്രദ്ധ ആകർഷിക്കുകയും വിജയിക്കുകയും ചെയ്തു. ജോൺപോൾ രണ്ടാമൻ പാപ്പായുടെ സന്ദർശനവും കളമശ്ശേരി കുന്നിലെ ദിവ്യബലിയർപ്പണവും അതിരൂപതാമന്ദിരത്തിലെ താമസവും കത്തീഡ്രൽ സന്ദർശനവും അതിരൂപതാ പാസ്റ്ററൽ സെന്ററായി ഉയർന്ന ആശീർഭവന്റെ അടിസ്ഥാനശില ആശീർവാദവും "മോഡേൺ, മോഡേൺ" എന്നുള്ള പാപ്പായുടെ അനുമോദനവും പ്രശംസ പിടിച്ചുപറ്റി.

സമാപനദിനമായ ആഗസ്റ്റ് 31-ന് ഉച്ചക്ക് രണ്ട് മണിക്ക് മഹാരാജാസ് കോളെജ് ഗ്രൗണ്ടിൽനിന്നാരംഭിച്ച റാലിയുടെ പകുതിഭാഗം സെന്റ് ആൽബർട്സ് ഹൈസ്കൂൾ ഗ്രൗണ്ടിലെത്തിയപ്പോൾ മണി നാലായി. നാല്മണിക്ക് പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ സെക്രട്ടറി കർദ്ദിനാൾ ജോസ് ടി. സാഞ്ചെസ് അർപ്പിച്ച ദിവ്യബലിയിൽ 100 പേരടങ്ങുന്ന സി.എ.സി ഗായകസംഘമാണ് ഗാനങ്ങൾ ആലപിച്ചത്. വൈകീട്ട് ആറ് മണിക്ക് ഇന്ത്യയുടെ അന്നത്തെ രാഷ്ട്രപതി ബഹുമാന്യനായ ഗ്യാനി സെയിൽസിംഗും മകളും മറ്റു വിശിഷ്ടാതിഥികളും പങ്കെടുത്ത പെതുസമ്മേളനത്തിൽ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവ് സുന്ദരമായ ഇംഗ്ലീഷിൽ എല്ലാവരെയും സ്വാഗതം ചെയ്തു. മൂന്നു നൂറ്റാണ്ടോളം അതിരൂപതയെ താലോലിച്ചു വളർത്തിയ കർമലീത്താമിഷണറിമാരെ അനുമോദിച്ചുകൊണ്ട്, 'ഈ ഭദ്രദീപം എന്നും കൂടുതൽ കൂടുതൽ പ്രകാശമാനമായി ജ്വലിക്കട്ടെ' എന്ന് രാഷ്ട്രപതി ആശംസിച്ചു.

മാസങ്ങൾ നീണ്ട കഠിനപ്രയത്നങ്ങളുടെ ഫലം വൻവിജയമായപ്പോൾ, അഭിവന്ദ്യ പിതാവിന്റെ ആരോഗ്യകാര്യങ്ങളിൽ അദ്ദേഹത്തിന് ശ്രദ്ധ ചെലുത്താനായില്ല. 1986 ഒക്ടോബർ 19-ന് മിഷൻ ഞായർദിനത്തിൽ, 69-ാം വയസ്സിൽ ആ ദേഹം താതന്റെ പക്കലേക്ക് യാത്രയായി. താൻ പണികഴിപ്പിച്ച പുതിയ ദൈവാലയത്തിന്റെ അൾത്താരയ്ക്ക് താഴെയായി സംവിധാനം ചെയ്തിട്ടുള്ള പ്രത്യേക പേടകത്തിൽ, തന്റെ മുൻഗാമിയും ദൈവദാസനുമായ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെയും തന്റെ സഹായമെത്രാനായ ആന്റണി തണ്ണിക്കോട്ട് പിതാവിന്റെയും ചാരെ നിത്യവിശ്രമം കൊള്ളുന്നു. കത്തീഡ്രൽ ദൈവാലയത്തിന്റെ 45-ാം വാർഷികവും പിതാവിന്റെ 40-ാം ചരമവാർഷികവും ആചരിക്കപ്പെടുന്ന ഒക്ടോബർ മാസത്തിന്റെ പുണ്യസ്മരണയിൽ നമുക്കേവർക്കും നന്ദിയോടെ പ്രിയ പിതാവിനെ അനുസ്മരിക്കാം.

# വിശുദ്ധരെ അറിയാം, വിരുദ്ധരാകാം !



ഫാ. ഗാരിസൺ പൈവ



പലർക്കും റോൾ മോഡലുകളുണ്ട്. കായികതാരങ്ങൾ, അഭിനേതാക്കൾ, സംഗീതജ്ഞർ, രാഷ്ട്രീയക്കാർ, സോഷ്യൽ മീഡിയ ഇൻഫ്ളുവൻസേഴ്സ്, സംരഭകർ എന്നിങ്ങനെ. ഇവരെ പോലെയാകാൻ പലരും ആഗ്രഹിക്കാറുമുണ്ട്. ഇവർ പ്രശസ്തരാണ്, വിജയിച്ചവരാണ്, ഒത്തിരി അനുയായികളുള്ളവരാണ്. പക്ഷേ പ്രശസ്തരെല്ലാരും ആദരിക്കപ്പെടണമെന്നില്ല; വിജയികളെല്ലാവരും സന്തോഷ മനുഭവിക്കുന്നവരാകണമെന്നില്ല; ഒത്തിരി ഫോളോവേഴ്സ് ഉള്ളവർ എങ്ങനെ സ്നേഹിക്കണമെന്നോ, എങ്ങനെ ക്ഷമിക്കണമെന്നോ, എങ്ങനെ വിശ്വസ്തരാകണമെന്നോ അറിയണമെന്നില്ല. ഇവിടെയാണ് വിശുദ്ധർ വ്യത്യസ്തരാകുന്നത്. അത്ഭുതങ്ങൾ പ്രവർത്തിച്ചവർ എന്നല്ല, മറിച്ച് മികച്ച മനുഷ്യരാകാൻ മാതൃക നൽകുന്നവരായി കൂടി വിശുദ്ധരെ നമുക്ക് കാണാം.

വിശുദ്ധ ജീവിതങ്ങളെക്കുറിച്ച് നമ്മൾ വായിക്കേണ്ടതുണ്ട്. ഒരാളെക്കുറിച്ച് വായിക്കുമ്പോൾ, അയാളെങ്ങനെ പരാജയങ്ങളെ അഭിമുഖീകരിച്ചു? സഹനങ്ങളെ നേരിട്ടു? കഴിവുകളെ ഉപയോഗിച്ചു? തന്റെ ജീവിത നിയോഗങ്ങളെ കണ്ടെത്തി? എന്താണ് അയാളുടെ ജീവിതത്തിന് അർത്ഥം നൽകിയത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കും. അതായത് വിശുദ്ധരുടെ ജീവിതത്തെക്കുറിച്ചുള്ള വായന, നമ്മുടെ ജീവിതം പരിശോധിക്കാൻ നമ്മുടെ നേർക്ക് വച്ച കണ്ണാടിയായ് മാറുന്നു.

ഒരു ഉദാഹരണമായി വി. കൊച്ചുത്രേസ്യയെ നമുക്ക് പരിഗണിക്കാം. മരണമടയുമ്പോൾ വി. കൊച്ചുത്രേസ്യയുടെ പ്രായം 24.

പതിനഞ്ചാം വയസിൽ കാർമ്മലൈറ്റ് ആശ്രമത്തിൽ ചേർന്നതിൽ പിന്നെ കൊച്ചുത്രേസ്യ ജീവിതം മുഴുവൻ ചെലവഴിച്ചത് ഈ ആശ്രമത്തിൽ തന്നെയായിരുന്നു. തന്റെ 24 വർഷം മാത്രം നീണ്ടു നിന്ന ജീവിതത്തിൽ വി. കൊച്ചു ത്രേസ്യ ഒരു രാഷ്ട്രീയ ഇടപെ ടലും നടത്തിയിട്ടില്ല, ഒരു ലോകയാത്രയും നടത്തിയിട്ടില്ല, ഒരു ആഗോളസംഘടനയും സ്ഥാപിച്ചിട്ടില്ല, വിപുലമായ ഒരു ജനാവലിയോടും സംസാരിച്ചിട്ടില്ല. എന്നിട്ടും കൊച്ചുത്രേസ്യ ആധുനിക ലോകത്തെ സ്വാധീനിച്ച ഒരു വിശുദ്ധയായി മാറി.

തികച്ചും ഒരു സാധാരണ കുടുംബത്തിലാണ് കൊച്ചുത്രേസ്യ ജനിച്ചത്. ഒട്ടുമിക്ക കുടുംബങ്ങളിലും ഉള്ളതുപോലെ സുഖദുഃഖങ്ങൾ അവരുടെ കുടുംബത്തിലും ഉണ്ടായിരുന്നു. പ്രിയപ്പെട്ട വരുടെ വേർപട്, കലുഷിതമായ സാമൂഹിക അന്തരീക്ഷം മുതലായ എല്ലാ

പ്രതിബന്ധങ്ങളുടെയും ഇടയിലാണ് ഈ വിശുദ്ധ ജീവിച്ചത്. വലുതാകുമ്പോൾ എന്തെങ്കിലും മഹത്തായ കാര്യങ്ങൾ എനിക്ക് ചെയ്യണം എന്ന് പറഞ്ഞിരുന്നവരോട് വി കൊച്ചുത്രേസ്യ ചോദിക്കുന്നത്, ഇപ്പോൾ സ്നേഹ ത്തോടെ എന്ത് ചെയ്യാൻ സാധിക്കും എന്നാണ്. കാര്യം എത്ര ചെറുതും ആകട്ടെ, ചെറിയ കാര്യങ്ങ ളെ എങ്ങനെ സമീപിക്കുന്നു എന്നതിലാണ് വിശുദ്ധി.

നമ്മെ സ്നേഹിക്കുന്നവരോട് കൂടെയായിരിക്കാൻ എളുപ്പമാണ്. എന്നാൽ എപ്പോഴും ബുദ്ധി മുട്ടിക്കുന്ന ഒരാളെ എങ്ങനെ നേരിടും? നമ്മുടെ വിശുദ്ധിയുടെ മാറ്റുരച്ചുനോക്കുന്നത് അസാധാര ണമായ സാഹചര്യങ്ങളെ നാം എങ്ങനെ നേരിട്ടു എന്നത് ആശ്രയിച്ചല്ല, മറിച്ച് സാധാരണ ബന്ധങ്ങളെ നാം എങ്ങനെ സമീപിച്ചു എന്നതിൽ കൂടിയാണ്. വലുതായി ചിന്തിക്കൂ, പ്രശസ്തി നേടൂ, എല്ലാവ രാലും ശ്രദ്ധിക്കപ്പെടൂ എന്നൊക്കെയാണ് ഈ ലോകം നമ്മളോട് പറയുന്നത്. എന്നാൽ വി. കൊച്ചു ത്രേസ്യ ഓർമിപ്പിക്കും ആരും നമ്മെ ശ്രദ്ധിക്കുന്നില്ലെങ്കിൽ കൂടി കുറവുകൾ ഇല്ലാതെ സ്നേഹിക്കൂ എന്ന്.

നമ്മൾ വിശുദ്ധരെ കുറിച്ച് ചിന്തിക്കുമ്പോൾ ഈ ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം കൂടി കണ്ടെത്താം,

***1.എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള വിശുദ്ധൻ/വിശുദ്ധ ആരാണ്?***

***2.ഏതു വിശുദ്ധന്റെ/ വിശുദ്ധയുടെ ജീവിതത്തെ ക്കുറിച്ചാണ് ഞാൻ കൂടുതൽ അറിയേണ്ടത്?***

***3.ഒരു വിശുദ്ധജീവിതത്തി ലേക്കുള്ള ആദ്യ ചുവടുവയ്പായി ഞാൻ എന്തു ചെയ്യണം?***

*കവിത*

# പ്രാർത്ഥന




***മൗനത്തിൻ മടിത്തട്ടിൽ മന്ത്രമായൊഴുകുന്ന***
***വെറും വാക്കുകളല്ല പ്രാർത്ഥന...***
***അന്തരാത്മാവിൻ വെറും ആലംബം മാത്രവുമല്ല.***
***ഉള്ളം തേടുന്ന ശാന്തിക്കപ്പുറം ഉജ്ജ്വലമായ ആത്മീയ***
***ഉത്തരവാദിത്തമാണ്.***

***വാടിയ മുഖത്ത് പകർന്നൊരു പുഞ്ചിരി,***
***പട്ടിണി കിടക്കുന്നവന്റെ പാത്രത്തിൽ നിറച്ചൊരു പിടി***
***അന്നം,***
***അപരന്റെ കണ്ണീരൊപ്പാനുള്ളൊരു കൈത്താങ്ങ്...***

***ഈശ്വര സന്നിധിയിൽ ചൊല്ലുന്ന***
***ഏറ്റം സംശുദ്ധമാം സ്തോത്രങ്ങളിതെല്ലാം.***

***ജപമണികൾതൻ കിലുക്കത്തേക്കാൾ,***
***കരുണതൻ കരങ്ങളിൽ ഉയരുന്ന ജീവൻ.***
***മന്ത്രങ്ങളുടെ ശീലുകളും ഈണങ്ങളും ആർക്കൊക്കെയോ***
***മുറിവിൽ പുരട്ടുന്ന മരുന്ന്.***

***പ്രാർത്ഥന***
***അധരങ്ങൾ കൊണ്ടുമാത്രമല്ല***
***ആർദ്രമായ നിന്റെ അകംമുഴുവൻ കൊണ്ടെന്നും.***

***നിസ്വാർത്ഥതയാണ് നിന്റെ ഏറ്റവും വലിയ പ്രാർത്ഥന.***
***നിന്റെ കർമ്മങ്ങളാണ് നിന്റെ ഏറ്റവും ഉച്ചത്തിലുള്ള***
***പ്രാർത്ഥനകൾ.***

# വാർത്തകൾ
NEWS




*ആർച്ച്ബിഷപ്സ് സ്നേഹഭവനം പദ്ധതി*യുടെ ഭാഗമായി 11,24,000 (പതിനൊന്നു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ) 17 – 09 – 2026 വ്യാഴാഴ്ച്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് അരമനയിൽ വെച്ച് നടന്ന യോഗത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ അർഹരായ 43 വ്യകതികൾക്ക് കൈമാറി.

## *അഭിനന്ദനങ്ങൾ*

തായ്‌ലൻഡിൽ വച്ചു നടന്ന Asia-Pacific International Yogasana Championship ൽ ഇന്ത്യയ്ക്ക് വേണ്ടി മത്സരിച്ച് മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ക്രിസ്റ്റ വർഗീസിന് അഭിനന്ദനങ്ങൾ. നേരത്തെ ഉത്തരാഖണ്ഡിൽ നടന്ന National Yogasana Championship ൽ Artistic Single വിഭാഗത്തിലും Traditional വിഭാഗത്തിലും Bronze Medal നേടിയിരുന്നു. ഇളമക്കര ലൂർദ് മാതാ പള്ളി ഇടവക പുതുക്കാട് വീട്ടിൽ വർഗീസിന്റെയും സെലീനയുടെയും മകളാണ് ക്രിസ്റ്റ വർഗീസ്.

## *വിശ്വാസപരിശീലന കമ്മീഷൻ അറിയിപ്പുകൾ*

**ഒന്നാം സെമസ്റ്റർ പരീക്ഷ**

വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 4 (STD IX - XII), ഒക്ടോബർ 11 (Std I - VIII) എന്നീ തിയതികളിൽ നടക്കുന്നു. ഉച്ചയ്ക്ക് 2 മുതൽ 4 വരെയായിരിക്കും പരീക്ഷ സമയം. Std I - III വരെയുള്ള വിദ്യാർത്ഥികൾക്ക് ഓറൽ പരീക്ഷയാ യിരിക്കും നടത്തേണ്ടത്.

**അധ്യാപക പരിശീലന പരിപാടി (IFFTC)**

വിശ്വാസപരിശീലന അധ്യാപകർക്കു വേണ്ടിയുള്ള പരിശീലന പരിപാടി (IFFTC) 2026 ഒക്ടോബർ 10, 11 തീയതികളിലായി ആശീർഭവനിൽവച്ചു സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേരുകൾ രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രമാണ് പ്രവേശനം. രജി. ഫീസ് 500 രൂപ.

**ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് ബൈബിൾ ക്വിസ്**

ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ് മത്സരത്തിന്റെ ഇടവകതല പരീക്ഷ നവംബർ 15, ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്നു. വി. യോഹന്നാന്റെ സുവിശേഷമാണ് ഈ വർഷത്തെ പഠനഭാഗം. സെപ്റ്റംബർ 28 വരെ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**വരാപ്പുഴ അതിരൂപത ബി.സി.സി. ഡയറക്ടറേറ്റ് സംഘടിപ്പിച്ച ലത്തീൻ ചരിത്ര ക്വിസ് 2026**

വരാപ്പുഴ അതിരൂപത ബി.സി.സി. ഡയറക്ടറേറ്റ് സംഘടിപ്പിച്ച ലത്തീൻ ചരിത്ര ക്വിസ്സിൽ ഔവ്വർ ലേഡി ഓഫ് റാൻസം വല്ലാർപാടം ബസലിക്ക ഇടവകയിലെ ഷെർളി ജോർജ്ജ്, ഷിനു എ. ജോസഫ് എന്നിവർ ഒന്നാം സ്ഥാനവും, കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക റോസി സെബാസ്റ്റ്യൻ, സിജി തോമസ് എന്നിവർ രണ്ടാം സ്ഥാനവും, ഉണിച്ചിറ സെന്റ് ജൂഡ് ഇടവകയിൽ നിന്നും ആൻഡ്രു പൊൺസേക്ക, നിമ്മി പോൾ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
നാലുമുതൽ എട്ടുവരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ:
തേവര സെന്റ് ജോസഫ് ഇടവക സോജി രാജു, മീനു മാർസെൽ
ഇടപ്പള്ളി നോർത്ത് സേക്രഡ് ഹാർട്ട് ഇടവക ലിൻഡ റാഫേൽ, ജിഷ ചാൾസ്
തുണ്ടത്തുംകടവ് ഇൻഫന്റ് ജീസസ് ഇടവക – എബിൻ ജോസ് ജയിംസ്, മേരി ജെയിംസ്
മുളന്തുരുത്തി സെന്റ്. ആന്റണീസ് ഇടവക – ജാസ്മിൻ ജോൺ, അന്നാ മരിയ ജോൺ
കർത്തേടം സെന്റ് ജോർജ്ജ് ഇടവക- ലാക്സൺ, സിബി

അതിരൂപതയിലെ വിവിധ ഇടവകയിൽനിന്നും 38 ടീമുകൾ പങ്കെടുത്ത മത്സരം റവ.ഫാ. യേശുദാസ് പഴമ്പിള്ളി ഉദ്ഘാടനം ചെയ്തു. ശ്രീ. സി.ജെ. ആന്റണി ക്വിസ് മാസ്റ്ററായിരുന്നു. കൺവീനർ ശ്രീ. ഹണി ജെ. പള്ളൻ,



ഷേർളി ജോർജ്ജ്



ഷിനു എ. ജോസഫ്



സിജി തോമസ്



റോസി സെബാസ്റ്റ്യൻ



നിമ്മി പോൾ



ആൻഡ്രു പൊൺസേക്ക

ശ്രീ. ജോൺസൺ ചിറ്റക്കോടത്ത്, ശ്രീ. ജെയിംസ് ജോൺ, ശ്രീ. ബാസ്കിൽ തോമസ്, ശ്രീ. മാത്യു ലിഞ്ചൻ റോയ്, ശ്രീ. റോയ് പാളയത്തിൽ എന്നിവരോടൊപ്പം മറ്റ് ബി.സി.സി. കോ-ഓഡിനേറ്റർമാരും നേതൃത്വം നൽകി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

## *ലൂർദ് കോളേജ് ഓഫ് നഴ്സിങ്ങിന് ചാംപ്യൻഷിപ്പ്*

സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ മധ്യമേഖലാ കലോത്സവത്തിൽ എറണാകുളം ലൂർദ് കോളേജ് ഓഫ് നഴ്സിങ് ചാംപ്യൻഷിപ്പ് നേടി. ലൂർദ് ടീം 'ഓഡിസ്സി 2026' വിദ്യാഭ്യാസ മത്സരങ്ങളിൽ ഓവറോൾ ചാംപ്യൻഷിപ്പും 'ത്രയം 2026' കലാമേളയിൽ ഫസ്റ്റ് റണ്ണറപ്പും 'സ്പോർട്സ് 2026' കായികമത്സരങ്ങളിൽ സെക്കന്റ് റണ്ണറപ്പും

# വാർത്തകൾ

NEWS

നേടി. ലൂർദ് കോളേജ് ഓഫ് നഴ്സിങ്ങിലെ ആറാം സെമസ്റ്റർ വിദ്യാർത്ഥി ആഷ്ന പോൾ 'സർഗപ്രതിഭ' യായി.



## എക്സോഡസ്സ് മീറ്റിംഗ്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന ***എക്സോഡസ്സ് മീറ്റിംഗ് 2026 ഒക്ടോബർ 25 ന് ലൂർദ് ഹോസ്പിറ്റലിൽ വച്ച്***

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഒക്ടോബർ മാസത്തെ പരിപാടികൾ:

വിവാഹ ഒരുക്ക കോഴ്സ് :ഒക്ടോബർ 2, 3, 4 & 16, 17, 18 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

മാതൃവേദി കൂട്ടായ്മ : ഒക്ടോബർ 10, ശനിയാഴ്ച രാവിലെ 10.00 ന് വല്ലാർപാടം തീർത്ഥാടനം, ജപമാല

വിധവ സംഗമം (അൽമാന) : ഒക്ടോബർ 10, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് ആശിർഭവനിൽ

പ്രൊ-ലൈഫ് കൂട്ടായ്മ : ഒക്ടോബർ 10, ശനിയാഴ്ച വൈകിട്ട് 5.00 ന് ആശിർഭവനിൽ

ഏകസ്ഥ കൂട്ടായ്മ : ഒക്ടോബർ 15, വ്യാഴാഴ്ച, രാവിലെ 10.00 ന് ആശിർഭവനിൽ

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

**സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നല്കിയവർ (16.5.2026)**

1.ഫീസ്റ്റ് പ്രസിഡന്റ്സ്, സെന്റ് ആന്റണീസ് ചർച്ച് കലൂർ10,000 രൂപ
2.അഡ്വ. ജോസഫ് ചേലക്കാട്ട്, സെന്റ്. പയസ് ചർച്ച് കളമശ്ശേരി 15,000 രൂപ
3.തിരുനാൾ പ്രസുദേന്തിമാർ, സെന്റ്. അഗസ്റ്റിൻസ് ചർച്ച്, മൂലമ്പിള്ളി20,000 രൂപ
4.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് മേരീസ് ചർച്ച്, പുല്ലേപ്പടി10,000 രൂപ
5.തിരുനാൾ പ്രസുദേന്തിമാർ, ആരോഗ്യമാതാ ചർച്ച്, പോണേക്കര10,000 രൂപ
6.തിരുനാൾ പ്രസുദേന്തിമാർ, ആരോഗ്യമാതാ ചർച്ച്, പൊന്നുരുന്നി5,000 രൂപ
7.തിരുനാൾ പ്രസുദേന്തിമാർ, ഹോളി ഫാമിലി ചർച്ച്, പെരുമ്പിള്ളി5,000 രൂപ
8.തിരുനാൾ പ്രസുദേന്തിമാർ, ഔവ്വർ ലേഡി മൗണ്ട് കാർമ്മൽ & സെന്റ് ജോസഫ് വരാപ്പുഴ15,000 രൂപ
9.തിരുനാൾ പ്രസുദേന്തിമാർ, ക്രൂസ് മിലാഗ്രസ് ചർച്ച്, കുരിശിങ്കൽ10,000 രൂപ
10.തിരുനാൾ പ്രസുദേന്തിമാർ,ഔവ്വർ ലേഡി ഓഫ് നേറ്റിവിറ്റി ചർച്ച്,
മുട്ടിനകം25,000 രൂപ
11.ബിന്നി വല്ലാർപാടം2,000 രൂപ
ആകെ 1,27,000 രൂപ

ആർച്ച്ബിഷപ്പ്സ് സ്നേഹഭവനം പദ്ധതിയുടെ ഭാഗമായി 11,24,000 (പതിനൊന്നു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ) 17.09.2026 വ്യാഴാഴ്ച്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് അരമനയിൽ വെച്ച് നടന്ന യോഗത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ അർഹരായ 43 വ്യകതികൾക്ക് കൈമാറി.

**വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ**
**1. സെന്റ് ജോർജ് ചർച്ച്, കർത്തേടം – 50,000**
**2. ആഷ്‌ലി കെറേയ കുറ്റിക്കപറമ്പിൽ, കർത്തേടം – 5000**
**3. മേരി പുതുശ്ശേരി, കർത്തേടം – 5000**
**4. പീറ്റർ റോബർട്ട് നടുവിലവീട്ടിൽ, കർത്തേടം –1000**

CARTOON **DEEPTHI** ***ഒക്ടോബർ 02...*** John Kakkanad



# പള്ളിക്കൊപ്പം പള്ളിക്കൂടം

സുഭാ: 22:3-6



ഡോ. വിൻസെന്റ്
വാര്യത്ത്



കേരള വിദ്യാഭ്യാസ നവോത്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നായി കാണേണ്ടതാണ് 'പള്ളിക്കൊപ്പം പള്ളിക്കൂടം' എന്ന പ്രസ്ഥാനത്തെ. വരാപ്പുഴ അതിരൂപതയുടെ വികാർ അപ്പസ്തോലിക് ആയ ആർച്ചുബിഷപ്പ് ബെർണദിൻ ബെച്ചിനെല്ലി ആണ് ഈ ഒരു പ്രസ്ഥാനത്തിന് ആഹ്വാനം ചെയ്തതും അതിശക്തമായ വിധത്തിൽ അത് നടപ്പിലാക്കിയതും. അന്ന് അദ്ദേഹത്തിന്റെ വികാരി ജനറൽ ആയിരുന്നു വി. ചാവറ കുര്യാക്കോസ്. ഈ ഒരു പ്രസ്ഥാനം ഉണ്ടാക്കിയ ദൂരവ്യാപകമായ സൽഫലങ്ങൾ കേരളം ഇന്നും അനുഭവിക്കുന്നുണ്ട്. കേരളം ഇന്ന് സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനമായി മാറിയിട്ടുണ്ടെങ്കിൽ, കേരളീയരായ പലരും വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് അത്യുജ്ജ്വലമായ സംഭാവനകൾ നൽകുന്നുണ്ടെങ്കിൽ അവർ പഠിച്ചുവളർന്ന പള്ളിക്കൂടങ്ങൾക്ക് അവരിൽ നിർണായകമായ സ്വാധീനം ഉണ്ടാകുമല്ലോ! കേരളത്തിൽ സ്കൂളിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം തന്നെ 'പള്ളിക്കൂടം' ആണെന്നത് പള്ളിക്കൂടം എത്രത്തോളം പള്ളിയുമായി ചേർന്നിരിക്കുന്നു എന്നതിന് സൂചന തരുന്നു.

1857 മീനമാസത്തിലാണ് ആർച്ച് ബിഷപ്പ് ബെർണദിൻ ബെച്ചിനെല്ലി ഇടയലേഖനം ഇറക്കുന്നത്. ആ ഇടയലേഖനത്തിൽ പള്ളിക്കൊപ്പം പള്ളിക്കൂടങ്ങളും വേണമെന്നുള്ളത് ഒരു നിർദ്ദേശം ആയിട്ടല്ല, കൽപ്പന ആയിട്ടാണ് നൽകിയിരിക്കുന്നത്. മാത്രമല്ല കൽപ്പന

പ്രകാരം ആൺകുട്ടികൾക്ക് മാത്രമല്ല പെൺകുട്ടികൾക്കും പള്ളിക്കൂടങ്ങളിൽ സ്ഥാനം ഉണ്ടായിരിക്കണം. നമുക്കിന്നിത് നിസ്സാര കാര്യമായി തോന്നാം. പക്ഷേ അന്ന് അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സവർണ്ണ ജാതിക്കാർക്ക് മാത്രം വിദ്യാഭ്യാസം സംവരണം ചെയ്യപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മൂലം അവർണ്ണ ജാതികളെയും, സ്ത്രീകളെയും മാറ്റിനിർത്തുകയും പെൺകുഞ്ഞുകൾ ശാപമായി കരുതപ്പെടുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ ആണ് ഇങ്ങനെയൊരു കൽപ്പന വരുന്നത്! നമുക്കിന്ന് ഈ മൂലരേഖ അതേ രൂപത്തിൽ ഒന്നു വായിച്ചു നോക്കാം.

സംക്ഷേപ വേദാർത്ഥം *'കുഞ്ഞുങ്ങൾ വെടിപ്പായി പഠിച്ചില്ലെങ്കിൽ ക്രിസ്ത്യാനിക്കടുത്ത വ്യാപാരം ഉണ്ടാവുന്നതല്ലായ്കകൊണ്ട്'* എങ്ങനെ ചെയ്യണം എന്നാണ് കൽപ്പന പറയുന്നത്. ഈ ഇടയലേഖനത്തിൽ, അധ്യാപകർക്ക് ഉണ്ടാകേണ്ട യോഗ്യതകൾ, കുട്ടികൾക്ക് വേണ്ടി നടത്തപ്പെടുന്ന പരീക്ഷക്രമങ്ങൾ, കുട്ടികളുടെ വേദോപദേശപഠനം നടത്തപ്പെടേണ്ട സമയക്രമം എന്നിവയും അവരുടെ പേര് വിവരങ്ങൾ കൃത്യമായി എഴുതി വയ്ക്കുക എന്നുള്ള ക്രമവും ചിട്ടയും, പള്ളിക്കൂടത്തിൽ വരാതിരിക്കുന്നവർക്കും അവരുടെ മാതാപിതാക്കൾക്കും നൽകപ്പെടേണ്ട ശിക്ഷകളും കൃത്യമായി കുട്ടികളെ പഠിപ്പിക്കേണ്ട കാര്യത്തിൽ ഉപേക്ഷ വരുത്തുന്ന വൈദികർക്ക് നൽകപ്പെടേണ്ട ശിക്ഷകളുമെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്! അതിപ്രധാനപ്പട്ട ഈ രേഖ നമ്മുടെ ആർക്കൈവ്സിൽ ഉണ്ട്. 'ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബുദ്ധിമുട്ട് കൂടാതെയും, ഒരു നാഴികയിൽ അധികം നടക്കാതെ ഇരിപ്പാൻ തക്കവണ്ണവും' ആണ് പള്ളിക്കൂടം ഓരോ ഇടവകയിലും സ്ഥാപിക്കേണ്ടത്. 'എല്ലാ ഞായറാഴ്ചകളിലും കടമുള്ള പെരുന്നാളിലും ഉച്ചകഴിഞ്ഞ് ആറു നാഴിക പകൽ മുതൽ രണ്ടര നാഴിക പകൽ വരെയാണ്' സമയം. ഓരോ പള്ളിക്കൂടത്തിലും പഠിപ്പിക്കുന്നതിന് 'അറിവും ക്രമവും അടക്കവും' ഉള്ള ഓരോ ആശാന്മാരെ നിയമിച്ച് വീഴ്ച കൂടാതെ പഠിപ്പിച്ചു കൊള്ളണം എന്നാണ് കല്പന. ബഹുമാനപ്പെട്ട വികാരിമാരും ഇടവക പട്ടക്കാരും പള്ളിക്കൂടങ്ങളിൽ ഈ ദിവസങ്ങളിൽ ചെന്ന് എല്ലാ പൈതങ്ങളും പഠനത്തിൽ മുടക്കം വരുത്തുന്നുണ്ടോ യെന്ന് അന്വേഷിക്കണം! പഠിക്കുന്നത് പരീക്ഷയിലൂടെ ചോദ്യം ചെയ്തുറപ്പാക്കണം!

എത്ര പ്രാധാന്യമാണ് മതപഠനത്തിന് അന്ന് നൽകപ്പെട്ടിരുന്നതെന്ന് നമ്മൾ ഇന്ന് ചിന്തിക്കണം. കേരളത്തിൽ ആദ്യത്തെ സമഗ്രമായ കത്തോലിക്കാ വേദോപദേശ പഠനം ഇങ്ങനെയാണ് ആരംഭിക്കുന്നത്. കേരളത്തിലെ പള്ളിക്കൂടങ്ങളിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ രീതികൾക്കും ശാസ്ത്രീയമായ അടിത്തറയിടപ്പെടുന്നതും ഇങ്ങനെയാണ്. നമ്മൾ വിചിന്തനത്തിന് കൊണ്ടുവരേണ്ട ഒന്നുരണ്ട് വിഷയങ്ങൾ ഉണ്ട്.
ഒന്ന്. തുടക്കക്കാലത്ത് മഹാമിഷണറിമാർ കാണിച്ചിരുന്ന ശുഷ്കാന്തി നമ്മൾ അറിഞ്ഞോ അറിയാതെയോ ഇല്ലാതാക്കിയിട്ടില്ലേ?

രണ്ട്. വിശ്വാസപരിശീലനത്തിനു വേണ്ടി കുഞ്ഞുങ്ങളെ ഒരുക്കാൻ നമുക്ക് വേണ്ടത്ര താല്പര്യം ഉണ്ടോ?

മൂന്ന്. പന്ത്രണ്ടാം വയസ്സിൽ കുഞ്ഞ് ആദ്യകുർബാന സ്വീകരിക്കുന്നതിന് ഒരുക്കം ആയിട്ട് ഏഴു വയസ്സു കഴിഞ്ഞ സമയം മുതൽ അവരെ പരിശീലിപ്പിച്ചു തുടങ്ങണമെന്നത് കൽപ്പന ആയിരുന്നു! അതുപോലെതന്നെ വിവാഹത്തിന് മുമ്പ് നമസ്കാരങ്ങൾ എല്ലാം പഠിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കണമെന്നതും കല്പന ആയിരുന്നു! ഒഴിവുകഴിവുകൾ പാടില്ലായിരുന്നു. ഈ കാര്യങ്ങളൊക്കെ അല്പം വെള്ളം ചേർക്കപ്പെട്ട അവസ്ഥയിലേക്ക് വന്നിട്ടില്ലേ എന്ന് നമ്മൾ ചിന്തിക്കണം!
ഇനി പൊതുപഠനത്തിന്റെ കാര്യം എടുത്തു നോക്കിയാലും കണക്കുകൾ പ്രകാരം കേരളത്തിലെ വിദ്യാഭ്യാസ നിലവാരം വളരെ ഉയർന്നു തന്നെയാണ് നിൽക്കുന്നത്. കേരളത്തിലെ പെൺകുട്ടികളുടെ ഉയർന്ന പഠനത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (Gross Enrolment Ratio) 52.3 ആയിരിക്കുമ്പോൾ ആൺകുട്ടികളിൽ അത് 34.5 ശതമാനം മാത്രമാണ്. അതായത് പെൺകുട്ടികളെക്കാൾ ഏറെ പിന്നിലായി പോകുന്നുണ്ട് ആൺകുട്ടികൾ. പഠനകാര്യത്തിലും കരിയറിന്റെ കാര്യത്തിലും പെൺകുട്ടികൾ നല്ല നിലവാരത്തോടെ പഠിച്ചുയർന്ന് മികച്ച ജോലിയിൽ പ്രവേശിക്കുമ്പോൾ ആൺകുട്ടികൾ താഴ്ന്ന ജോലികൾ ചെയ്യുന്നു. പിന്നീട് കല്യാണക്കാര്യം ആലോചിക്കുമ്പോൾ അനുയോജ്യരായ ആൺകുട്ടികളെ കിട്ടാത്ത അവസ്ഥകൾ പെൺകുട്ടികൾക്ക് ഉണ്ടാവുന്നുണ്ട്. നമ്മുടെ കുട്ടികളൊക്കെ വേണ്ടവിധത്തിൽ പഠിക്കുന്നുണ്ടോയെന്ന് നമ്മൾ ശ്രദ്ധിക്കുന്നുണ്ടോ!

മതപരമായ പഠനങ്ങളുടെയും, ആത്മീയ ശിക്ഷണങ്ങളുടെയും കാര്യത്തിൽ നമ്മൾ അലംഭാവം കാണിക്കരുത്. ഇന്ന് വായിച്ചുകേട്ട സുഭാഷിതങ്ങളുടെ ഭാഗം പറയുന്നപോലെ കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ തന്നെ പഠിപ്പിക്കേണ്ട കാര്യങ്ങൾ പഠിപ്പിച്ചു കൊടുക്കണം. എങ്കിൽ അവർ മുതിർന്നാലും ഒന്നും മറക്കില്ല. നമ്മൾ ഇപ്പോൾ പഠിപ്പിക്കേണ്ടവ പഠിപ്പിക്കാൻ ശ്രദ്ധിക്കുന്നില്ല. എന്നാൽ പഠിച്ചെടുക്കേണ്ടതല്ലാത്ത ഒരുപാട് കാര്യങ്ങൾ കുട്ടികൾ പഠിച്ചെടുക്കുന്നുണ്ട്. ശരിക്കും തലതിരിഞ്ഞു പോകുന്ന രീതികൾ അറിയാതെ വരുന്നില്ലേ? ഈ ചോദ്യങ്ങൾക്കും നമ്മൾ സ്വയം ഉത്തരം കണ്ടെത്തണം. മഹാമിഷനറിമാരുടെ സ്വപ്നങ്ങൾ നമ്മിലൂടെ സാക്ഷാത്കരിക്കപ്പെടുന്നുണ്ടോ?

***ചോദ്യങ്ങൾ***

*വിചിന്തനഭാഗത്തെ ചോദ്യങ്ങൾ തന്നെ ചർച്ചയ്ക്കായി എടുക്കുക.*



ഫാ. ഷാമിൽ ജോസഫ്

പിൻമൊഴി

# വി. കുടിയേറ്റം

*വിദേശത്തേക്ക് കുടിയേറ്റം കൂടിക്കൂടി
വരുന്നെന്ന് കുറെ പേർ പറയുന്നു.
വിദേശത്തുനിന്ന് കുറെ പേർ നമ്മുടെ നാട്ടിലേക്ക് കൂടെ വന്നതും ഒന്നോർക്കാം.
വിദേശത്തുനിന്ന് ഈ ദേശത്ത് വന്ന് ഈ ദേശത്തിന്റെ ഭാഷയ്ക്ക് വ്യാകരണം
നൽകിയ അക്ഷരം നൽകിയ വിശ്വാസം നൽകിയ പള്ളിയും പള്ളിക്കൂടവും
നൽകിയ ആശുപത്രിയും ആതുരസേവനവും നൽകിയ നമ്മെ നാമാക്കാൻ
നാടുവിട്ടറങ്ങിയ വിദേശ മിഷനറിമാർ.
വിദേശത്ത് നിന്ന് വന്നിട്ട് ഈ ദേശത്തു നിന്ന് തിരികെ ഒരിക്കൽപോലും
സ്വദേശത്തേക്ക് പോകാതിരുന്നവർ.
മിഷൻ മാസം; എല്ലാ ദേശങ്ങളും സ്വർഗദേശമാകാൻ
കൂട്ടിവച്ച് സ്നേഹം കൊടുക്കുന്ന വിശുദ്ധ മാസം.
അങ്ങനെയും ചില കുടിയേറ്റങ്ങൾ ഉണ്ട്.
വിശുദ്ധ കുടിയേറ്റങ്ങൾ*



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004





## എളംകുളം ഫാത്തിമ മാതാ ദൈവാലയത്തിൽ

## ഫാത്തിമ നാഥയുടെ

# 77-ാമത് ദർശന തിരുനാൾ

2026 ഒക്ടോബർ 09 മുതൽ 13 വരെ

**നവനാൾ ദിനങ്ങൾ**

**സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 08 വരെ**

**എട്ടാം തിരുനാൾ**

**ഒക്ടോബർ 16,17, 18 തീയതികളിൽ**

**അനുഗ്രഹ ഊട്ടുതിരുനാൾ**

**ഒക്ടോബർ 18ന്**



ഫാ.മാർട്ടിൻ തൈപ്പറമ്പിൽ
വികാരി

ഫാ.റോഷൻ റാഫേൽ
സഹ വികാരി

ജോജോ ജോർജ്ജ് വള്ളുവശ്ശേരി
പ്രസുദേന്തി



അങ്കമാലി യൂദാപുരം
തീർത്ഥാടന ദൈവാലയത്തിൽ
അപ്പോസ്തലനായ
വി. യൂദാ
തദ്ദേവൂസിന്റെ
തിരുനാൾ
മഹാമഹം
ഒക്ടോബർ 25 മുതൽ 29 വരെ
ഊട്ടു
തിരുനാൾ
മഹോത്സവം
2026 ഒക്ടോബർ 29ന്
ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി
( റെക്ടർ & വികാരി )
ഫാ. സുജിത് സ്റ്റാൻലി നടുവിലവീട്ടിൽ
( സഹവികാരി)
ഫാ. മെർട്ടൻ ഡിസിൽവ
( പ്രീസ്റ്റ് ഇൻ ചാർജ് , താബോർ )